# ജീവദീപ്തി

jeevadeepthi@gmail.com

June 2026 Book 06 Volume 16



## വീണ്ടും വിദ്യാക്ഷേത്ര തിരുമുറ്റത്തേക്ക്


ചേരാനെല്ലൂർ
മഞ്ഞുമ്മൽ കവല
സെൻ്റ് ആൻ്റണീസ്
ദൈവാലയത്തിൽ
വിശുദ്ധ അന്തോണീസിന്റെ
തിരുനാൾ
2026 ജൂൺ 11, 12, 13 തിയതികളിൽ
തിരുനാൾ ആശംസകൾ............... ഫാ. രാജീവ് ജോസ് കൈനികാട്ട് (വികാരി )

# ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്



**ഫാ. ആന്റണി റാഫേൽ**
**കൊമരംചാത്ത്**

കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ ചേർന്നെഴുതുന്ന ഒരു തുറന്ന കത്ത്.

നമ്മുടെ നാടിന്റെ ഭരണ സാരഥി എന്ന നിലയിൽ, ഈ മണ്ണിൽ വിയർപ്പൊഴുക്കി ജീവിക്കുന്ന ഓരോ പൗരന്റെയും ആത്മാവിഷ്കാരമാണിത്. വോട്ടവകാശം വിനിയോഗിക്കുന്ന ഓരോ മനുഷ്യന്റെയും ജീവിതത്തിലെ കഷ്ടപ്പാടുകളും സ്വപ്നങ്ങളും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുക എന്നതാണ് ഈ കത്തിന്റെ ലക്ഷ്യം. *ഒരു ജനത തങ്ങളുടെ ഭരണാധികാരിയോട് നടത്തുന്ന ഹൃദയം തുറന്ന സംവാദം എന്ന നിലയിൽ ഇതിനെ അങ്ങ് കാണുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.*

**ഞങ്ങളുടെ സങ്കടങ്ങൾ**

മുഖ്യമന്ത്രി അറിയേണ്ട ഏറ്റവും വലിയ വേദന നമ്മുടെ യുവതലമുറയുടേതാണ്. ഉന്നത വിദ്യാഭ്യാസം നേടിയിട്ടും അർഹമായ ജോലി ലഭിക്കാതെ നിരാശയിലാണ്ട ഒരു വലിയ വിഭാഗം യുവാക്കൾ നമുക്കിടയിലുണ്ട്. മെച്ചപ്പെട്ട വേതനവും അന്തസ്സുള്ള തൊഴിലും തേടി മറുനാടുകളിലേക്ക് പലായനം ചെയ്യുന്ന നമ്മുടെ മക്കളുടെ എണ്ണം ഓരോ വർഷവും വർധിക്കുകയാണ്. സ്വന്തം നാട്ടിൽ സേവനം ചെയ്യാൻ ആഗ്രഹമുണ്ടായിട്ടും സാഹചര്യം അനുവദിക്കാത്തതിനാൽ പ്രവാസം സ്വീകരിക്കേണ്ടി വരുന്നവരുടെ സങ്കടം വിവരണാതീതമാണ്.

മറ്റൊന്ന്, സാധാരണക്കാരന്റെ അടുക്കളയിലെ ആകുലതകളാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പാവപ്പെട്ടവന്റെയും ഇടത്തരക്കാരന്റെയും നടുവൊടിക്കുന്നു. എത്ര അധ്വാനിച്ചാലും മാസാവസാനം കൂട്ടിമുട്ടിക്കാൻ കഴിയാത്ത അവസ്ഥ പല കുടുംബങ്ങളെയും പ്രയാസത്തിലാക്കുന്നു. ഇതിനൊപ്പം ചികിത്സാ ചെലവുകളും വിദ്യാഭ്യാസചെലവുകളും താങ്ങാൻ കഴിയാത്ത ഭാരമായി മാറുന്നു. ആതുരശുശ്രൂഷാ രംഗത്ത് പുരോഗതിയുണ്ടെന്ന് അവകാശപ്പെടുമ്പോഴും, നിർധനരായ രോഗികൾ പലപ്പോഴും വിദഗ്ദ്ധ ചികിത്സ ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാഴ്ച ഇന്നും നമ്മുടെ നാട്ടിൽ കാണാം.

**ഞങ്ങളുടെ പ്രതീക്ഷകൾ**

ഭരണം എന്നാൽ കേവലം ഉത്തരവുകളല്ല, മറിച്ച് ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന ഗുണപരമായ മാറ്റമാണെന്ന് ഞങ്ങൾ കരുതുന്നു. വികസനം എന്ന വാക്കിന് വലിയ പാലങ്ങളും റോഡുകളും എന്നതിലുപരിയായി, സാധാരണക്കാരന് നിർഭയമായി ജീവിക്കാനുള്ള സാഹചര്യം ഒരുക്കുക എന്നൊരു അർത്ഥം കൂടിയുണ്ട്.

നമ്മുടെ പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള സുസ്ഥിരമായ വികസനമാണ് ഞങ്ങൾ സ്വപ്നം കാണുന്നത്. തുടർച്ചയായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ നൽകിയ പാഠം ഉൾക്കൊണ്ട്, ഇനിയൊരു ദുരന്തം ഉണ്ടാകാത്ത രീതിയിലുള്ള മുൻകരുതലുകൾ സർക്കാർ സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. കൃഷിയിലൂന്നിയ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ഉറപ്പാക്കാനും സർക്കാർ മുൻകൈ എടുക്കണം. ഓരോ ഗ്രാമവും സ്വയം പര്യാപ്തമാകണമെന്ന ലക്ഷ്യത്തിലേക്കുള്ള ആധുനികമായ ചുവടുവയ്പുകൾ അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

സാങ്കേതികവിദ്യയുടെ കാലത്ത് ഡിജിറ്റൽ സംവിധാനങ്ങൾ ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ കൂടുതൽ കാര്യക്ഷമമാകണം. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ അർഹമായ ആനുകൂല്യങ്ങൾ ഓരോ പൗരന്റെയും കൈകളിലേക്ക് എത്തണം. അഴിമതിയില്ലാത്ത, സുതാര്യമായ ഒരു ഭരണസംവിധാനമാണ് ഞങ്ങളുടെ ഏറ്റവും വലിയ പ്രതീക്ഷ. നീതി ലഭിക്കാൻ വൈകുന്ന അവസ്ഥ മാറുകയും, സാധാരണക്കാരന് ഏത് കാര്യത്തിനും ഭയമില്ലാതെ സർക്കാരുകളെ സമീപിക്കാൻ സാധിക്കുകയും വേണം.

**അങ്ങയോടുള്ള ഞങ്ങളുടെ അഭ്യർത്ഥന**

ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ജനങ്ങളുടെ പ്രതിനിധി യാണ്. അധികാരത്തിന്റെ ഇടനാഴിക ളിലെ തിരക്കുകൾക്കിടയിലും താഴെത്തട്ടിലുള്ള മനുഷ്യന്റെ വിലാപം കേൾക്കാൻ അങ്ങ് സമയം കണ്ടെത്തണം. ആധുനികതയിലേക്കും ആഗോള വികസനത്തിലേക്കും നാം കുതിക്കു മ്പോഴും, പിന്നോക്കം നിൽക്കുന്നവനും പാർശ്വവൽക്കരിക്കപ്പെട്ടവനും കൈത്താങ്ങാവാൻ അങ്ങയുടെ കരുതൽ ഉണ്ടാവണം.

സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിലും, കുട്ടികൾക്ക് ഉന്നതനിലവാരമുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. ലഹരിയുടെ കരാളഹസ്തങ്ങളിൽ നിന്ന് നമ്മുടെ വരുംതലമുറയെ മോചിപ്പിക്കാൻ വിട്ടുവീഴ്ചയില്ലാത്ത നടപടികൾ അങ്ങ് സ്വീകരിക്കണം.

**ഹൃദയപൂർവ്വം ഈ കത്ത് അങ്ങയുടെ കൈകളിലേക്ക് ഏൽപ്പിക്കുമ്പോൾ, ഇതൊരു ചടങ്ങല്ല മറിച്ച് ലക്ഷക്കണക്കിന് മനുഷ്യരുടെ പ്രാർത്ഥനയാണെന്ന് അങ്ങ് തിരിച്ചറിയുമെന്ന് ഞങ്ങൾ കരുതുന്നു. കരുത്തുള്ള ഒരു ഭരണാധികാരി എന്നതിലുപരി, സാധാരണക്കാരുടെ വേദനയറിയുന്ന ഒരു പിതാവായും സഹോദരനായും അങ്ങ് എന്നും ഞങ്ങളോടൊപ്പം ഉണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.**

വരുംനാളുകളിൽ അങ്ങയുടെ ഓരോ തീരുമാനവും പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്നതാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്...

***വിശ്വസ്തതയോടെ,***
***അങ്ങയുടെ സ്വന്തം ജനങ്ങൾ.***

# ജീവദീപ്തി
JEEVADEEPTHI

June 2026 Vol 16 Book 06



<u>രക്ഷാധികാരി</u>
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

<u>സഹരക്ഷാധികാരി</u>
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

<u>മാനേജിംഗ് എഡിറ്റർ</u>
ഫാ. യേശുദാസ് പഴമ്പിള്ളി

<u>ചീഫ് എഡിറ്റർ</u>
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

<u>സഹപത്രാധിപർ</u>
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

<u>സർക്കുലേഷൻ മാനേജർമാർ</u>
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

<u>രൂപകല്പന</u>
ടാബി ജോർജ്ജ്

<u>ടൈപ്പ് സെറ്റ്</u>
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

<u>ഓഫീസ് മാനേജർ</u>
മാനുവൽ പൊടുത്തോർ

<u>പത്രാധിപസമിതി</u>
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



04







01


*ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്*

*കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ ചേർന്നെഴുതുന്ന ഒരു തുറന്ന കത്ത്.*
*നമ്മുടെ നാടിന്റെ ഭരണ സാരഥി എന്ന*



## പ്രകാശഗോപുരങ്ങൾ തുറക്കപ്പെടുന്നു

പ്രഭാഷകൻ 1,4 ൽ സൂചി
പ്പിച്ചിരിക്കുന്നതുപോലെ എല്ലാത്തിനും
മുമ്പ് സൃഷ്ടിക്കപ്പെട്ട ജ്ഞാനത്തിന്റെ



06

## അസാധ്യമായതിനെ കീഴടക്കിയവർ

വിജയം എന്നത് യാദൃച്ഛികമായി
സംഭവിക്കുന്ന ഒന്നല്ല. അത് വ്യക്തമായ
ലക്ഷ്യബോധത്തി ന്റെയും





## ഇഷ്ടപ്പെട്ടു പഠിക്കാം

സിബിഎസ്ഇ പത്താം ക്ലാസ്സ്
ബോർഡ് പരീക്ഷയിൽ 500 ൽ 500
മാർക്കും നേടി കേരളത്തിന്റെ അഭി

11


സ്കൂളിൽ നല്ല കുട്ടിയാകാൻ....14
'അ' എന്ന അക്ഷരം....16
നാല് പുത്തനച്ചന്മാർ....17
ഉദയംപേരൂർ സൂനഹദോസ് ....20
പുലർവെട്ടം....22
ദൈവഹിതത്തിന്റെ ഒരു കണം ....23
പ്രകൃതിയോടൊപ്പം, നാളേയ്ക്കായി ....24
വിത്തിൽനിന്ന് വിജയത്തിലേക്ക്....25
പ്രത്യാശയുടെ പ്രകാശം....27
ജലമിളകും നേരം....29
ദിവ്യകാരുണ്യ പ്രബോധനം....31
ചരിത്ര വിളക്ക് ....33
വാർത്തകൾ....36
ബൈബിൾ വിചിന്തനം....38
പിൻമൊഴി....40

# പ്രകാശഗോപുരങ്ങൾ തുറക്കപ്പെടുന്നു



**അഡ്വ. ആൻസലം**
Retd. A.E.O Ernakulam



*"ജ്ഞാനമാണ് എല്ലാറ്റിനും മുമ്പു സൃഷ്ടിക്കപ്പെട്ടത്; വിവേകപൂർണ്ണമായ അറിവ് അനാദിയാണ്." (പ്രഭാഷകൻ 1, 4)*

അനാദിയായ അറിവിന്റെ ആത്മാവ് കുടികൊള്ളുന്നയിടമാണ് ഓരോ വിദ്യാലയവും. ഒരു സമൂഹത്തിലെ മനുഷ്യരാശിയുടെ സ്വച്ഛന്ദവും സ്ഥായിയുമായ നിലനിൽപിന് ആവശ്യമായ മൂല്യങ്ങളെ ഊട്ടിയുറപ്പിക്കുന്ന സാമൂഹിക സ്ഥാപനങ്ങളിൽ പ്രഥമ സ്ഥാനം വഹിക്കുന്നത് വിദ്യാലയങ്ങളാണ്.

ജൂൺമാസം വിദ്യാലയ വർഷാരംഭത്തിൽ ഓരോ കുഞ്ഞുമക്കളുടെയും കൈകളിൽ എത്തിച്ചേരുന്ന പുതുമണം മാറാത്ത പാഠപുസ്തകങ്ങളിലെ ജീവനില്ലാത്ത അക്ഷരങ്ങൾ ചേർന്നുള്ള വാക്കുകൾക്കും വാക്കുകൾ ചേർന്നുള്ള വാചകങ്ങൾക്കും ജീവൻ കൊടുത്ത് ഗുണമേന്മയുള്ള സമൂഹസൃഷ്ടിക്ക് നേതൃത്വം കൊടുക്കുന്നത് സോഷ്യൽ എഞ്ചിനീയർമാരായ അധ്യാപക സമൂഹമാണ്. സാഹിത്യമായാലും ശാസ്ത്രമായാലും ഗണിതമായാലും അവയിൽ അന്തർലീനമായിരിക്കുന്ന

മൂല്യങ്ങളായ സ്നേഹം, കരുണ, അനുകമ്പ, വിവേകം എന്നിവ തനിക്ക് മുമ്പിലിരിക്കുന്ന തെളിഞ്ഞ സ്ലേറ്റ്പോലെ ശൂന്യവും ശുദ്ധവും നിഷ്കളങ്കവുമായ കുഞ്ഞുമനസ്സുകളിലെ 'മനഃസാക്ഷി' എന്ന സ്ലേറ്റിലേക്ക് ഒരിക്കലും മായാത്തവിധം പതിപ്പിച്ച് അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും ജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് നയിക്കുന്ന അധ്യാപക സമൂഹത്തിന്റെ പ്രവർത്തന കേന്ദ്രമാണ് ഓരോ വിദ്യാലയവും. **ഒരു വിദ്യാലയം അടയ്ക്കപ്പെട്ടാൽ പകരം തുറക്കപ്പെടുന്നത് ഒരു ജയിലായിരിക്കും. നമുക്കു വേണ്ടത് ജയിലുകളല്ല വിദ്യാലയങ്ങളാണ്.**

പ്രഭാഷകൻ 1,4 ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ എല്ലാത്തിനും മുമ്പ് സൃഷ്ടിക്കപ്പെട്ട ജ്ഞാനത്തിന്റെ സ്രഷ്ടാവായ അവന്റെ വിരൽത്തുമ്പിൽ പിടിച്ച് അവനോട് ചേർന്ന് നിന്ന് പുതുതലമുറയെ മുന്നോട്ട് നയിക്കേണ്ടതുണ്ട്. തള്ളക്കോഴിയുടെ ചിറകിനടിയിൽ സുരക്ഷിതമായി ഒളിപ്പിച്ചിരിക്കുന്ന കുഞ്ഞുങ്ങൾ വളർച്ചയുടെ സ്വാഭാവികതയിൽ എപ്പോഴോ സാവധാനത്തിൽ പുറത്തേക്ക് വരുമ്പോൾ, കൂർത്തു വളഞ്ഞ കൊക്കുകളും മൂർച്ചയേറിയ നഖങ്ങളുമായി റാഞ്ചാൻ തക്കം പാർത്തിരിക്കുന്ന കഴുകന്മാരെപ്പോലെ ആധുനിക സമൂഹത്തിലെ നവമാധ്യമങ്ങളും സാമൂഹിക മീഡിയയുംരാസലഹരികളുടെ വ്യാപാരികളും വളരെ സുന്ദരമായ മുഖങ്ങളുമായി പുതിയ തലമുറയെ അധാർമ്മികതയുടെ കാണാക്കയത്തിലേക്ക് ആകർഷിച്ച് അവരുടെ പ്രകാശം കെടുത്തുന്ന അന്തരീക്ഷം സംജാതമായിരിക്കുന്ന കാലത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

നോട്ടുപുസ്തകത്തിൽ ആകാശം കാണിക്കാതെ ഒളിപ്പിച്ചു വച്ചിരിക്കുന്ന ഒരു മയിൽപ്പീലിത്തണ്ട് പ്രസവിക്കുമെന്ന് പ്രതീക്ഷയോടെ സ്വപ്നം കണ്ടിരുന്ന കഴിഞ്ഞുപോയ കുട്ടിക്കാലത്തിന്റെ നന്മകളൊക്കെ എപ്പഴോ അപ്രത്യക്ഷമായിരിക്കുന്നു. കൂട്ടംകൂടി കഥ പറഞ്ഞ്, മാവിലെറിഞ്ഞ്, മഴക്കാലത്ത് തൊടിയിൽ തങ്ങി നിൽക്കുന്ന വെള്ളത്തിൽ പടക്കം പൊട്ടിച്ച് പാടവരമ്പത്തൂടെ തലയിൽ ചേമ്പില ചൂടി വിദ്യാലയത്തിലേക്ക് നീങ്ങുന്ന ചങ്ങാതിക്കൂട്ടങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. ഉച്ചയ്ക്ക് ഇടവേളയിൽ അധ്യാപകർ വിളമ്പിത്തരുന്ന നുറുക്കുഗോതമ്പിന്റെ ഉപ്പുമാവ് ക്ലാസ് റൂമിന്റെ വരാന്തയിലിരുന്ന് പങ്കുവച്ച് കഴിക്കുന്ന ചിത്രങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. ഇത്തരം അവസരങ്ങളിൽ കുഞ്ഞുമനസ്സുകളിൽ ഉണ്ടാകുന്ന കൊച്ചുകൊച്ചു സന്തോഷങ്ങൾ ഓരോ കുട്ടിയെയും വലിയ സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ചിരുന്നു.

*വിജ്ഞാനം വിരൽതുമ്പിൽ സാധ്യമാക്കുന്ന സ്മാർട്ട്ഫോണുകളും ഗൂഗിളും സ്മാർട്ട് ക്ലാസ്സ് റൂമുകളും ഇന്റർനെറ്റ് ചിലന്തിവലകളും പുതിയ തലമുറയെ വല്ലാതെ ആകർഷണവലയത്തിലാക്കിയിരിക്കുന്നു. ചിലർ ഈ ചിലന്തിവലകളിൽ ഒരിക്കലും രക്ഷപ്പെടാൻ പറ്റാത്ത വിധത്തിൽ കുടുങ്ങി പിടഞ്ഞ് ജീവൻ നഷ്ടപ്പെടുത്തുന്നു. തിന്മയുടെ മുഖം വളരെ ആകർഷണീയവും ഒരിക്കലും രക്ഷപ്പെടാൻ പറ്റാത്ത അപകടത്തിലേക്ക് നയിക്കുന്നതുമാണ്. നന്മതിന്മകളെ തിരിച്ചറിയാനുള്ള യഥാർത്ഥ ജ്ഞാനത്തിന്റെ സ്രഷ്ടാവായ അവന്റെ കൂടെ ഈ അധ്യനവർഷം മുന്നോട്ട് നടക്കാം.* തനിക്ക് ചുറ്റുപാടുമുള്ള തിന്മയുടെ അന്ധകാരത്തെ മാറ്റുന്ന പ്രകാശമാകുന്ന ജ്ഞാനം ഉൾക്കൊണ്ടുകൊണ്ട്, കാറ്റിലും കോളിലും അടിപതറാതെ ആത്യന്തികമായ ലക്ഷ്യത്തിലേക്ക് നീങ്ങുന്നതിനുള്ള ഉൾക്കരുത്തിനായി ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് വിദ്യാലയമാകുന്ന പ്രകാശഗോപുരത്തിന്റെ പ്രവേശന കവാടം ലക്ഷ്യമാക്കി നടക്കാം.

## ചിന്താകവിത; കവിതാ ചിന്ത

***മാറിപ്പോകും, തെറ്റിദ്ധാരണ!***

കരിച്ചട്ടി കരിപിടിച്ച പോലുള്ള മുഖവുവായി റഹേലമ്മ, ഭർത്താവിനോട് രോഷാകുലയായി മുരണ്ടു:

എടോ, മനിഷേനേ, നിങ്ങക്കു
വല്ല മരിയാദീമൊണ്ടാ?
ഞാനീ അടുക്കളേക്കെടന്ന്
പണിയെടുത്തു പണിയെ
ടുത്ത് ഒരു കോലമായി.
ഒരു കൈ സഹായത്തിന്
തന്നെ കിട്ടുന്നൊണ്ടാ?
ഈ കരീം പൊകേം കൊണ്ട്
എന്റെ പഴേ ചെമ്മാന്ത്രം
ആകെ പോയിരിക്കണ്.
ഇപ്പ് എന്നെ കണ്ടാ
ഇവിടത്തെ ഗൃഹനാഥയാ
ണെന്ന് ആരെങ്കിലും വിജാരി
ക്കുമോ? അടുക്കളപ്പണിക്കു
നിക്കണ വേലക്കാരത്തിയാ
ണെന്നല്ലേ, കാണുന്നവര്
വിജാരിക്കുവൊള്ള്!

നിതാന്ത ക്ഷമയുടെ ആൾരൂപം പോലെ ചാരുകസേരയിലിരുന്ന ഭർത്താവ് പീലിപ്പോച്ചൻ പ്രത്യുത്തരിച്ചു:
നീയിവിടത്തെ വേലക്കാരിയാ
ണെന്ന് ആരെങ്കിലും കരുതു
കയോ സംശയിക്കുകയോ
ചെയ്തെന്ന് വയ്ക്ക്. അപ്പ് നീ
അവർക്ക് ഒരു കട്ടൻചായ
അനത്തി കൊടുക്കണം.
അതവർ ഒരു മുറുക്ക് കുടിച്ചു
നോക്കുമ്പത്തന്നെ
മനസിലായിക്കോളും,
അടുക്കളയുമായി നെനക്ക്
പുലബന്ധം പോലുമില്ലെന്ന്!

എന്നാറേ,
ഒരു നഗ്നസത്യം കേട്ട
റാഹേലമ്മ അടുക്കളയിലേക്ക്
വലിയുകയുണ്ടായി.

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# തലമുറകൾക്ക് പ്രചോദനമാകുന്ന 10 ഇതിഹാസ ജീവിതങ്ങൾ



**ഫാ. ജോബ് കുണ്ടോണി**

*വിജയം എന്നത് യാദൃച്ഛികമായി സംഭവിക്കുന്ന ഒന്നല്ല. അത് വ്യക്തമായ ലക്ഷ്യബോധത്തിന്റെയും കഠിനാധ്വാനത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടവീര്യത്തിന്റെയും പരിസമാപ്തിയാണ്. ലോകചരിത്രം പരിശോധിച്ചാൽ, അവിടെ തങ്കലിപികളാൽ എഴുതപ്പെട്ട പേരുകളെല്ലാം ജനിച്ചപ്പോഴേ വിജയികളായവരുടേതല്ല. മറിച്ച്, ദാരിദ്ര്യത്തോടും ലിംഗവിവേചനത്തോടും ശാരീരികമായ വെല്ലുവിളികളോടും പൊരുതി ജയിച്ചവരുടേതാണ്. സ്വന്തം വിയർപ്പിലൂടെയും അചഞ്ചലമായ ആത്മവിശ്വാസത്തിലൂടെയും പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിയ ഈ പത്ത് വ്യക്തികൾ പുതിയ തലമുറയ്ക്ക് എന്നും വലിയൊരു പാഠപുസ്തകമാണ്.*



## നിശ്ചയദാർഢ്യത്തിന്റെ മഹാപുരുഷന്മാർ

### 1. എ.പി.ജെ. അബ്ദുൽ കലാം

രാമേശ്വരത്തെ കടൽത്തീരത്ത് പത്രം വിറ്റു നടന്ന ഒരു ബാലൻ ഇന്ത്യയുടെ പ്രഥമ പൗരനായി മാറിയ കഥ ഏതൊരു ഇന്ത്യക്കാരനെയും ആവേശം കൊള്ളിക്കുന്നതാണ്. ശാസ്ത്ര സാങ്കേതിക വിദ്യയിൽ ഇന്ത്യയെ ലോകത്തിന്റെ നെറുകയിലെത്തിച്ച അദ്ദേഹം, പരാജയങ്ങളിൽ തളരാതെ എങ്ങനെ മുന്നേറാം എന്ന് തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്നു.

പരാജയങ്ങളെ എങ്ങനെ നേരിടണം എന്നതിന് കലാം നൽകിയ മാതൃക സമാനതകളില്ലാത്തതാണ്. 1979-ൽ എസ്.എൽ.വി-3 വിക്ഷേപണം പരാജയപ്പെട്ടപ്പോൾ അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത അദ്ദേഹം, പിന്നീട് വിജയം കൈവരിച്ചപ്പോൾ ആ ക്രെഡിറ്റ് തന്റെ ടീമിന് നൽകി. അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും യുവാക്കളുമായി സംവദിക്കാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

സാങ്കേതികവിദ്യയുടെ വളർച്ച മാത്രമല്ല, മനുഷ്യത്വവും മൂല്യങ്ങളുമാണ് ഒരു രാജ്യത്തിന്റെ യഥാർത്ഥ സമ്പത്തെന്ന് അദ്ദേഹം വിശ്വസിച്ചു. അന്ത്യനിമിഷം വരെ ഒരു അധ്യാപകനായി തുടരാൻ ആഗ്രഹിച്ച അദ്ദേഹം, കഠിനാധ്വാനത്തോടൊപ്പം വിനയവും കാത്തുസൂക്ഷിക്കണമെന്ന് പുതിയ തലമുറയെ ഓർമ്മിപ്പിക്കുന്നു. **'ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, നിങ്ങളെ ഉറങ്ങാൻ അനുവദിക്കാത്തതാണ് യഥാർത്ഥ സ്വപ്നം'** എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇന്നും



ദശലക്ഷക്കണക്കിന് യുവാക്കളുടെ മന്ത്രമാണ്.

## 2. അബ്രഹാം ലിങ്കൺ

.

പരാജയങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെ ലിങ്കന്റെ ജീവിതത്തിലുണ്ട്. ബിസിനസ്സിലെ തകർച്ച, പ്രിയപ്പെട്ടവരുടെ മരണം, തിരഞ്ഞെടുപ്പുകളിലെ തുടർച്ചയായ പരാജയങ്ങൾ. പക്ഷേ അദ്ദേഹം ഒന്നിനു മുന്നിലും മുട്ടുമടക്കിയില്ല. അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡന്റായ അദ്ദേഹം അടിമത്തം നിരോധിച്ചുകൊണ്ട് ചരിത്രം തിരുത്തിക്കുറിച്ചു.

ലിങ്കന്റെ ജീവിതം സഹനത്തിന്റെ ഒരു പാഠപുസ്തകമാണ്. ദാരിദ്ര്യം കാരണം ഔദ്യോഗിക വിദ്യാഭ്യാസം തടസ്സപ്പെട്ടെങ്കിലും, കിലോമീറ്ററുകൾ നടന്ന് പുസ്തകങ്ങൾ കടം വാങ്ങി വായിച്ചാണ് അദ്ദേഹം അറിവ് നേടിയത്. സ്വയം പഠിച്ചെടുത്ത അഭിഭാഷകവൃത്തി അദ്ദേഹത്തിന് നീതിക്കുവേണ്ടി പോരാടാനുള്ള കരുത്തുനൽകി.

അമേരിക്കൻ ആഭ്യന്തരയുദ്ധത്തിന്റെ കഠിനമായ കാലഘട്ടത്തിൽ രാജ്യം വിഘടിച്ചു നിൽക്കാതെ ഒരുമിച്ച് നിർത്താൻ അദ്ദേഹം കാണിച്ച രാഷ്ട്രീയ തന്ത്രജ്ഞത ശ്രദ്ധേയമാണ്. ജനാധിപത്യം എന്നാൽ 'ജനങ്ങളാൽ, ജനങ്ങൾക്കുവേണ്ടി, ജനങ്ങളുടെ ഭരണം' എന്ന അദ്ദേഹത്തിന്റെ വചനം ഇന്നും ലോകമെമ്പാടും പ്രകീർത്തിക്കപ്പെടുന്നു. പ്രതിസന്ധികൾ ഒരു മനുഷ്യനെ തകർക്കാനല്ല, മറിച്ച് വാർത്തെടുക്കാനാണ് എന്ന് ലിങ്കന്റെ ജീവിതം പഠിപ്പിക്കുന്നു.

## 3. സ്റ്റീവ് ജോബ്സ്

താൻ തന്നെ കെട്ടിപ്പടുത്ത കമ്പനിയിൽ നിന്ന് പുറത്താക്കപ്പെടുക എന്നതിനേക്കാൾ വലിയൊരു തിരിച്ചടി ഒരു സംരംഭകന് നേരിടാനുണ്ടാകില്ല. എന്നാൽ സ്റ്റീവ് ജോബ്സ് എന്ന പ്രതിഭ അവിടെ അവസാനിച്ചില്ല. കൂടുതൽ കരുത്തോടെ തിരിച്ചുവന്ന അദ്ദേഹം ആപ്പിളിനെ ലോകത്തെ ഏറ്റവും മൂല്യമുള്ള കമ്പനിയാക്കി മാറ്റി.

ജോബ്സിന്റെ ജീവിതത്തിലെ ഏറ്റവും വലിയ പ്രത്യേകത അദ്ദേഹത്തിന്റെ വീക്ഷണമാണ് (Vision). വെറുമൊരു ഫോണോ, കമ്പ്യൂട്ടറോ നിർമ്മിക്കുന്നതിന് പകരം, മനുഷ്യന്റെ ജീവിതരീതിയെ തന്നെ മാറ്റുന്ന ഡിസൈനുകൾ അദ്ദേഹം വിഭാവനം ചെയ്തു. പരാജയങ്ങളെ പുതിയ കാര്യങ്ങൾ പഠിക്കാനുള്ള അവസരമായാണ് അദ്ദേഹം കണ്ടത്.

'വിശപ്പുള്ളവരായിരിക്കുക, വിഡ്ഢികളായിരിക്കുക' (Stay



Hungry, Stay Foolish) എന്ന അദ്ദേഹത്തിന്റെ ആഹ്വാനം ലോകമെമ്പാടുമുള്ള സംരംഭകർക്ക് ഇന്നും പ്രചോദനമാണ്. മരണം മുന്നിൽ കണ്ടപ്പോഴും തന്റെ ജോലിയിൽ ആവേശം കണ്ടെത്തിയ അദ്ദേഹം, സമയം പരിമിതമാണെന്നും അത് മറ്റൊരാളുടെ ജീവിതം ജീവിക്കാനായി പാഴാക്കരുതെന്നും നമ്മെ പഠിപ്പിച്ചു.

## 4. നെൽസൺ മണ്ടേല

വർണ്ണവിവേചനത്തിനെതിരെയുള്ള പോരാട്ടത്തിനിടയിൽ തന്റെ ജീവിതത്തിലെ ഏറ്റവും നല്ല 27 വർഷങ്ങളാണ് അദ്ദേഹം ജയിലറയ്ക്കുള്ളിൽ ചെലവഴിച്ചത്. ജയിൽ മോചിതനായ ശേഷം തന്നെ പീഡിപ്പിച്ചവരോട് പ്രതികാരം ചെയ്യുന്നതിന് പകരം സമാധാനത്തിന്റെയും ഒരുമയുടെയും പാത അദ്ദേഹം



സ്വീകരിച്ചു.
ജയിലിലെ ഏകാന്തവാസം അദ്ദേഹത്തിന്റെ മനസ്സിനെ തളർത്തുന്നതിന് പകരം കൂടുതൽ കരുത്തനാക്കുകയാണ് ചെയ്തത്. ശത്രുവിനെ സ്നേഹം കൊണ്ട് കീഴടക്കാം എന്ന് അദ്ദേഹം വിശ്വസിച്ചു. അധികാരം ലഭിച്ചപ്പോൾ പ്രതികാരം ചെയ്യുന്നതിന് പകരം ദക്ഷിണാഫ്രിക്കയിലെ വെളുത്ത വർഗ്ഗക്കാരെയും കറുത്ത വർഗ്ഗക്കാരെയും ഒന്നിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

വിദ്യാഭ്യാസമാണ് ലോകത്തെ മാറ്റാൻ ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. വർണ്ണവിവേചനത്തിന്റെ മതിലുകൾ തകർത്ത മണ്ടേല, സഹിഷ്ണുതയും ക്ഷമയും ഏതൊരു പോരാളിക്കും വേണ്ട അനിവാര്യമായ ഗുണങ്ങളാണെന്ന് ലോകത്തിന് കാണിച്ചുകൊടുത്തു. ലോകത്തിന് മുന്നിൽ മാപ്പിന്റെയും



സഹിഷ്ണുതയുടെയും പുതിയ മുഖമായി അദ്ദേഹം മാറി.

### 5. ക്രിസ്റ്റ്യാനോ റൊണാൾഡോ

കഴിവുണ്ടായിട്ടും പരാജയപ്പെടുന്നവർക്കിടയിൽ,കഠിനാധ്വാനം കൊണ്ട് ലോകം കീഴടക്കിയവനാണ് റൊണാൾഡോ. ഹൃദയസംബന്ധമായ അസുഖത്തെയും ദാരിദ്ര്യത്തെയും അതിജീവിച്ചാണ് അദ്ദേഹം ഫുട്ബോളിന്റെ ലോകത്തേക്ക് വന്നത്. ഇന്നും അദ്ദേഹം കൗമാരക്കാരെ വെല്ലുന്ന ശാരീരികക്ഷമത നിലനിർത്തുന്നു.

റൊണാൾഡോയുടെ ജീവിതം കൃത്യനിഷ്ഠയുടെ ഉത്തമ ഉദാഹരണമാണ്. ടീമിലെ മറ്റെല്ലാവരും എത്തുന്നതിന് മുൻപേ പരിശീലന ഗ്രൗണ്ടിലെത്തുകയും എല്ലാവരും പോയിക്കഴിഞ്ഞും പരിശീലനം തുടരുകയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ വിജയരഹസ്യം. പണമോ പ്രശസ്തിയോ അദ്ദേഹത്തിന്റെ കഠിനാധ്വാനത്തെ കുറയ്ക്കുന്നില്ല.

തന്റെ ശരീരത്തെ ഒരു ദേവാലയം പോലെ അദ്ദേഹം പരിഗണിക്കുന്നു. ഹാനികരമായ പാനീയങ്ങളെക്കാൾ വെള്ളത്തിന് പ്രാധാന്യം നൽകുന്ന അദ്ദേഹത്തിന്റെ ജീവിതശൈലി കായികതാരങ്ങൾക്ക് വലിയൊരു മാതൃകയാണ്. ഓരോ മത്സരത്തെയും തന്റെ ആദ്യത്തെ മത്സരം എന്നതുപോലെ ഗൗരവത്തോടെ സമീപിക്കാനുള്ള മനസ്സ് അദ്ദേഹത്തെ വേറിട്ടുനിർത്തുന്നു.

## പ്രതിബന്ധങ്ങളെ തകർത്ത പെൺകരുത്ത്: 5 ധീരവനിതകൾ



### 1. മാരി ക്യൂറി

സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ട കാലത്താണ് മാരി

ക്യൂറി ശാസ്ത്ര ഗവേഷണത്തിലേക്ക് തിരിഞ്ഞത്. രണ്ട് വ്യത്യസ്ത മേഖലകളിൽ നോബൽ സമ്മാനം നേടിയ ഏക വ്യക്തി എന്ന ബഹുമതി അവരുടെ കഠിനാധ്വാനത്തിനുള്ള അംഗീകാരമാണ്.

മാരി ക്യൂറിയുടെ ഗവേഷണങ്ങൾ ലാഭേച്ഛയില്ലാത്തതായിരുന്നു. തന്റെ കണ്ടെത്തലുകൾക്ക് പേറ്റന്റ് എടുത്ത് വലിയ സമ്പത്തുണ്ടാക്കാമായിരുന്നിട്ടും, ശാസ്ത്രം ലോകനന്മയ്ക്കുള്ളതാണെന്ന് കരുതി അവൾ അത് പൊതു സമൂഹത്തിനായി സമർപ്പിച്ചു. റേഡിയത്തിന്റെ ഉപയോഗം കാൻസർ ചികിത്സയിൽ വിപ്ലവം സൃഷ്ടിച്ചു.

വിശപ്പും തണുപ്പും സഹിച്ച് ലബോറട്ടറികളിൽ ചെലവഴിച്ച രാത്രികളാണ് ശാസ്ത്ര ചരിത്രത്തിലെ ഏറ്റവും വലിയ കണ്ടുപിടിത്തങ്ങളിലേക്ക് അവരെ നയിച്ചത്. വിവേചനങ്ങളെ ബുദ്ധികൊണ്ടും കഠിനാധ്വാനം കൊണ്ടും നേരിട്ട മാരി ക്യൂറി, സ്ത്രീകൾക്ക് ശാസ്ത്രരംഗത്തേക്ക് കടന്നുവരാൻ വലിയൊരു പ്രചോദനമായി.

## 2. ഓപ്ര വിൻഫ്രി

പീഡനങ്ങളും ദാരിദ്ര്യവും വിവേചനവും നിറഞ്ഞ ഒരു ബാല്യത്തിൽ നിന്ന് ലോകത്തെ ഏറ്റവും സ്വാധീനമുള്ള മാധ്യമപ്രവർത്തകയായി ഓപ്ര വളർന്നു. തന്റെ കരിയറിന്റെ തുടക്കത്തിൽ 'ടെലിവിഷന് ചേരാത്ത രൂപം' എന്ന് പറഞ്ഞ് പലരും അവരെ തള്ളിക്കളഞ്ഞിട്ടുണ്ട്.

എന്നാൽ ആ തഴയലുകളെല്ലാം തന്റെ സ്വത്വം കെട്ടിപ്പടുക്കാനുള്ള കല്ലുകളായി അവർ മാറ്റി. മറ്റുള്ളവരുടെ സങ്കടങ്ങൾ കേൾക്കാനും അവരുമായി സംവദിക്കാനുമുള്ള അവരുടെ കഴിവ് ലോകമെമ്പാടുമുള്ള



ദശലക്ഷക്കണക്കിന് ആളുകളെ ആകർഷിച്ചു. ഒരാളുടെ പശ്ചാത്തലമല്ല, മറിച്ച് അയാളുടെ കഠിനാധ്വാനമാണ് അയാളുടെ ഭാവി നിശ്ചയിക്കുന്നത്.

ലോകത്തിലെ ഏറ്റവും വലിയ മനുഷ്യസ്നേഹികളിൽ ഒരാളായ ഓപ്ര, വിദ്യാഭ്യാസത്തിനും പെൺകുട്ടികളുടെ ഉന്നമനത്തിനുമായി തന്റെ സമ്പത്തിന്റെ വലിയൊരു ഭാഗം ചെലവഴിക്കുന്നു. സ്വന്തം ഭൂതകാലം എത്ര മോശമായാലും കഠിനാധ്വാനത്തിലൂടെ മഹത്തായ ഒരു ഭാവി കെട്ടിപ്പടുക്കാം എന്ന് അവർ ലോകത്തെ ഓർമ്മിപ്പിക്കുന്നു.

## 3. മലാല യൂസഫ്സായ്

തോക്കിൻ മുനയിൽ നിശബ്ദമാക്കാൻ ശ്രമിച്ച ഒരു ശബ്ദമായിരുന്നു മലാലയുടേത്. പെൺകുട്ടികളുടെ




വിദ്യാഭ്യാസത്തിനായി ശബ്ദമുയർത്തിയതിന് ഭീകരരുടെ വെടിയുണ്ടകളെ നേരിടേണ്ടി വന്ന അവൾ, മരണത്തെ തോൽപ്പിച്ച് ലോകത്തിന്റെ ശബ്ദമായി മാറി. ധൈര്യത്തിന് പ്രായമില്ലെന്ന് മലാല തെളിയിച്ചു.

തന്റെ നേട്ടങ്ങളെ പ്രശസ്തിക്കുവേണ്ടിയല്ല, മറിച്ച് മാറ്റത്തിനുവേണ്ടിയാണ് മലാല ഉപയോഗിക്കുന്നത്. 'മലാല ഫണ്ട്' എന്ന സംഘടനയിലൂടെ ലോകമെമ്പാടുമുള്ള പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കാൻ അവൾ പരിശ്രമിക്കുന്നു. ഭയത്തിന് മുന്നിൽ കീഴടങ്ങാത്ത മനസ്സിന് മാത്രമേ ലോകത്തെ മാറ്റാൻ കഴിയൂ എന്ന് അവൾ തെളിയിച്ചു.

ഐക്യരാഷ്ട്രസഭയിൽ പ്രസംഗിക്കുമ്പോൾ തന്റെ ശബ്ദം ഉയർത്തിയത് തനിക്ക് വേണ്ടിയല്ല, മറിച്ച് ശബ്ദമില്ലാത്ത ദശലക്ഷക്കണക്കിന് കുട്ടികൾക്ക് വേണ്ടിയാണെന്ന് അവൾ പറഞ്ഞു.



പ്രതിസന്ധികൾക്ക് മുന്നിൽ പതറാതെ നിൽക്കുന്ന യുവത്വത്തിന്റെ കരുത്താണ് മലാല.

---

**4. മേരി കോം**

---

.

മണിപ്പൂരിലെ വയലുകളിൽ പണിയെടുത്തു വളർന്ന ഒരു പെൺകുട്ടി ലോക ബോക്സിംഗ് വേദിയിൽ ഇന്ത്യയുടെ പതാക ഉയർത്തിയത് നിസ്സാരമായ നേട്ടമല്ല. കായികരംഗത്ത് പ്രായം ഒരു തടസ്സമല്ലെന്ന് മേരി കോം തെളിയിച്ചു.

ഒളിമ്പിക്സ് മെഡൽ നേടുക എന്ന തന്റെ സ്വപ്നത്തിനായി കഠിനമായ പരിശീലനമുറകളിലൂടെ കടന്നുപോയ അവർ, വടക്കുകിഴക്കൻ ഇന്ത്യയിലെ പെൺകുട്ടികൾക്ക് വലിയൊരു സ്വപ്നം കാണാനുള്ള ധൈര്യം നൽകി. വിവാഹശേഷവും കുട്ടികൾ ഉണ്ടായശേഷവും കഠിനമായ കായികരംഗത്ത് അവർ വിജയം തുടർന്നു.

സ്വന്തം ഗ്രാമത്തിൽ ബോക്സിംഗ് അക്കാദമി സ്ഥാപിച്ച് പുതിയ താരങ്ങളെ വളർത്തുന്നതിലും അവർ ശ്രദ്ധിക്കുന്നു. അച്ചടക്കവും ലക്ഷ്യബോധവും ഉണ്ടെങ്കിൽ കുടുംബജീവിതവും കരിയറും ഒന്നുപോലെ വിജയകരമായി മുന്നോട്ട് കൊണ്ടുപോകാം എന്ന് അവർ തെളിയിച്ചു. പ്രതിബന്ധങ്ങൾ മനസ്സിനാണ്, ശരീരത്തിനല്ല എന്ന് അവർ ലോകത്തിന് കാണിച്ചുകൊടുത്തു.

---

**5. ജെ.കെ. റോളിംഗ്**

---

ഭർത്താവുമായി വേർപിരിഞ്ഞ്, കൈക്കുഞ്ഞുമായി സർക്കാർ സഹായത്തിൽ ജീവിച്ചിരുന്ന ഒരു സ്ത്രീയിൽ നിന്ന് ലോകം കണ്ട ഏറ്റവും വലിയ എഴുത്തുകാരിയിലേക്കുള്ള റോളിംഗിന്റെ ദൂരം കഠിനമായിരുന്നു. തന്റെ ഹാരി പോട്ടർ എന്ന നോവൽ 12 പ്രസാധകർ തള്ളിക്കളഞ്ഞപ്പോഴും അവർ പിന്മാറിയില്ല.

റോളിംഗിന്റെ കഥ പ്രതീക്ഷയുടെ പ്രകാശമാണ്. പരാജയപ്പെട്ട ഒരു വ്യക്തിയായി താൻ സ്വയം കരുതിയിരുന്ന കാലത്താണ് അവർ ഹാരി പോട്ടർ എന്ന മാന്ത്രിക ലോകത്തിന് ജന്മം നൽകിയത്. ആ ഭാവന പിന്നീട് ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് വായനക്കാരെ സ്വാധീനിച്ചു.

തന്റെ സമ്പന്നതയിലും ലാളിത്യം കൈവിടാത്ത അവർ, നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാണ്. ഒരു കഥയ്ക്ക് എങ്ങനെ ലോകത്തെ മാറ്റിമറിക്കാൻ കഴിയുമെന്ന് റോളിംഗ് തെളിയിച്ചു. ആഗ്രഹിക്കുന്ന കാര്യത്തിനായി ക്ഷമയോടെ കാത്തിരിക്കാനും പരിശ്രമിക്കാനും അവർ നമ്മെ പഠിപ്പിക്കുന്നു.



***ഈ പത്തുപേരുടെയും ജീവിതം പരിശോധിച്ചാൽ നമുക്ക് ഒരു കാര്യം വ്യക്തമാകും. വിജയം എന്നത് ഭാഗ്യത്തിന്റെ കളിയല്ല. അത് വിയർപ്പിന്റെയും കണ്ണീരിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമാണ്. നിങ്ങളുടെ പശ്ചാത്തലം എന്തുമാകട്ടെ, ലക്ഷ്യത്തിലേക്ക് നടക്കാനുള്ള ഇച്ഛാശക്തിയുണ്ടെങ്കിൽ ലോകം നിങ്ങളെ ആദരിക്കും. പുതിയ തലമുറയ്ക്ക് ഇവരുടെ ജീവിതം നൽകുന്ന സന്ദേശം ലളിതമാണ്: പരാജയങ്ങൾ അവസാനമല്ല, മറിച്ച് വിജയത്തിലേക്കുള്ള പാഠങ്ങളാണ്. കഠിനാധ്വാനം ചെയ്യാൻ മടിയില്ലെങ്കിൽ, ആകാശത്തോളം ഉയരത്തിൽ പറക്കാൻ നിങ്ങൾക്ക് സാധിക്കും. ചരിത്രം തിരുത്തിക്കുറിക്കാൻ ഓരോരുത്തർക്കും സാധിക്കട്ടെ.***

# പുതിയ മന്ത്രിസഭ, പുതിയ മുഖ്യൻ, പുതിയ കാലം





**ഫാ. സേവ്യർ കുടിയാംശ്ശേരി**

പുതിയ മന്ത്രിസഭ, പുതിയ മുഖ്യൻ, പുതിയ കാലം. ഗംഭീരമായ തുടക്കം എന്നു പറയാതിരിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രിയെ കണ്ടെത്താൻ എട്ടുപത്തു ദിവസമെടുത്തു എന്നത് കോൺഗ്രസ്സിന് അല്പം ക്ഷീണം ചെയ്തിട്ടുണ്ട്. കോൺഗ്രസ്സ് പോലൊരു പാർട്ടിയിലെ ജനാധിപത്യ നടപടിക്കെടുത്ത ചെറിയൊരു കാലതാമസമായി അതിനെ കണ്ടാൽ മതി. താമസിച്ചെങ്കിലും ഇരട്ടച്ചങ്കന്റെ നെഞ്ചുറപ്പിനെ വെല്ലുന്ന വില്ലന്മാർ പുറത്തുണ്ട് എന്നെങ്കിലും ഇപ്പോൾ എല്ലാവർക്കും മനസ്സിലായി. സിൽവർലൈൻ പദ്ധതിയുടെ പേരിൽ ഇവിടെ നടത്തിയ കസർത്തിന് ഇത്ര ആയുസ്സേ ഉള്ളൂ എന്നു തെളിയിച്ചു കൊടുക്കാൻ യു.ഡി.എഫ്.നു സാധിച്ചിരിക്കുന്നു. മഞ്ഞക്കല്ലിട്ടപ്പോൾ മുതൽ ഓരോരുത്തരായി പിഴുതെറിയുന്നുണ്ടായിരുന്നു. ബാക്കി ഇപ്പോൾ പുതിയ സർക്കാർ പിഴുതെറിഞ്ഞിരിക്കുന്നു. ജനങ്ങൾ തെരുവിൽ ലഡുവിതരണം ചെയ്താണ് ആഘോഷിച്ചത്.

നീതിയുക്തവും ന്യായവുമായ തീരുമാനങ്ങളെടുക്കാൻ പുതിയ സർക്കാർ തന്റേടം കാണിക്കുന്നതിൽ ജനങ്ങൾ സന്തുഷ്ടരാണ്. ആശാ വർക്കേഴ്സിന് 3000 രൂപ കൂട്ടിക്കൊടുക്കാൻ എടുത്ത തീരുമാനം ഏറ്റവും അഭിനന്ദനാർഹമാണ്. വയോജനക്ഷേമ കാര്യങ്ങൾക്കായി പുതിയ ഒരു വകുപ്പു തുടങ്ങാൻ എടുത്ത തീരുമാനവും അഭിനന്ദനാർഹം തന്നെ. സ്ത്രീകൾക്ക് ഓർഡിനറി ബസ്സുകളിൽ ഫ്രീ യാത്ര അനുവദിച്ചതിലും സമൂഹം കൈയടിക്കുന്നുണ്ട്. അത് ജൂൺ 15 മുതൽ നടപ്പിലാക്കും. സാധാരണക്കാരുടെ സർക്കാരെന്നു തുടക്കം തന്നെ തെളിയിച്ചു. രാഷ്ട്രീയ കേരളത്തിൽ പുതുയുഗം കുറിച്ച് സത്യപ്രതിജ്ഞാ ചടങ്ങു നടന്നു. ധവളപത്രം ഇറക്കാൻ കമ്മറ്റിക്കു രൂപം കൊടുത്തു കഴിഞ്ഞു. കൂടുതൽ വിശദവിവരങ്ങൾ പിന്നാലെ എന്നറിയിച്ചിട്ടുണ്ട്. ആശാസമരം ഗൗരവമായെടുത്തു.

വാക്കു പാലിക്കുന്നതും ദിശാബോധത്തോടുകൂടി ഭരണനിർവഹണം മുന്നോട്ടു കൊണ്ടുപോകുന്നതിൽ നമുക്കു സന്തോഷിക്കാം.

പക്ഷേ ഈ മുസ്ലീം പ്രീണനനയം തുടർന്നാൽ വലിയ ആപത്തായിരിക്കും മുന്നിൽ. തീരദേശം ലത്തീൻ കത്തോലിക്കരുടേയും മീൻപിടുത്തക്കാരുടേയും ഇടമാണ്. അത് ഇതേവരെ ലീഗിന്റെ കോട്ടയിൽ കൊണ്ടുചെന്നു കെട്ടിയിട്ടില്ല. ഇത് സാമൂഹിക സന്തുലിതാവസ്ഥ തകർക്കും. തീരവാസികളേയും ലത്തീൻ കത്തോലിക്കരേയും തഴഞ്ഞുകൊണ്ട് ഒരു സർക്കാരിനും മുന്നോട്ടു പോകാനാവില്ല. ഫിഷറീസ് വകുപ്പ് ലത്തീൻ കത്തോലിക്കർക്കുതന്നെ കൊടുക്കാൻ പരിശ്രമങ്ങളുണ്ടാകണം. തിരുവനന്തപുരത്തും, കൊല്ലത്തും, ആലപ്പുഴയിലും, എറണാകുളത്തും നമുക്ക് പ്രഗത്ഭരായ നേതാക്കളുണ്ട്. ഇവരിൽ ആർക്കെങ്കിലും ഫിഷറീസ് ഡിപ്പാർട്ട്മെന്റ് കൈമാറണം എന്നുതന്നെയാണ് ലത്തീൻ കത്തോലിക്കർ സർക്കാരിനെ അറിയിച്ചിട്ടുള്ളത്. അവരെ പരിഗണിക്കണം. അതുണ്ടാകുന്നില്ലെങ്കിൽ ഈ സർക്കാർ എത്ര നല്ലതാണെങ്കിലും അധികകാലം തുടരില്ല എന്നുതന്നെ പറയേണ്ടിവരും.

# കഷ്ടപ്പെട്ടല്ല, ഇഷ്ടപ്പെട്ടു പഠിക്കാം ആഗ്നസിന്റെ പഠനരഹസ്യങ്ങൾ



**ആൻ തെരേസ ഷാരോൺ**



CBSE *പത്താം ക്ലാസ്സ് ബോർഡ് പരീക്ഷയിൽ 500 ൽ 500 മാർക്കും നേടി കേരളത്തിന്റെ അഭിമാനമായി മാറിയിരിക്കുകയാണ് എറണാകുളം വൈപ്പിൻ സ്വദേശിയായ വരാപ്പുഴ അതിരൂപത അംഗം ആഗ്നസ് ബോണി സോസ. ഞാറയ്ക്കൽ സെന്റ് ജോസഫ്സ് പബ്ലിക് സ്കൂൾ വിദ്യാർത്ഥിയാണ് ആഗ്നസ് ബോണി സോസ. 2023 ലും 2024 ലും വരാപ്പുഴ അതിരൂപത നടത്തിയ ദൈവദാസൻ ഇമ്മാനുവൽ ലോപ്പസ് ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം നേടി വിശുദ്ധനാട് തീർത്ഥാടനത്തിന് യോഗ്യയായത് ആഗ്നസായിരുന്നു. കഠിനമായ ട്യൂഷനുകളോ ടെൻഷനോ ഇല്ലാതെ എങ്ങനെ ഈ നേട്ടം കൈവരിക്കാം എന്ന് ആഗ്നസ് സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തരുന്നു.*

**ആഗ്നസുമായുള്ള അഭിമുഖം**

***ചോദ്യം:*** *500–ൽ 500 മാർക്ക് നേടി എന്നറിഞ്ഞ ആ നിമിഷം എന്തായിരുന്നു അനുഭവം? ഇത് പ്രതീക്ഷിച്ചിരുന്നോ?*

ആഗ്നസ്: വളരെയധികം സന്തോഷവും അത്ഭുതവും തോന്നിയ നിമിഷമായിരുന്നു അത്. ഏപ്രിൽ 15 നാണ് റിസൾട്ട് വന്നത്. 100% മാർക്ക് കിട്ടുമെന്ന് ഒരിക്കലും വിചാരിച്ചിരുന്നില്ല. ദൈവത്തിന്റെ വലിയൊരു കൃപയായി ഇതിനെ കാണുന്നു.

***ചോദ്യം:*** *വീട്ടിൽ ആരൊക്കെയുണ്ട്? അവർ എന്തൊക്കെ ചെയ്യുന്നു?*

ആഗ്നസ്: എറണാകുളം ജില്ലയിലെ വൈപ്പിൻ ഞാറയ്ക്കൽ സ്വദേശിയാണ്. പപ്പ ബോണി സോസ (കോസ്റ്റ് ഗാർഡ്). മമ്മി- മേരി ആൻ സിമി. എനിക്ക് രണ്ട് അനിയത്തിമാരുണ്ട്. ആൻലിയയും ഏഞ്ചലയും.

***ചോദ്യം:*** *എങ്ങനെയായിരുന്നു പഠനരീതി? ട്യൂഷന് പോയിരുന്നോ?*

ആഗ്നസ്: ഞാൻ ട്യൂഷന് പോയിരുന്നില്ല. ഒരു ടൈംടേബിൾ വച്ച് സ്ട്രക്ചർ ചെയ്തുള്ള പഠന രീതി ആയിരുന്നില്ല എന്റേത്. എൻസിഇആർടി പുസ്തകങ്ങൾ നന്നായി വായിക്കുമായിരുന്നു. ഓരോ പരീക്ഷയ്ക്ക് മുൻപും മിനിമം രണ്ട് തവണയെങ്കിലും ടെക്സ്റ്റ് ബുക്ക് വായിക്കും. പ്രധാപ്പെട്ട പോയിന്റുകൾ പുസ്തകത്തിന് മുകളിൽ തന്നെ കുറിച്ചുവയ്ക്കുമായിരുന്നു.

***ചോദ്യം:*** *മാത്സും സയൻസും എങ്ങനെയാണ് പഠിച്ചിരുന്നത്?*

ആഗ്നസ്: മാത്സും സയൻസും ഒന്നും കാണാപ്പാഠം പഠിച്ചിരുന്നില്ല. കോൺസെപ്റ്റുകൾ മനസ്സിലാക്കിയാണ് പഠിച്ചത്. സ്കൂളിൽ ഒരു പാഠം എടുക്കുന്നതിന് മുൻപ്തന്നെ ഞാൻ ആ പാഠം ഒന്ന് വായിക്കുകയോ ഓൺലൈൻ വീഡിയോകൾ കണ്ട് അത് മനസ്സിലാക്കുകയോ ചെയ്യും. അപ്പോൾ ക്ലാസ്സിൽ എടുക്കുമ്പോൾ അത് എളുപ്പത്തിൽ കണക്ട് ചെയ്യാൻ പറ്റും.

***ചോദ്യം:*** *പത്താം ക്ലാസ്സിലും മുടങ്ങാതെ പള്ളിയിൽ പോകുകയും ബൈബിൾ ക്വിസ്സിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പഠനവും പ്രാർത്ഥനയും എങ്ങനെ കൊണ്ടുപോയി?*

ആഗ്നസ്: ട്യൂഷന് പോകാൻ എടുക്കുന്ന സമയം ഞാൻ ദൈവത്തിനു വേണ്ടി മാറ്റിവച്ചു. ദിവസവും പള്ളിയിൽ പോകുമായിരുന്നു. വികാരി അച്ചൻ മൈക്കിൾ ഡിക്രൂസ് എന്നെ പള്ളിയിലെ കൊയറിൽ ചേരാൻ പ്രോത്സാഹിപ്പിച്ചു. ദൈവത്തിനു വേണ്ടി നമ്മൾ സമയം മാറ്റിവെച്ചാൽ ദൈവം നമുക്കുവേണ്ടി പ്രവർത്തിക്കും എന്നാണ് എന്റെ അനുഭവം.

***ചോദ്യം:*** *സോഷ്യൽ മീഡിയയെ എങ്ങനെയാണ് കൈകാര്യം ചെയ്തത്?*

ആഗ്നസ്: എനിക്ക് ഇൻസ്റ്റഗ്രാം അല്ലെങ്കിൽ ഫേസ്ബുക്ക് അക്കൗണ്ടുകൾ ഇല്ലായിരുന്നു. അത് ഞാൻ തന്നെ വേണ്ടെന്ന് വച്ചതാണ്. യൂട്യൂബും വാട്ട്സാപ്പും മാത്രമാണ് ഉപയോഗിച്ചത്. സോഷ്യൽ മീഡിയ വൈസ് ആയി ഉപയോഗിച്ചാൽ അത് നമുക്ക് ഗുണകരമാണ്.

***ചോദ്യം:*** *പരീക്ഷകളെ ഭയത്തോടെ കാണുന്ന കുട്ടികൾക്ക് നൽകാനുള്ള ഉപദേശം?*

ആഗ്നസ്: പരീക്ഷകളെ ഭയത്തോടെ കാണരുത്. കഷ്ടപ്പെട്ട് പഠിക്കാതെ ഇഷ്ടപ്പെട്ട് പഠിക്കുക. നമ്മൾ ചെയ്യാനുള്ളത് കൃത്യമായി ചെയ്താൽ ബാക്കി ദൈവത്തിന് വിട്ടുകൊടുക്കാം. അവസാന നിമിഷത്തേക്ക് പഠനം മാറ്റിവയ്ക്കാതെ നോക്കുക.

***ചോദ്യം:*** *ഭാവി ലക്ഷ്യം എന്താണ്?*

ആഗ്നസ്: പ്ലസ് വണ്ണിന് ബയോ-മാത്സ് എടുക്കാനാണ് ഉദ്ദേശിക്കുന്നത്. ആസ്ട്രോഫിസിക്സ് അല്ലെങ്കിൽ ഏറോനോട്ടിക്കൽ എഞ്ചിനീയറിംഗ് ആണ് താല്പര്യം. ഒപ്പം സിവിൽ സർവീസും ലക്ഷ്യമിടുന്നു.

**മാതാപിതാക്കളായ ബോണിയും സിമിയുമായുള്ള അഭിമുഖം**

***ചോദ്യം:*** *മകളുടെ ഈ വിജയത്തിന് പിന്നിൽ നിങ്ങളുടെ സപ്പോർട്ട് എങ്ങനെയായിരുന്നു?*

സിമി (അമ്മ): ട്യൂഷൻ വേണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഞങ്ങൾ അവൾക്ക് നൽകി. ട്യൂഷൻ പോയാലുള്ള ഗുണങ്ങളും പോയില്ലെങ്കിൽ ഉള്ള കാര്യങ്ങളും പറഞ്ഞു കൊടുത്തു. അവൾ വേണ്ടെന്ന് തീരുമാനിച്ചു.

ബോണി (പപ്പ) : ഞാൻ എക്സാം സമയത്ത് ഡൽഹിയിലായിരുന്നു. എങ്കിലും അവളോട് എപ്പോഴും സംസാരിക്കുമായിരുന്നു. ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കാൻ ഞങ്ങൾ അവളോട് പറയുമായിരുന്നു.

CARTOON **DEEPTHI** — **കേരളപുലരി** — John Kakkanad



# സ്കൂളിൽ നല്ല കുട്ടിയാകാൻ





**മുരളീധരൻ മുല്ലമറ്റം**

കൂട്ടുകാരേ, നാം അനുഷ്ഠിക്കേണ്ട ഒരുപാടു നിയമങ്ങളുണ്ട്. സ്കൂളിലുമുണ്ട് ചില നിയമങ്ങൾ. പള്ളിക്കൂടമെന്ന് പറയുന്നത് വെറും അക്ഷരം പഠിക്കാനുള്ള സ്ഥലമല്ല. മറിച്ച്, ജീവിത പരിശീലനത്തിനുള്ള വേദിയാണ്. അതുകൊണ്ട് പഠിക്കുന്ന കുട്ടികളായ നിങ്ങളെ സംബന്ധിച്ച് സ്കൂൾ നിയമങ്ങൾ കൃത്യമായി പാലിക്കേണ്ടത് സ്വന്തം കടമയാണെന്ന ബോദ്ധ്യം ഉണ്ടാകണം.

പുതിയ കൂട്ടുകാരുമായി പരിചയപ്പെടുന്നതും പുതിയ ബന്ധങ്ങൾ സ്ഥാപിച്ചെടുക്കുന്നതും സാമൂഹിക ബന്ധത്തിന്റെ ബാലപാഠങ്ങൾ പരിശീലിക്കുന്നതുമൊക്കെ വിദ്യാലയങ്ങളിൽവച്ചാണല്ലോ? ഇതിനിടയിൽ നിയമങ്ങളും മര്യാദകളും അനുസരിക്കുകയും ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കുകയും ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുക. സ്കൂളിലെ നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിനാണ് ആദ്യമായി ശ്രദ്ധിക്കേണ്ടത്. സ്കൂൾ സമയം, അച്ചടക്കം, യൂണിഫോം തുടങ്ങിയ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ വേണം. സ്കൂളിൽ വൈകി എത്തുക, അച്ചടക്കം ലംഘിക്കുക, യൂണിഫോം വേണ്ട ദിവസങ്ങളിൽ ധരിക്കാതിരിക്കുക, ഹോംവർക്ക് ചെയ്യാതിരിക്കുക തുടങ്ങിയവ സ്കൂളിന്റെ പൊതുനിയമങ്ങൾക്ക് വിരുദ്ധമാണെന്നോർക്കുക. എല്ലാ ദിവസവും കൃത്യസമയത്ത് സ്കൂളിൽ എത്താനും മണിയടിച്ചാലുടനെ ക്ലാസ്സിൽ കയറിയിരിക്കാനും ജാഗ്രത പാലിക്കണം.

ക്ലാസ്സിൽ കയറിയിരുന്നാൽ പിന്നെ അച്ചടക്കം പാലിക്കാനാണ് ശ്രമിക്കേണ്ടത്. അദ്ധ്യാപകൻ/അദ്ധ്യാപിക സമയത്ത് എത്തിയാലും ഇല്ലെങ്കിലും മൗനമായിരിക്കണം. ബഹളം വയ്ക്കുക, മറ്റു കുട്ടികളെ ശല്യം ചെയ്യുക, അടുത്തിരിക്കുന്നവരെ തോണ്ടുക, ഇക്കിളിപ്പെടുത്തുക, കടലാസ് ചുരുട്ടി എറിയുക തുടങ്ങിയ വിക്രിയകൾ ഒപ്പിക്കാതിരിക്കാനും ശ്രമിക്കണം.

ടീച്ചർ പാഠഭാഗങ്ങൾ എടുക്കുന്നതിനിടയിലോ തീരുമ്പോഴോ അനുവദിക്കുകയാണെങ്കിൽ സംശയങ്ങൾ ചോദിക്കാൻ മടിക്കരുത്. എന്നാൽ, വികട ചോദ്യങ്ങൾ ഉന്നയിച്ച്, ടീച്ചറുടെ അറിവിനെ അളക്കുന്ന തരത്തിലുള്ള ചോദ്യം ചോദിച്ച് ഉത്തരം മുട്ടിക്കുന്നതും നല്ല വിദ്യാർത്ഥിക്കു ചേർന്നതല്ല. അടുത്തിരിക്കുന്ന കുട്ടി ഇങ്ങനെ ചോദിക്കാൻ ശ്രമിക്കുകയോ, അപശബ്ദങ്ങൾ ഉണ്ടാക്കുകയോ ചെയ്താൽ അത് നിയന്ത്രിക്കാൻ ശ്രമിച്ചു നോക്കുക.

ഓരോ വിഷയവും പഠിപ്പിക്കുന്നത് ഓരോ ടീച്ചർ ആയിരിക്കുമല്ലോ. ഇതിൽ ചിലർ എടുക്കുന്നത് നന്നായി മനസ്സിലാകും. മറ്റുചിലർ എടുക്കുന്നത് മനസ്സിലാക്കാൻ പ്രയാസമായിരിക്കും. ഇതേക്കുറിച്ച് മറ്റുള്ളവരോട് പറയുകയോ അതിന്റെ പേരിൽ ടീച്ചറെ ഇടിത്തു താഴ്ത്തുന്ന പെരുമാറ്റമുണ്ടാകാനോ പാടില്ല.

അവസാനത്തെ പീരിഡും കഴിഞ്ഞ് കൂട്ടമണിയടിക്കുമ്പോൾ വീട്ടിലേക്ക് ചാടിയിറങ്ങി ഓടാൻ ശ്രമിക്കരുത്. വിടുന്നതിനു മുൻപ് ദേശീയഗാനം ഉണ്ടെങ്കിൽ അത് അതിന്റേതായ നിയമമനുസരിച്ച് ആലപിച്ചു കഴിഞ്ഞതിനു ശേഷം മാത്രം പുറത്തിറങ്ങുക. ഓരോ ബഞ്ചിലുമുള്ളവർ അച്ചടക്കത്തോടെ പുറത്തിറങ്ങുന്നതാണു ഭംഗി.

ഇടവേളകളിൽ ക്ലാസ്സ് മുറിയിലും പരിസരത്തും ഓടിച്ചാടി കളിക്കുക, വിസിലടിക്കുക, ക്ലാസ്സ് ഉപകരണങ്ങളും മറ്റും എടുത്തെറിഞ്ഞ് കളിക്കുക, ബെഞ്ചിനും ഡെസ്കിനും മുകളിലൂടെ ഓടിക്കളിക്കുക, അദ്ധ്യാപകർ ഇരിക്കുന്ന മേശയിലോ കസേരയിലോ ഇരിക്കുക എന്നീ ശീലങ്ങൾ നല്ലതല്ല. വരാന്തകളിലും ഇടനാഴികളിലും കൂട്ടംകൂടി നില്ക്കരുത്. ഗോവണികളിലും വഴിതടഞ്ഞു നില്ക്കരുത്.

സ്കൂൾ നിയങ്ങൾ പാലിക്കുന്നതോടൊപ്പം സ്കൂൾ പരിസരം വൃത്തിയായി സൂക്ഷിക്കുകയും വേണം. പരിസര ശുചീകരണം ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമാണെന്നോർക്കുക. സ്കൂളിലെ മുറ്റവും ക്ലാസ്സ് മുറിയും പരിസരവും കടലാസ്, പ്ലാസ്റ്റിക്, മിഠായി പൊതിഞ്ഞ കടലാസ് എന്നിവ ഇട്ട് അലങ്കോലപ്പെടുത്തരുത്. അവയൊക്കെ അതിനായുള്ള പ്രത്യേക സ്ഥലത്തോ വേസ്റ്റ് ബോക്സിലോ വേണം നിക്ഷേപിക്കാൻ.

മറ്റൊരു പ്രധാനകാര്യം, കിണറും പരിസരവും പൈപ്പിന്റെ ചുറ്റുവട്ടം എന്നിവിടങ്ങളും വൃത്തിയായി സൂക്ഷിക്കുക. കിണറ്റിൽ കടലാസ് ചുരുട്ടിയെറിയുക, ഇലകൾ പറിച്ചിടുക എന്നീ വികൃതികൾ കാണിക്കുന്ന ചില കുട്ടികളെ കണ്ടിട്ടുണ്ട്. ഇതു വെള്ളം മലിനമാകുന്നതിനിടയാക്കുന്നു. ടാപ്പ് തുറന്ന് ആവശ്യമില്ലാതെ വെള്ളം ഒഴുക്കി കളയരുത്. ആവശ്യം കഴിഞ്ഞാലുടനെ ടാപ്പ് അടയ്ക്കുക, അതുപോലെ ക്ലാസ്സ് മുറിയിൽ ഫാൻ, ലൈറ്റ് എന്നിവ ഉണ്ടെങ്കിലും വെറുതെ അതിന്റെ സ്വിച്ച് ഓൺ ചെയ്തുവയ്ക്കരുത്.

സ്കൂളിൽ നടക്കുന്ന എല്ലാ പൊതുപരിപാടികളിലും പങ്കെടുക്കണം. പ്രത്യേകിച്ചും അസംബ്ലിയിൽ, മറ്റുള്ളവരോടൊപ്പം വരിവരിയായി അസംബ്ലിക്കു പോകുക, സ്കൂളിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റു പരിപാടികളെക്കുറിച്ചും നിങ്ങളെ അറിയിക്കാനുള്ള വേദിയാണിത്. തന്നെയുമല്ല, കുട്ടികളിൽ അച്ചടക്കവും ഐക്യബോധവും സഹകരണ മനോഭാവവും വളർത്തുന്നതിനു വേണ്ടിയാണ് അസംബ്ലി സംഘടിപ്പിക്കുന്നത്. അതുകൊണ്ട് ഇതിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നത് ശരിയല്ല. വിദ്യാലയത്തിലെ സാഹിത്യസമാജം, സ്കൂൾ വാർഷികം, യുവജനോത്സവം, കായികമേള, സേവനവാരം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നിവയിലെല്ലാം സജീവമായി പങ്കാളികളാകണം. കഴിയുന്നത്ര മത്സരങ്ങളിൽ പങ്കെടുക്കണം. കഴിവുകൾ കണ്ടെത്തണം, വികസിപ്പിക്കണം. സേവനതല്പരതയും സ്വാശ്രയശീലവും വ്യക്തിത്വവും വളർത്തിയെടുക്കാൻ സഹായിക്കുന്ന എൻ.സി.സി., സ്കൗട്ട് ആന്റ് ഗൈഡ് എന്നിവയിലും മറ്റ് ക്ലബ്ബുകളിലും അംഗമാകുന്നത് നല്ലതാണ്. ചുരുക്കത്തിൽ സ്കൂൾ പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മിടുക്കു തെളിയിക്കാൻ കിട്ടുന്ന അവസരങ്ങൾ പാഴാക്കാതിരിക്കുക, അങ്ങനെ നല്ലൊരു വിദ്യാർത്ഥിയായിത്തീരുക.

*കടപ്പാട് : പുസ്തകം*
***കുട്ടികളുടെ ജീവിതവിജയത്തിന്***



*കവിത*

# രണ്ടു പകുതികൾ





**ഫാ. എബിജിൻ അറക്കൽ**

***ഞാൻ എന്നെ രണ്ടായി മുറിച്ചിട്ടു***
***ഒരു പകുതി ചിരിച്ചു***
***മറു പകുതി കരഞ്ഞു***
***ഒരുപകുതിയിൽ തുടിക്കുന്ന ഹൃദയം***
***മറുപകുതിയിൽ ചങ്കു മരവിച്ചു പോയി!***
***അക്ഷരകൂടുമെനയുന്ന തച്ചനൊരു പാതി***
***അക്ഷരം അന്യമായ് മറുപാതി!***
***അക്ഷര വഴിയെ നടക്കാൻ കൊതിച്ചിടും***
***അക്ഷരമാകാൻ നിനച്ചിടും എൻ പാതി***
***നിശ്ചലമായ ഒരു പകുതിയും പേറി ഞാൻ***
***ജ്ഞാനവൃക്ഷത്തിൻ ചോട്ടിലിരിക്കുന്നു.***
***പൊഴിയുന്ന ഇലകളും പൂക്കളും കായ്കളും***
***ഇലയിൽ നിന്നിറ്റുവീഴുന്ന ജലകണങ്ങളും***
***മരവിച്ച പാതിയിൽ ജീവൻ പകരുന്നു.***
***മുറിപ്പാടിൽ രക്തം കിനിയുന്നു***
***കാലം എന്നെ നോക്കി ചിരിക്കുന്നു!***
***അറിവിന്റെ തൈലം മുറിവുണക്കട്ടെ!***
***ജ്ഞാനവൃക്ഷം എനിക്ക് തണലേകട്ടെ!***
***ജീവൻ തുടിക്കുന്ന പാതിക്കു കൂട്ടായ്***
***മരവിച്ച പകുതിയുടെ ഉയിർപ്പും കാത്ത്***
***ജ്ഞാനപായയിൽ മയങ്ങട്ടെ ഞാൻ!***





ഡോ. ജോസഫ് കാരിക്കശ്ശേരി

# 'അ' എന്ന അക്ഷരം

*കണ്ണിലായിരം കടലുള്ളൊരമ്മ*
*കൈവിരൽതുമ്പു നീട്ടി*
*ജ്ഞാന ദിശാചക്രമായി തിരിഞ്ഞവൾ*
*ഒരു വാക്കുരിയാതെ*
*ഒരു നോക്കറിയാതെ*
*ഉള്ളിലെ തീക്കടലിൽ*
*ഹവിസ്സായവൾ*
*മുലയുണ്ണാൻ തന്നവൾ*
*ഉള്ളുറപ്പിച്ചവൾ*
*ഇടവ പെരുംകാറിൽ*
*നനഞ്ഞ ചുട്ടാൽ*
*അന്നവും അറിവും വേവിച്ചു തന്നവൾ*
*വെന്തുരുകുമ്പോഴും*
*എന്റെ വഴിയിൽ*
*തേജസായവൾ*
*തണൽ തരാത്ത മരങ്ങൾക്കിടയിൽ*
*തണൽ മരമമായവൾ*
*പരാഗരേണുക്കൾ നിറച്ചു പറന്നകന്ന ശലഭത്തെ തേടിയ*
*പൂവായവൾ.... വിദ്യാലയത്തിന്റെ*
*ഉള്ളറകളിൽ*
*ചെരിഞ്ഞ മൺ ഭിത്തികൾക്കിടയിൽ*
*ഏകാന്തതയെ പ്രണയിക്കുന്ന ഒരു കുട്ടി ഞാൻ ....*
*കറുത്ത ബോർഡിൽ*
*അധ്യാപകൻ കോറിയിട്ടു.*
*ജ്ഞാനപ്പഴത്തിന്റെ ആദ്യാക്ഷരം "അ"*
*കടലാഴങ്ങളിൽ മലരിപോൽ*
*എന്റെ ബാല്യത്തിന്റെ നെഞ്ചിൽ നിന്നുയർന്നു*
*അ അമ്മ....*

# രണ്ടാം ക്രിസ്തുവിന്റെ ജൂബിലി വർഷത്തിൽ മൂന്നാം ക്രിസ്തുവാകാൻ നാല് പുത്തനച്ചന്മാർ



**ഡീക്കൻ ഗോൺസലോ
അഖിൽ പോൾ**

*1200–കളിൽ ഇറ്റലിയിലെ അസ്സീസി തെരുവുകളിൽ ദൈവത്തിന്റെ സ്തുതിഗീതികൾ പാടിനടന്ന ഒരു വിശുദ്ധനുണ്ടായിരുന്നു– ദൈവത്തെ നിഷ്കളങ്കമായി സ്നേഹിച്ച്, എളിമയിൽ ജീവിച്ചു കടന്നുപോയ ആ വിശുദ്ധനെ തിരുസഭ രണ്ടാം ക്രിസ്തുവെന്ന് വിശേഷിപ്പിച്ചു... അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്. 1226 ഒക്ടോബർ 3–ന് ഇഹലോകവാസം വെടിഞ്ഞ ഈ വിശുദ്ധന്റെ 800–ാം ചരമവർഷമായ 2026 നെ ഫ്രാൻസിസ്കൻ ജൂബിലി വർഷമായി ആചരിക്കാൻ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ആഹ്വാനം ചെയ്തു. വരാപ്പുഴ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഈ ജൂബിലി വർഷത്തിന് ഇരട്ടി സന്തോഷമാണ്. അതിരൂപതയുടെ 4 മക്കൾ ഒത്തിരി നാളത്തെ പ്രാർത്ഥനയ്ക്കും കാത്തിരിപ്പിനും ശേഷം 2026 ഏപ്രിൽ 30–ന് വരാപ്പുഴ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിന്റെ കൈവയ്പു വഴി വിശുദ്ധമായ പൗരോഹിത്യത്തിലേക്ക് പ്രവേശിച്ചതും ഈ ജൂബിലി വർഷത്തെ ധന്യമാക്കുന്നു. ഈ അവസരത്തിൽ ആ നാല് നവവൈദികരെ നമുക്ക് പരിചയപ്പെട്ടാലോ?*




## ഫാ. അലൻ ആന്റണി പുതിയകുളങ്ങര

ദൈവത്തിലും ദൈവത്തിന്റെ പരിപാലനത്തിലും എന്നും വിശ്വാസമർപ്പിച്ച വ്യക്തിയാണ് വി. ഫ്രാൻസിസ് അസ്സീസി. ദൈവത്തിൽ വിശ്വസിച്ച് മുന്നേറുന്നവന്റെ ജീവിതത്തിൽ ദൈവം അത്ഭുതങ്ങൾ സമ്മാനിക്കുന്നു. തന്റെ ദൈവവിളിയും പൗരോഹിത്യവും ദൈവത്തിന്റെ അത്ഭുതങ്ങളായി കാണാനാഗ്രഹിക്കുന്ന വ്യക്തിയാണ് ബഹു. അലനച്ചൻ.

മരട് മൂത്തേടം വി. മഗ്ദലേന മറിയം ഇടവകാംഗമായ അച്ചൻ പുതിയകുളങ്ങര നെൽസന്റെയും മിനിയുടെയും മൂന്ന് മക്കളിൽ മൂത്ത മകനാണ്. സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 2013-ൽ സെമിനാരിയിൽ പ്രവേശിച്ച അച്ചൻ കളമശ്ശേരി സെമിനാരിയിലായിരുന്നപ്പോൾ ബിരുദം നേടുകയും തുടർന്ന് ആലുവ കാർമ്മൽഗിരി സെമിനാരിയിൽ തത്ത്വശാസ്ത്ര പഠനവും ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 2025 ഏപ്രിൽ 24-ന് വരാപ്പുഴ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിക്കുകയും, തുടർന്ന് കുരീക്കാട് സെന്റ് ജൂഡ് ദൈവാലയത്തിലും കൊരട്ടി സെന്റ് ആന്റണീസ് ദൈവാലയത്തിലും അച്ചൻ ഡീക്കൻ മിനിസ്ട്രി പൂർത്തിയാക്കുകയും ചെയ്തു. തന്നെ വിളിച്ച ദൈവത്തോട് വിശ്വസ്തത ഉള്ളവനാകാൻ ആഗ്രഹിക്കുന്ന അലനച്ചൻ തന്റെ വാക്കുകളേക്കാൾ ഉപരി പ്രവൃത്തികൾകൊണ്ട് ദൈവത്തെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ ആഗ്രഹിക്കുകയും ആ ആഗ്രഹത്തെ പൗരോഹിത്യ സ്വപ്നമായി കാണുകയും ചെയ്യുന്നു.




## ഫാ. ജോർജ് റോമിയോ പുത്തൻപുരക്കൽ

എല്ലാവരേയും സ്വന്തമെന്ന രീതിയിൽ സ്നേഹിക്കാനും കരുതാനും അത്രയ്ക്ക് വിശാലഹൃദയനായിരുന്നു വി. ഫ്രാൻസിസ് അസ്സീസി. അദ്ദേഹത്തിന്റെ ജീവിതത്തിൽ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയിലും തന്റെ സഹോദരനെയും സഹോദരിയെയും കാണാൻ സാധിച്ചു എന്നാണ് ജീവചരിത്രകാരന്മാർ സൂചിപ്പിക്കുന്നത്. ഫ്രാൻസിസ് അസ്സീസിയുടെ ഈയൊരു ജീവിത മാതൃക പിന്തുടരാൻ ആഗ്രഹിക്കുന്ന വ്യക്തിയാണ് റോമിയോ അച്ചൻ.

പുത്തൻപുരയ്ക്കൽ സെബിയുടെയും മിനിയുടെയും മകനായ റോമിയോ അച്ചൻ മാനാട്ടുപറമ്പ് തിരുഹൃദയം ഇടവകാംഗമാണ്. 2013 ൽ, പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സെമിനാരിയിൽ പ്രവേശിച്ച അച്ചൻ കളമശ്ശേരി സെമിനാരിയിൽ തന്റെ മൈനർ സെമിനാരി കാലഘട്ടം ചെലവഴിച്ചു. തുടർന്ന് ആലുവ കാർമ്മൽഗിരി സെമിനാരിയിൽ തത്ത്വശാസ്ത്രവും ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കിയ അച്ചൻ 2025 ഏപ്രിൽ 24-ാം തീയതി വരാപ്പുഴ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിൽനിന്നും ഡീക്കൻപട്ടം സ്വീകരിക്കുകയും തുടർന്ന് വല്ലാർപാടം ബസിലിക്കയിൽ ഡീക്കൻ മിനിസ്ട്രി പൂർത്തിയാക്കുകയും ചെയ്തു. എല്ലാവരോടും ഫ്രണ്ട്‌ലി ആയി സംസാരിച്ച് എപ്പോഴും പുഞ്ചിരിച്ച് നടക്കുന്ന റോമിയോ അച്ചൻ തന്റെ പൗരോഹിത്യത്തിലൂടെ മറ്റുള്ളവർക്ക് അഭയം കൊടുക്കാൻ സാധിക്കുന്ന ഒരു മെന്റർ ആയിത്തീരാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ മറ്റുള്ളവർക്ക് എപ്പോഴും അപ്രോച്ചബിൾ ആയിരിക്കാനും തന്നെക്കൊണ്ട് പറ്റാവുന്ന സഹായം മറ്റുള്ളവർക്ക് ചെയ്ത് കൊടുക്കാനും ആഗ്രഹിക്കുന്നുണ്ട് നമ്മുടെ റോമിയോ അച്ചൻ.



## സ്നേഹത്തിന്റെ കരുതലായി

### ഫാ. ജെഫിൻ ജോസഫ് കാട്ടുപറമ്പിൽ

ഫ്രാൻസിസ് അസ്സീസി തന്റെ ജീവിതം കൊണ്ടാണ് രണ്ടാം ക്രിസ്തു എന്ന പേര് നേടിയത്. പരസ്പരം സ്നേഹിക്കുവിൻ എന്ന് യേശു കല്പി ക്കുകയും ആ കല്പന സ്വജീവിതത്തിലൂടെ കാണിച്ചു തരികയും ചെയ്തു. ഫ്രാൻസിസിന്റെ ഈ സ്നേഹചൈതന്യം തന്റെ പൗരോഹിത്യ ജീവി തത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്ന വ്യക്തി യാണ് എത്രയും പ്രിയപ്പെട്ട ജെഫിനച്ചൻ. പ്രായമാ യവരോടും അവഗണിക്കപ്പെട്ടവരോയും കരുണ കാണിക്കുന്ന, ആർക്കും എപ്പോഴും സമീപസ്ഥനായ ഒരു പുരോഹിതനാവുക എന്നതാണ് അച്ചന്റെ പൗരോഹിത്യസ്വപ്നം.

വാടേൽ സെന്റ് ജോർജ്ജ് ഇടവക കാട്ടുപറമ്പിൽ ജോസഫിന്റെയും സ്റ്റെല്ലയുടെയും രണ്ട് മക്കളിൽ ഇളയ മകനാണ് അച്ചൻ. 2013 ൽ സെമിനാരി പഠനം ആരംഭിച്ച അച്ചൻ കളമശ്ശേരി മൈനർ സെമിനാരി യിലെ പഠനത്തിനു ശേഷം, ആലുവ കാർമ്മൽഗിരി സെമിനാരിയിൽ തത്ത്വശാസ്ത്രപഠനവും മംഗലാ പുരം സെന്റ് ജോസഫ് സെമിനാരിയിൽ ദൈവശാ സ്ത്രപഠനവും പൂർത്തിയാക്കി. 2025 ഒക്ടോബർ 26 -ാം തീയതി വരാപ്പുഴ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിൽ നിന്നും ഡീക്കൻപട്ടം സ്വീകരിക്കുകയും തുടർന്ന് വരുന്ന ഡീക്കൻ മിനിസ്ട്രിയിൽ എളംകുളം ഫാത്തിമ മാതാ ദൈവാലയത്തിൽ സേവനം ചെയ്യുകയും ചെയ്തു. മറ്റുള്ളവരെ സ്നേഹിക്കാനും കരുതാനും തീരുമാനമെടുത്ത ജെഫിനച്ചന്റെ ജീവിതത്തിൽ ദൈവം കൂട്ടാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



## പ്രത്യാശയുടെ പാതയിൽ മുന്നോട്ട് നീങ്ങുന്ന

### ഫാ. പീറ്റർ ചക്കാലക്കൽ

ഫ്രാൻസിസ് അസ്സീസിയുടെ ജീവിതത്തിൽ പ്രതിസന്ധികളും വേദനകളും സങ്കടങ്ങളുമുണ്ടായ പ്പോൾ ദൈവത്തിൽ പ്രത്യാശയർപ്പിക്കാനാണ് ശ്രമിച്ചത്. ഫ്രാൻസിസ് അസ്സീസിയുടെ ഈ പ്രത്യാശയുടെ പാത പിന്തുടരുന്ന വ്യക്തിയാണ് ബഹു. പീറ്ററച്ചൻ.

പെരുമാനൂർ സെന്റ് ജോർജ്ജ് ഇവടകാംഗമായ അച്ചൻ ചക്കലക്കൽ വർഗീസിന്റെയും ജൂഡിയുടെയും ഇളയ മകനാണ്. പ്രാഥമിക പഠനങ്ങൾക്ക് ശേഷം 2012-ൽ കാക്കനാട് ജോൺപോൾ സെമിനാരിയിൽ പ്രവേശിച്ച അച്ചൻ തുടർ വർഷങ്ങളിൽ കളമശ്ശേരി സെന്റ് ജോസഫ്സ് സെമിനാരിയിൽ മൈനർ സെമിനാരി പഠനം പൂർത്തിയാക്കി. പൂനെ പേപ്പൽ സെമിനാരിയിൽ തത്ത്വശാസ്ത്രപഠനവും ഫ്ളോറൻസ് അതിരൂപത മേജർ സെമിനാരിയിൽ ദൈവശാസ്ത്രപഠനവും പൂർത്തി യാക്കിയ അച്ചൻ, നവംബർ 9, 2025-ൽ ഡീക്കൻപട്ടം സ്വീകരിച്ചു. തുടർന്ന് ഇറ്റലിയിലെ ഫ്ളോറൻസ് അതിരൂ പതയിലെ രണ്ട് പള്ളികളിൽ ഡീക്കൻ മിനിസ്ട്രി ചെയ്തു. അച്ചന്റെ ജീവിതത്തിലെ സംഭവങ്ങളെല്ലാം ദൈവം നന്മയ്ക്കായി ഒരുക്കിയതാണെന്നു വിശ്വസി ക്കുന്ന അച്ചൻ ആ പ്രത്യാശയിലാണ് തന്റെ ഭാവി പൗരോഹിത്യ ജീവിതവും നോക്കിക്കാണാൻ ആഗ്രഹി ക്കുന്നത്. തന്റെ പൗരോഹിത്യ ജീവിതത്തിലുടനീളം ഈ പ്രത്യാശ മറ്റുള്ളവർക്കും പകർന്നു കൊടുക്കാൻ അച്ചനു സാധിക്കട്ടെയെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

# ഉദയംപേരൂർ സൂനഹദോസ്



ഡോ. കോശി മാത്യു
ചെള്ളാത്ത്




നൂറ്റാണ്ടുകളായി മലബാറിലെ ക്രിസ്ത്യൻ സമൂഹം നെസ്തോറിയൻ പാഷണ്ടതയ്ക്ക് വിധേയമായിരുന്നു. ഈയൊരു കാര്യം ഇന്നും ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണിത്. മലബാറിലെ ക്രിസ്ത്യാനികളെ എല്ലാ തെറ്റായ ഭിന്നതയിൽ നിന്നു മോചിപ്പിക്കുന്നതിനും കത്തോലിക്കാ വിശ്വാസത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനുമായി, ആർച്ച് ബിഷപ്പ് അലക്സിയോ ദേ മെനെസിസ്, 1599 ഫെബ്രുവരി 1-ന് മലബാറിൽ എത്തി. തുടർന്ന് അദ്ദേഹം കൊച്ചി രാജാവിനെയും ആർച്ച് ഡീക്കൻ ജോർജിനെയും മറ്റു പ്രാദേശിക ഭരണാധികാരികളേയും സന്ദർശിച്ച് ഒരു സൂനഹദോസ് വിളിച്ചു കൂട്ടുവാൻ ആവശ്യമായ സഹകരണം അറിയിച്ചു. ബിഷപ്പ് അലക്സിയോ മലബാറിലെ വിവിധ ഇടവകകളിലെ വിശ്വാസികളെ സന്ദർശിക്കുകയും പൗരോഹിത്യ അഭിഷേകം നൽകുകയും ചെയ്തു.

തുടർന്ന് ആർച്ച് ബിഷപ്പ് അലക്സിയോ ദേ മെനെസിസ് 1599 ജൂൺ 20 മുതൽ 26 വരെ ഉദയംപേരൂർ സൂനഹദോസ് വിളിച്ചു കൂട്ടി. 813 പ്രതിനിധികൾ സൂനഹദോസിൽ പങ്കെടുത്തു (133 വൈദികർ, 20 ഡീക്കന്മാർ, 660 അല്മായ പ്രതിനിധികൾ). സൂനഹദോസിൽ 200 ലധികം കാനോനുകൾ (നിയമങ്ങൾ) അംഗീകരിച്ചു. സീറോ-കൽദായ ആരാധനക്രമവുമായി ബന്ധപ്പെട്ട നിർണ്ണായകമായ പ്രശ്നങ്ങൾക്കു പരിഹാരമായി. ആരാധനക്രമം നിർത്തലാക്കപ്പെട്ടില്ല, മറിച്ച് എല്ലാ തെറ്റുകളിൽ നിന്നും ശുദ്ധീകരിക്കപ്പെട്ടു. അതോടൊപ്പം തന്നെ സ്ത്രീധനം, തൊട്ടുകൂടായ്മ, അന്ധവിശ്വാസം, ദുഷ്പ്രവൃത്തികൾ, അധാർമ്മികത, വെപ്പാട്ടിത്വം, ബഹുഭാര്യാത്വം, അടിമത്തം, ചാവേർ ബോംബിഗ്, വംശഹത്യ തുടങ്ങിയ സാമൂഹിക പ്രശ്നങ്ങളെയും സൂനഹദോസ് അപലപിച്ചു. ഉദയംപേരൂർ സൂനഹദോസ് നെസ്തോറിയനിസം ഉപേക്ഷിക്കുകയും, മതപരമായ ആചാരങ്ങളിലെ തെറ്റുകൾ തിരുത്തുകയും ചെയ്തു. പ്രത്യേകിച്ച്, ഫ്രാൻസിസ് റോസ് എസ്.ജെ. യുടെ മേൽനോട്ടത്തിൽ നിരവധി പുസ്തകങ്ങളും കയ്യെഴുത്ത് പ്രതികളും അപലപിക്കുകയും കത്തിക്കുകയും ചെയ്തു.

ഫ്രാൻസിസ് റോസ് എസ്.ജെ. യുടെ മേൽനോട്ടത്തിൽ നിരവധി പുസ്തകങ്ങളും കൈയെഴുത്തുപ്രതികളും കത്തിച്ച ആർച്ച് ബിഷപ്പ് അലക്സിയോ ദേ മെനെസിസിന്റെ നടപടിയെ രണ്ട് വീക്ഷണകോണുകളിൽ നിന്ന് കാണാൻ കഴിയും. ചരിത്രപരമായ വീക്ഷണകോണിൽ നിന്ന്, ആർച്ച് ബിഷപ്പിന്റെ നടപടി ന്യായീകരിക്കാനാവാത്തതായിരുന്നു. കാരണം അന്ന് നിരവധി ചരിത്ര രേഖകൾ നഷ്ടപ്പെടുന്നതിലേക്ക് നയിച്ചു. മറുവശത്ത്, ഈ പുസ്തകങ്ങളും കൈയെഴുത്തു പ്രതികളും നിലവിലുണ്ടായിരുന്നെങ്കിൽ, പാഷണ്ഡികളുടെ വളർച്ചയ്ക്ക് ഗണ്യമായ അവസരമുണ്ടാകുമായിരുന്നു.

***സൂനഹദോസിന്റെ തീരുമാനങ്ങൾ ഇവിടെ വിശദമായി ചർച്ച ചെയ്യാൻ കഴിയില്ല. അവയിൽ 5 എണ്ണം വളരെ ചുരുക്കമായി ചിന്തിക്കാം.***

1. വിശ്വാസത്തെക്കുറിച്ച്: ത്രിത്വം, മനുഷ്യാവതാരം, ദൈവമാതാവ്, ആദിപാപം, മധ്യസ്ഥാവസ്ഥ, വിശുദ്ധരുടെ പ്രാർത്ഥന, ചിത്രങ്ങളുടെ ആരാധന, സഭയും അതിന്റെ സംഘടനയും ബൈബിളിലെ പുസ്തകങ്ങളും തുടങ്ങിയ വിഷയങ്ങൾ ട്രെന്റ് സിനഡിന്റെ മാതൃക പിന്തുടർന്ന് റോമൻ കത്തോലിക്കാ സഭയുടെ പാരമ്പര്യവുമായി യോജിച്ചാണ് കൈകാര്യം ചെയ്യുന്നത്.

2. സഭയുടെ പരമോന്നത തലവൻ റോമിലെ പോപ്പാണ്. ബാബിലോണിലെ പാത്രിയാർക്കീസ് ഒരു പാഷണ്ഡിയും ഭിന്നിപ്പുള്ളവനുമാണ്. അതിനാൽ അദ്ദേഹത്തെ ഉപേക്ഷിക്കണം.

3. മലബാറിൽ പ്രചാരത്തിലിരുന്ന വിശുദ്ധരുടെ പട്ടികയിൽ നെസ്തോറിയസിന്റെയും മറ്റുള്ളവരുടെയും പേരുകൾ ഉണ്ടായിരുന്നു. സൂനഹദോസ് ഈ പേരുകളെ പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നു.

4. പുരോഹിതന്മാർ ബ്രഹ്മചര്യം ഒരു അനിവാര്യമായ പ്രതിജ്ഞയായി പാലിക്കണം. അവർ ലൗകിക കാര്യങ്ങളിൽ ഏർപ്പെടരുത്.

5. മലബാർ സഭയെ ഇടവകകളായി വിഭജിക്കണം. ഓരോ ഇടവകയ്ക്കും അതിന്റേതായ വികാരിമാരും സഹ വികാരിമാരും ഉണ്ടായിരിക്കണം. കൂടാതെ, ഇന്ത്യൻ പരിതസ്ഥിതിയിൽ നിന്ന് സഭയുടെ ജീവിതത്തിലേക്ക് കടന്നുവന്ന നിരവധി തെറ്റുകൾ ഉപേക്ഷിക്കേണ്ടതുണ്ട്.

മലബാറിലെ ക്രിസ്ത്യാനികൾക്ക് ഉദയംപേരൂർ സൂനഹദോസ് ഒരു വഴിത്തിരിവായി. അത് അവരുടെ ആരാധനക്രമ പാരമ്പര്യങ്ങളെയും സഭാ ഘടനയെയും ആത്മീയതയെയും സ്വാധീനിച്ചു. സമൂഹത്തിനുള്ളിൽ പിരിമുറുക്കങ്ങൾക്കും ഭിന്നതകൾക്കും ഇത് കാരണമായി. സൂനഹദോസ് കത്തോലിക്കാ വിശ്വാസത്തിന്റെ ശക്തമായ സ്ഥിരീകരണം വ്യക്തമാക്കി, പുരോഹിതരുടെ പരിശീലനം ചിട്ടപ്പെടുത്തി, ക്രിസ്ത്യാനികൾക്കിടയിൽ പ്രബലമായിരുന്ന മന്ത്രവാദം നിർത്തലാക്കി, സെന്റ് തോമസ് ക്രിസ്ത്യാനികളെ കൽദായ കത്തോലിക്കാ പാത്രിയർക്കീസിന്റെ അധികാരപരിധിയിൽ നിന്ന് വേർപെടുത്തി, അവരെ പദ്രവാദോയുടെ അധികാരപരിധിയിൽ കൊണ്ടുവന്നു. കൂടാതെ, അങ്കമാലി അതിരൂപതയെ ഒരു രൂപതയുടെ പദവിയിലേക്ക് ചുരുക്കുകയും ഗോവ അതിരൂപതയുടെ സഫ്രഗൻ ആക്കുകയും ചെയ്തു.

ചില ചരിത്രകാരന്മാർ സിനഡിന്റെ സാധുത നിഷേധിക്കുകയും നിർബന്ധിത ലാറ്റിനൈസേഷൻ ആണെന്ന് ആരോപിക്കുകയും ചെയ്യുമ്പോൾ, മറ്റുള്ളവർ അതിന്റെ നിയമസാധുത സ്ഥിരീകരിക്കുന്നു. സിനഡിന്റെ സാധുത ഒരു തുറന്ന ചോദ്യമായി ഇന്നും തുടരുന്നു.

## ഓർമ്മച്ചെപ്പ്




*2002 മെയ് 23 മുതൽ 26 വരെ എറണാകുളം ആശീർഭവനിൽ നടന്ന കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ ഉദ്ഘാടന സമ്മേളനത്തിൽ സ്ഥാപക പ്രസിഡന്റ് ആർച്ച് ബിഷപ് ഡോ.ഡാനിയൽ അച്ചാരുപറമ്പിൽ പ്രസംഗിക്കുന്നു*

*കെആർഎൽസിസി ജൂബിലി വർഷം*



# തിരുഹൃദയമേ സ്വസ്തി

**ജൂൺ 14 ഞായറാഴ്ച്ച തിരുഹൃദയതിരുനാൾ**



**ഫാ. ബോബി ജോസ് കട്ടിക്കാട്ട്**



ഇന്നലെ തിരുഹൃദയത്തിന്റെ കടശി ആയിരുന്നു. വൈകി വായിച്ചു തുടങ്ങിയവർക്കുവേണ്ടി - ഒരു മാസം നീളുന്ന വണക്കത്തിന്റെ ഒടുവിലത്തെ ദിനമാണ് കടശി. മേയ് മാസം മേരിക്ക്, മാർച്ച് ജോസഫിന്, ജൂൺ തിരുഹൃദയത്തിന് - അങ്ങനെയാണത്. നാട്ടിൻപുറത്ത് പലയിടങ്ങളിലായി അന്ന് വണക്കമാസപ്പുരകളുണ്ടായിരുന്നു. അവിടെ ചില്ലിട്ട രൂപങ്ങൾ അലങ്കരിച്ചു വച്ചിട്ടുണ്ടാവും. പുതമണ്ണിനു മീതെ കയറ്റുപായ വിരിച്ച് പനമ്പുകൊണ്ടു കെട്ടിമറച്ച് ഓലമേൽക്കൂരയുമൊക്കെയായി അമ്മമാർക്ക് സൊറ പറഞ്ഞിരിക്കാനുള്ള ഒരിടം കൂടിയായിരുന്നു അത്. പാച്ചോറാണ് കടശിയിലെ വിശേഷം. ഇനി അതിന്റെ റെസിപ്പി പറയുകയാണ് പുതിയകാല എഴുത്തുരീതി. ഭാഷയിൽ ഈ പരിപാടി തുടങ്ങിയത് എൻ.എസ്. മാധവനാണ്. 'ലന്തൻ ബത്തേരിയിലെ ലുത്തിനിയകളി'ൽ ദം ബിരിയാണി ഉണ്ടാക്കുന്ന വിധമൊക്കെയുണ്ട്.

കാത്തലിക് ഭവനങ്ങളിലെ ഭിത്തിയിൽ നിശ്ചയമായും ഒരു തിരുഹൃദയചിത്രം പ്രതിഷ്ഠിക്കേണ്ടിയിരുന്നു. അതുകൊണ്ടുതന്നെ, ഉള്ളിൽ ആദ്യം പതിഞ്ഞ യേശുപ്രതീകം അതായിരുന്നു. തീനാളങ്ങൾക്കിടയിലെ ഒരു ഹൃദയമാണത്. വീടിന്റെ ഏറ്റവും പ്രധാനപ്പെട്ട നിമിഷങ്ങളിലൊക്കെ അതിനു മുൻപിൽ മെഴുകുതിരികൾ തെളിഞ്ഞുനിന്നു. ഒരു പോയിന്റ് ഓഫ് റഫറൻസായിട്ടാണ് ഇന്നതിനെ പിടിത്തം കിട്ടുന്നത്. അമിത വൈകാരികതയുടെ മണൽപ്പുറത്ത് കെട്ടിയുയർത്തിയ വീടെന്ന നിലയ്ക്ക് സ്ഥായിയായ ചിലതിനെ ഉറ്റുനോക്കിയേ മുന്നോട്ടുപോകാനാവൂ.

തീനാളങ്ങളിൽ പലതിന്റേയും ധ്വനി അടക്കം ചെയ്തിരിക്കുന്നു. ദഹനബലിയായി മാറിയ ഒരു ജീവിതം എന്നതിന് യഹൂദപശ്ചാത്തലമുണ്ട്. കുന്നുകയറുന്ന മകൻ അബ്രഹാമിനോടു ചോദിക്കുന്നുണ്ട്, 'തീയും വിറകുമുണ്ട്, ബലിമൃഗമെവിടെ?' കത്തിത്തീരുകയാണ് അർപ്പണത്തിന്റെ പൂർണത. ദൈവസാന്നിധ്യത്തിന്റെ പുതിയനിയമ സംക്രമണം കൂടിയാകാമത്. മോശ കത്തുന്ന മുൾപ്പടർപ്പിലാണ് ആദ്യമായി ആ സ്വരം കേട്ടുതുടങ്ങിയത്. എല്ലാത്തിലുമുപരി മനുഷ്യരാശിക്കുവേണ്ടിയുള്ള ഒരാളുടെ പാഷനേറ്റ് എന്നു വിശേഷിപ്പിക്കേണ്ട സ്നേഹമായിട്ടാണ് നാമതിനെ വായിച്ചെടുക്കേണ്ടത്. ശിരസിൽ ഒരിക്കലണിഞ്ഞ അപമാനത്തിന്റെ മുൾമുടിയാണ് ഇപ്പോൾ ഹൃദയത്തെ ചുറ്റിനിൽക്കുന്നത്. അപമാനിച്ചവർ കടന്നുപോയി. എല്ലാ അപമാനങ്ങൾക്കും ഒടുവിൽ സ്നേഹം അതിന്റെ കിരീടം ചൂടും.

കുട്ടികളോടു പറയുന്ന കഥ പോലെ, ഒരിക്കൽ ആചാര്യനായ ഒരു ചെറുപ്പക്കാരനോട് 'അങ്ങ് എത്രമാത്രം ഞങ്ങളെ സ്നേഹിക്കുന്നു' എന്നാരാഞ്ഞപ്പോൾ ഒരാൾക്ക് വിരിച്ചുപിടിക്കാവുന്നത്രയും തന്റെ കരങ്ങൾ നീട്ടി 'ഇത്രയും' എന്നുപറഞ്ഞ് അയാൾ കണ്ണുപൂട്ടി. ആ കുരിശാണ് തിരുഹൃദയ ചിത്രത്തിൽ വേരുകളാഴ്ത്തി നിൽക്കുന്നത്. മാർഗരറ്റ് അലകോഖ് (1647 -1690) എന്ന മിസ്റ്റിക്കായ സന്ന്യാസിനിയാണ് തിരുഹൃദയാചരണത്തിന്റെ പതാകവാഹകയായി നിലകൊണ്ടത്.

പേടിയാണ് നമുക്ക്, എപ്പോൾ വേണമെങ്കിലും നമുക്കിടയിലെ സ്നേഹം തണുത്തുപോകുമെന്ന്. ആരോപണങ്ങളും ആവലാതികളും ശ്വാസം മുട്ടിക്കുന്ന പൊസസീവ്നസും ഒക്കെ പറയാൻ ശ്രമിക്കുന്നത് അഗാധങ്ങളിലെ പരിഹരിക്കപ്പെടാത്ത ആ ഭയമാണ്. കത്തിനിൽക്കുക, നാളങ്ങളെ ഊതിയുണർത്തുക എന്നൊക്കെയാണ് ഈ ശൈത്യകാലത്ത് അയാളുടെ മിടിക്കുന്ന ഹൃദയം നമ്മോട് പറഞ്ഞുകൊണ്ടിരിക്കുന്നത്.

ചിന്താജാലകം

# ദൈവഹിതത്തിന്റെ ഒരു കണം



സി. റുഫീന എട്ടുരുത്തിൽ

1942-ലെ ഒരു ശരത്കാല സായാഹ്നം. കയ്യിലൊരു മരപ്പണിക്കാരന്റെ പെട്ടിയുമായി 32 വയസ്സുകാരിയായ ഐറീന സെൻഡ്‌ലർ വാഴ്‌സോ ഗെറ്റോ യുടെ കവാടത്തിലെത്തി. ആ പെട്ടിക്കുള്ളിൽ, ചുറ്റികയ്ക്കും ആണികൾക്കും ഇടയിൽ മയക്കു മരുന്ന് നൽകി ഉറക്കിയ ആറുമാസം പ്രായമുള്ള ഒരു കുഞ്ഞുണ്ടായിരുന്നു. ഒരൊറ്റ ശ്വാസം പോലും ശബ്ദമുണ്ടാക്കിയാൽ രണ്ടുപേരുടെയും മരണം ഉറപ്പ്. എന്നാൽ ഐറീന ആ കവാടം പുഞ്ചിരിയോടെ കടന്നുപോയി. ശാന്തയായി കണ്ട ആ സ്ത്രീ, മരണത്തിന്റെ ആ ഗുഹയിലേക്ക് 2,499 തവണ കൂടി ഈ സാഹസം ആവർത്തിക്കുമെന്ന് കാവൽക്കാർ സ്വപ്നത്തിൽ പോലും കരുതിയില്ല.

പട്ടിണിയും മാറാവ്യാധികളും പടർന്നുപിടിച്ച ഗെറ്റോയിൽ, യഹൂദരായ മാതാപിതാക്കൾക്ക് ഹൃദയം തകരുന്ന ഒരു തീരുമാനമെടുക്കേണ്ടി വന്നു: ഒന്നുകിൽ തങ്ങളുടെ മക്കൾ കൺമുന്നിൽ നീറി മരിക്കുന്നത് നോക്കി നിൽക്കുക, അല്ലെങ്കിൽ ജീവന്റെ നേരിയ പ്രതീക്ഷയുമായി വന്ന ഐറീനയുടെ കൈകളിലേക്ക് അവരെ എടുത്തു നൽകുക.

രോഗപരിശോധനയ്ക്കെന്ന വ്യാജേനയെത്തിയ ഐറീന, യഥാർത്ഥത്തിൽ മരണത്തിന്റെ നിഴലിൽ നിന്നും കുരുന്നുകളെ മോചിപ്പിക്കുകയായിരുന്നു. ആംബുലൻസിന്റെ രഹസ്യ അറകളിലും, പഴകിയ ചാക്കുകളിലും, മരപ്പെട്ടികളിലുമായി അവൾ കുഞ്ഞുങ്ങളെ പുറത്തെത്തിച്ചു. രാത്രിയുടെ ഇരുട്ടിൽ, മലിനജലം ഒഴുകുന്ന അഴുക്കുചാലുകളിലൂടെ എലികൾക്കിടയിലൂടെ അവൾ മുതിർന്ന കുട്ടികളെ കൈപിടിച്ചു നടത്തി. 'ശബ്ദമുണ്ടാക്കരുത്' എന്നവൾ അവരുടെ കാതുകളിൽ മന്ത്രിച്ചു. രക്ഷപ്പെടുത്തിയവർക്ക് പുതിയ പേരും പുതിയ കുടുംബവും ലഭിക്കുമെങ്കിലും അവരുടെ യഥാർത്ഥ സ്വത്വം ആരും മറക്കരുതെന്ന് അവൾക്ക് നിർബന്ധമുണ്ടായിരുന്നു.

ഓരോ കുട്ടിയുടെയും യഥാർത്ഥ പേരും അവർക്ക് നൽകിയ പുതിയ പേരും വിലാസവും അവൾ ചെറിയ കടലാസ് കഷ്ണങ്ങളിൽ കുറിച്ചുവെച്ചു. ആ കുറിപ്പുകൾ ഗ്ലാസ് കുപ്പികളിലാക്കി അയൽപക്കത്തെ തോട്ടത്തിലെ ഒരു ആപ്പിൾ മരത്തിന് താഴെ അവൾ കുഴിച്ചിട്ടു. താൻ കൊല്ലപ്പെട്ടാലും ഈ കുഞ്ഞുങ്ങളുടെ വേരുകൾ ഇല്ലാതാകരുത് എന്നതായിരുന്നു അവളുടെ ഏക പ്രാർത്ഥന.

ഒടുവിൽ ഐറീന പിടിക്കപ്പെട്ടു. ക്രൂരമായ മർദ്ദനമുറകളിലൂടെ വിവരങ്ങൾ ആവശ്യപ്പെട്ട നാസി പോലീസിനോട് അവൾ ഒരക്ഷരം പോലും മിണ്ടിയില്ല. അവളുടെ കൈകാലുകൾ അവർ ഇരുമ്പ് ദണ്ഡുകൾ കൊണ്ട് തല്ലിച്ചതച്ചു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട അവളെ ഒരു കാവൽക്കാരന് കൈക്കൂലി നൽകിയാണ് രഹസ്യ സംഘടന രക്ഷപ്പെടുത്തിയത്. 'വെടിയേറ്റു മരിച്ചു' എന്ന് രേഖകളിൽ കുറിക്കപ്പെട്ടതോടെ ഐറീന ഒരു നിഴലായി മാറി വീണ്ടും തന്റെ ദൗത്യം തുടർന്നു.

യുദ്ധം അവസാനിച്ചപ്പോൾ ഐറീന ആദ്യം ചെയ്തത് ആ മരത്തിന് താഴെ കുഴിച്ചിട്ട കുപ്പികൾ പുറത്തെടുക്കുക എന്നതായിരുന്നു. ചിതറിപ്പോയ ആ 2,500 കുട്ടികളെ യും അവരുടെ ബന്ധുക്കളെയും കണ്ടെത്താൻ അവൾ വർഷങ്ങ ളോളം അലഞ്ഞു. മിക്ക കുട്ടികളുടെയും മാതാപിതാക്കൾ കൊല്ലപ്പെട്ടിരുന്നെങ്കിലും, ഐറീനയിലൂടെ ആ കുഞ്ഞുങ്ങൾ ജീവിതത്തിലേക്ക് തിരികെ വന്നു. അവർ വളർന്നു, വിവാഹം കഴിച്ചു, കുടുംബങ്ങളായി നാസികൾക്ക് മുറിച്ചുമാറ്റാൻ കഴിയാത്ത മാനവികതയുടെ ഒരു വലിയ ശാഖയായി അവർ പടർന്നു പന്തലിച്ചു.

വർഷങ്ങളോളം ആരുമറിയാതെ പോയ ഐറീനയുടെ കഥ, 1999-ൽ കൻസാസിലെ ചില വിദ്യാർത്ഥികളിലൂടെയാണ് ലോകം വീണ്ടും അറിഞ്ഞത്. ലോകം അവളെ 'മഹതി' എന്ന് വിളിച്ചപ്പോൾ അവൾ വിനീതയായി പറഞ്ഞു: 'എനിക്ക് ഇനിയും കൂടുതൽ പേരെ രക്ഷിക്കാമായിരുന്നു, ആ സങ്കടം എന്നെ എന്നും വേട്ടയാടും.

നിശ്ചയദാർഢ്യമുള്ള ഒരു മനസ്സിന് ഏറ്റവും വലിയ തിന്മയ്ക്കിടയിലും വെളിച്ചം കൊണ്ടുവരാൻ കഴിയുമെന്ന് ഐറീന സെൻഡ്‌ലർ തന്റെ ജീവിതത്തിലൂടെ തെളിയിച്ചു.

# പ്രകൃതിയോടൊപ്പം, നാളേയ്ക്കായി

**എ.ആർ.കെ. വടുതല**

**ജൂൺ 05,ലോക പരിസ്ഥിതി ദിനം**

നമ്മുടെ വീടിന്റെ മുറ്റത്ത് ഒരു തുമ്പപ്പൂ വിരിയുന്നതോ, കത്തുന്ന വേനൽച്ചൂടിനിടയിൽ അപ്രതീക്ഷിതമായി പെയ്യുന്ന ഒരു മഴത്തുള്ളി ഉണങ്ങിയ മണ്ണിൽ വീഴുമ്പോൾ ഉയരുന്ന ആ മണമോ ഒക്കെ എത്ര മനോഹരമാണ്. പ്രകൃതി എന്നും നമുക്ക് നൽകിയിട്ടുള്ളത് ഇത്തരം കൊച്ചു കൊച്ചു സന്തോഷങ്ങളാണ്. ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ നാം പലപ്പോഴും കാണാതെ പോകുന്ന ഈ വിസ്മയങ്ങൾ യഥാർത്ഥത്തിൽ പ്രകൃതി നമുക്ക് നൽകുന്ന ഏറ്റവും വലിയ സമ്മാനങ്ങളാണ്. എന്നാൽ ഇന്ന് ഈ മനോഹാരിതയ്ക്ക് മുകളിൽ വലിയൊരു ആശങ്കയുടെ നിഴൽ വീണിരിക്കുന്നു. 2026-ലെ ലോക പരിസ്ഥിതി ദിനം നമ്മോട് വിളിച്ചുപറയുന്നത് ഒരൊറ്റ കാര്യമാണ്; പ്രകൃതിയെ നോക്കി പഠിക്കുക, നമുക്കും നമ്മുടെ വരുംതലമുറയ്ക്കും വേണ്ടി ഈ ഭൂമിയെ സംരക്ഷിക്കുക.

**നമ്മെ ഊട്ടുന്ന മണ്ണും, ദാഹം തീർക്കുന്ന ജലവും, ശ്വസിക്കാൻ പ്രാണവായു നൽകുന്ന മരങ്ങളും പ്രകൃതിയുടെ വിശാല മായ മനസ്സിന്റെ അടയാളങ്ങളാണ്. ഒരമ്മയെപ്പോലെ നമ്മെ പരിപാലിക്കുന്ന പ്രകൃതിക്ക് പക്ഷേ ഇന്ന് സുഖമില്ല. കാടുകൾ ഓരോ ദിവസവും കുറഞ്ഞു കൊണ്ടിരിക്കുന്നു, പുഴകൾ വറ്റിവരണ്ടു പോകുന്നു, വേനൽക്കാലത്തെ ചൂട് സഹിക്കാവുന്നതിലും അധികമായി വർദ്ധിക്കുന്നു. ഇതൊന്നും പ്രകൃതിയുടെ സ്വാഭാവികമായ മാറ്റങ്ങളല്ല, മറിച്ച് മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകൾ വരുത്തിവെച്ച ആഘാതങ്ങളാണ്. പ്രകൃതിയിൽ നിന്ന് എല്ലാം സ്വായത്തമാക്കാൻ മാത്രം പഠിച്ച നാം, തിരികെ ഒന്നും നൽകാൻ മറന്നുപോയി എന്ന തിരിച്ചറിവാണ് ഈ പരിസ്ഥിതി ദിനത്തിൽ നമുക്ക് ഉണ്ടാകേണ്ട ഏറ്റവും വലിയ ബോധ്യം.**

പരിസ്ഥിതി സംരക്ഷണം എന്നത് വലിയ പ്രസംഗങ്ങളിലോ സെമിനാറുകളിലോ മാത്രം ഒതുങ്ങിനിൽക്കേണ്ട ഒരു വിഷയമല്ല. നമ്മുടെ ഓരോരുത്തരുടെയും ജീവിതശൈലിയിൽ ഉണ്ടാകുന്ന ചെറിയ മാറ്റങ്ങളിൽ നിന്നാണ് വലിയ വിപ്ലവങ്ങൾ പിറക്കുന്നത്. വീട്ടുമുറ്റത്ത് ഒരു മരം നട്ടുപിടിപ്പിക്കുന്നത് ഒരു ചെറിയ കാര്യമായി ഇന്ന് നമുക്ക് തോന്നാം. എന്നാൽ ആ മരം ഭാവിയിൽ ഒരു വലിയ തണലാകുകയും അനേകം ജീവജാലങ്ങൾക്ക് അഭയമാകുകയും ചെയ്യും.

പ്ലാസ്റ്റിക് കവറുകൾ പരമാവധി ഒഴിവാക്കുന്നതും, വെള്ളം ഒട്ടും പാഴാക്കാതെ ഉപയോഗിക്കുന്നതും, അനാവശ്യമായി വൈദ്യുതി ഉപയോഗിക്കാത്തതും ഒക്കെ നാം ഭൂമിയെന്ന അമ്മയ്ക്ക് നൽകുന്ന വലിയ സ്നേഹമാണ്. പ്രകൃതിയിൽനിന്ന് പ്രചോദനം ഉൾക്കൊള്ളാൻ നാം തയ്യാറാകണം. ഒരു കാട് എങ്ങനെയാണ് മനുഷ്യസഹായമില്ലാതെ സ്വയം വളരുന്നത് എന്ന് നിരീക്ഷിച്ചാൽ നമുക്ക് പലതും മനസ്സിലാകും. അവിടെ ആരും ഒന്നിനെയും നശിപ്പിക്കുന്നില്ല, എല്ലാവരും പരസ്പരം സഹായിച്ച് സഹവർത്തിത്വത്തോടെ വളരുന്നു. ആ ഒരു രീതി നമ്മുടെ ജീവിതത്തിലേക്കും വരികയാണെങ്കിൽ പരിസ്ഥിതി നാശം എന്ന ഭീഷണി ഇല്ലാതാക്കാൻ നമുക്ക് സാധിക്കും.

നമ്മുടെ കുട്ടികൾക്ക് നാം വലിയ വീടുകളും വാഹനങ്ങളും വൻതോതിലുള്ള ബാങ്ക് സമ്പാദ്യവും കരുതിവെക്കുന്നുണ്ടാകാം. മക്കൾ സുരക്ഷിതരായിരിക്കണം എന്ന മാതാപിതാക്കളുടെ ആഗ്രഹം സ്വാഭാവികമാണ്. പക്ഷേ, അവർക്ക് ശ്വസിക്കാൻ ശുദ്ധവായുവും കുടിക്കാൻ തെളിനീരും ഇല്ലെങ്കിൽ ആ സമ്പാദ്യം കൊണ്ട് എന്ത് ഗുണമാണുള്ളത്? **കരിങ്കൽ കെട്ടുകൾക്കും കോൺക്രീറ്റ് സൗധങ്ങൾക്കും ഇടയിലും ഒരു ചെറിയ ചെടിയെങ്കിലും വളർത്താൻ നമുക്ക് മനസ്സ് വരണം. ഓരോ തുള്ളി വെള്ളത്തിലും ഓരോ പച്ചിലയിലും ദൈവത്തിന്റെ കയ്യൊപ്പുണ്ടെന്ന് നാം തിരിച്ചറി യണം. വരുംതലമുറയ്ക്ക് നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം പച്ചപ്പുള്ള, ജീവിക്കാൻ അനുയോജ്യമായ ഒരു ഭൂമിയാണ്.**

ഈ ലോക പരിസ്ഥിതി ദിനത്തിൽ നമുക്ക് ഒത്തുചേർന്ന് ഒരു വലിയ പ്രതിജ്ഞ എടുക്കാം. പ്രകൃതിയെ മനഃപൂർവ്വം നോവിക്കില്ലെന്നും, അറിയാതെപോലും മണ്ണിൽ വിഷം കലർത്തില്ലെന്നും നമുക്ക് തീരുമാനിക്കാം. ലോകം മുഴുവൻ ആഗോളതാപനത്തെക്കുറിച്ചും വലിയ മാറ്റങ്ങളെക്കുറിച്ചും സംസാരിക്കുമ്പോൾ, നമുക്ക് നമ്മുടെ വീടിന്റെ പരിസരത്തുനിന്ന് ആ മാറ്റം തുടങ്ങാം. സ്വന്തം പുരയിടത്തിൽ പെയ്യുന്ന മഴവെള്ളം മണ്ണിലേക്ക് ഇറങ്ങാൻ അനുവദിക്കുന്നതും, അടുക്കളമാലിന്യങ്ങൾ വളമാക്കി മാറ്റുന്നതും വഴി നാം ചെയ്യുന്നത് വലിയൊരു സേവനമാണ്.

പ്രകൃതി ശാന്തമായാൽ മാത്രമേ മനുഷ്യനും സമാധാനമുണ്ടാകൂ എന്ന് നാം ഓർക്കണം. പ്രകൃതിയുടെ താളം തെറ്റുമ്പോൾ അത് മനുഷ്യവംശത്തിന്റെ തന്നെ നാശത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പ്രകൃതി ഒരു പാട്ടാണെങ്കിൽ, ആ പാട്ടിന്റെ താളം തെറ്റിക്കാതെ നമുക്ക് അതിനോടൊപ്പം ചേരാം. പ്രകൃതിയോടൊപ്പം നടക്കാം, വരുംകാലത്തെ സുരക്ഷിതമാക്കാം. ഈ ഭൂമി നമുക്ക് മാത്രം അവകാശപ്പെട്ടതല്ല, വരാനിരിക്കുന്ന എല്ലാ ജീവജാലങ്ങൾക്കും ഉള്ളതാണെന്ന ബോധ്യത്തോടെ നമുക്ക് മുന്നോട്ട് നീങ്ങാം.

# വിത്തിൽനിന്ന് വിജയത്തിലേക്ക്

*മണ്ണിന്റെ മണവും വിയർപ്പിന്റെ ചൂടും ചേർന്ന് ജീവന്റെ കഥകൾ എഴുതുന്നവരാണ് കർഷകർ. പ്രകൃതിയോട് ചേർന്നുനിന്ന്, കാലാവസ്ഥയുടെ മാറ്റങ്ങളെയും പ്രതിസന്ധികളെയും മറികടന്ന്, ഓരോ വിത്തും പ്രതീക്ഷയായി വിതച്ച് വളർത്തുന്നവർ. വരാപ്പുഴ ക്രിസ്തുരാജ ഇടവകാഗം കാനപ്പിള്ളി മധു അഗസ്റ്റിന്റെ ജീവിതം ഏതൊരാൾക്കും മാതൃകയാണ്. കൃഷിയെ ഒരു തൊഴിൽ മാത്രമായിട്ടല്ല, ഒരു ജീവിതമാർഗ്ഗവും ധർമ്മവുമാക്കി മാറ്റിയ ഈ നല്ല കർഷകന്റെ അനുഭവങ്ങളും ആശയങ്ങളും ജീവദീപതിയുമായി പങ്കുവയ്ക്കുന്നു.....*



**സിബി ജോയ്**



**എങ്ങനെയാണ് താങ്കൾ കൃഷിയിലേക്ക് എത്തിയത്?**

സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമക്ക് പഠിക്കുന്ന സമയത്താണ് ഞങ്ങൾക്ക് ഉണ്ടായിരുന്ന സ്ഥലത്ത് ആദ്യമായി കപ്പ കൃഷി ചെയ്യാം എന്ന തോന്നൽ ഉണ്ടായത്. എന്റെ അപ്പച്ചൻ അതിനെന്നെ സഹായിച്ചിട്ടുണ്ട്. കപ്പ കൃഷിയിൽ നിന്ന് മാനസികമായി വളരെ സന്തോഷം തോന്നി. അതിനുശേഷം അവിടെ നെൽകൃഷി പരീക്ഷിച്ചു. അത്

അത്ര എളുപ്പമുള്ള ഒരു കാര്യമായിരുന്നില്ല. പിന്നീടാണ് വാഴ കൃഷി ചെയ്യാൻ തീരുമാനിച്ചത്.

### തുടക്കത്തിൽ നേരിട്ട പ്രധാന വെല്ലുവിളികൾ എന്തൊക്കെയായിരുന്നു?

ആദ്യം 10 സെന്റിലാണ് വാഴ കൃഷി ചെയ്യാൻ തുടങ്ങിയത്. അന്ന് ഞാൻ വാഴക്കൃഷിയെപ്പറ്റി പഠിക്കാൻ തുടങ്ങിയിട്ടേയുള്ളൂ. വാഴക്കുണ്ടാകുന്ന ചില രോഗങ്ങൾ, ചെല്ലി പോലെയുള്ള കീടങ്ങളുടെ ആക്രമണം, മഴക്കാലത്ത് ഉണ്ടാവുന്ന വെള്ളക്കെട്ട്, കാറ്റ് ഇവയൊക്കെ എങ്ങനെ പ്രതിരോധിക്കണം എന്ന് എനിക്ക് കൃത്യമായിട്ടുള്ള അറിവ് ഉണ്ടായില്ല. പിന്നീട് കൃഷിഭവൻ നടത്തിയ ക്ലാസുകളിലൊക്കെ പങ്കെടുത്ത് ഇതിനെപ്പറ്റി അറിവുകൾ ലഭിക്കാൻ തുടങ്ങി.

### എന്തൊക്കെയാണ് പ്രധാനമായി ചെയ്തു വരുന്ന കൃഷികൾ?

പ്രധാനമായിട്ടും നേന്ത്രവാഴയാണ് കൃഷി ചെയ്യുന്നത്. ഇപ്പോൾ റോബസ്റ്റ, പൂവൻ, പാളയം തോടൻ തുടങ്ങിയ ഇനങ്ങളും ചെറിയ രീതിയിലുണ്ട്. വാഴകൾ നടുന്ന സമയത്ത് ഇടവിളയായി പയർ, വെണ്ട, ചീര തുടങ്ങിയ പച്ചക്കറികളും നടാറുണ്ട്.

### രാസവളങ്ങൾക്കും കീടനാശിനികൾക്കും പകരം എന്താണ് ഉപയോഗിക്കുന്നത്?

ആറ്റുനേന്ത്രൻ വാഴ വിഭാഗത്തിൽപ്പെട്ട ഇനമാണ് ഞാൻ കൃഷിക്കായി ഉപയോഗിക്കുന്നത്. അത് പാകമാകാൻ 10 മാസം എടുക്കും. വാഴ കന്ന് വയ്ക്കുന്ന സമയത്ത് മണ്ണിൽ ഓർഗാനിക് മിക്സർ, എല്ലുപൊടി, വേപ്പിൻപിണ്ണാക്ക്, കപ്പലണ്ടി പിണ്ണാക്ക് എന്നിവ പ്രധാനമായും നൽകുന്നു. ഇടയ്ക്ക് വളമായി കപ്പലണ്ടി പിണ്ണാക്ക് പൊടിച്ചതും ചാണക പൊടിയും ഇടാറുണ്ട്.

### ജലവിനിയോഗത്തിന് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കുന്നത്?

ജലസേചനത്തിനായി കിണർ വെള്ളമാണ് ഉപയോഗിക്കുന്നത്. വെള്ളം മോട്ടോർ ഉപയോഗിച്ച് തോടുകളിലേക്ക് പമ്പ് ചെയ്ത് നിറയ്ക്കുന്നു. വാഴയുടെ വേരുകൾ വെളുത്ത നിറത്തിൽ മുകളിലേക്കാണ് സാധാരണ വളരുന്നതെന്ന് നമ്മൾ ശ്രദ്ധിച്ചു നോക്കിയാൽ കാണാൻ പറ്റും. നിര നിരയായിട്ടാണ് വാഴകൾ കൃഷി ചെയ്യുന്നത്. ഒരു നിരയിൽ ഏകദേശം എട്ടോ പത്തോ വാഴകൾ വീതം നടും. ഈ നിരകൾക്കിടയിൽ തോടുകൾ നിർമ്മിച്ചിട്ടുണ്ട്. തോടുകളിൽ വെള്ളം നിറച്ചിടുന്നത് വഴി മുഴുവൻ സമയവും വാഴത്തോട്ടത്തിൽ നനവ് ഉണ്ടാവും.

### കൃഷി സാമ്പത്തികമായി എത്രത്തോളം ലാഭകരമാണ്?

സാമ്പത്തിക ലാഭം മാത്രം പ്രതീക്ഷിച്ച് കൃഷിയിലേക്ക് ഇറങ്ങരുത് എന്നാണ് എന്റെ അഭിപ്രായം. കൃഷിയിലൂടെ എപ്പോഴും ലാഭം മാത്രം ലഭിക്കും എന്ന് കരുതരുത്. കാലാവസ്ഥയും അതിന് ഒരു പ്രധാന ഘടകമാണ്. മറ്റുള്ളവർക്ക് ചെയ്യുന്ന ഒരു സേവനം കൂടിയാണ് കൃഷി എന്നു കണ്ടു കൊണ്ട് ചെയ്താൽ ഏറെ മാനസിക സന്തോഷം ലഭിക്കും.

### വിപണനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെ?

ഞാൻ പ്രധാനമായും സീസൺ കൃഷിയാണ് ചെയ്യുന്നത്. ഇപ്പോൾ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന വാഴ അടുത്ത ഓണം വിപണി മുന്നിൽകണ്ടാണ് ചെയ്തിരിക്കുന്നത്. ആ സമയത്ത് അത്യാവശ്യ വില ലഭിക്കും. ഞാൻ സ്വാശ്രയ കർഷക വിപണിയിലെ VFPCK മെമ്പറാണ്. എന്റെ തോട്ടത്തിൽ ഉണ്ടാവുന്ന വാഴക്കുലകൾ ഞാൻ പ്രധാനമായും ഈ കർഷക വിപണി വഴിയാണ് വിറ്റഴിക്കുന്നത്. ഇതുവഴി എനിക്ക് അത്യാവശ്യം വില ലഭിക്കാറുണ്ട്. കടുങ്ങല്ലൂർ സ്വാശ്രയ കർഷക വിപണി വഴി വിറ്റഴിക്കുന്നത് കൊണ്ട് വിപണനത്തിൽ എനിക്ക് വലിയ ബുദ്ധിമുട്ടുകൾ നേരിടാറില്ല. എറണാകുളം ജില്ലയിൽ നിന്നുള്ള ഭൂരിഭാഗം കച്ചവടക്കാരും ഇവിടെനിന്ന് ലേലത്തിൽ വാങ്ങുന്നത് കൊണ്ട് നാടൻ വാഴക്കുലകൾക്ക് നല്ല വില ലഭിക്കാറുമുണ്ട്.

### ജീവിതത്തിൽ കൃഷി എങ്ങനെയൊക്കെ മാറ്റം വരുത്തി?

പ്രകൃതി മനുഷ്യന്റെ മാത്രമല്ലല്ലോ. അത് പക്ഷികൾക്കും മൃഗങ്ങൾക്കും സസ്യങ്ങൾക്കും അവകാശപ്പെട്ടതാണ്. അവയെയും നാം സംരക്ഷിക്കണം എന്നതാണ് എന്റെ കാഴ്ചപ്പാട്. കൃഷി ചെയ്യാൻ തുടങ്ങിയതിനു ശേഷം കുറച്ചുകൂടെ സൗമ്യതയോടെ പെരുമാറാനും, ക്ഷമയോടെ കാത്തിരിക്കാനും, എല്ലാറ്റിനും ഉപരിയായി ദൈവത്തിൽ ആശ്രയിക്കാനും പരിശീലനം കിട്ടിയിട്ടുണ്ട്

### സർക്കാർ, സംഘടനകളിൽ നിന്നുള്ള സഹായങ്ങൾ ലഭ്യമാകാറുണ്ടോ?

സർക്കാരിൽ നിന്ന് വിള ഇൻഷുറൻസ് ലഭിക്കാറുണ്ട്. കെഎസ്ഇബിയുടെ സബ്സിഡി പ്രകാരം ഇലക്ട്രിക് ബില്ല് ചെറിയൊരു ശതമാനം മാത്രം അടച്ചാൽ മതിയാകും. കൂടാതെ കൃഷിഭവനിൽ നിന്ന് വളത്തിന് സബ്സിഡിയും ലഭിക്കുന്നുണ്ട്.

കൊങ്ങോർപ്പിള്ളി, വരാപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലായി ഒരേക്കറോളം വരുന്ന ഭൂമിയിലാണ് മധുവിന്റെ കൃഷി. എല്ലാ ദിവസവും രാവിലെ ദിവ്യബലിയിൽ പങ്കെടുത്തതിനുശേഷം ആണ് മധു കൃഷി സ്ഥലത്തേക്ക് പോകാറുള്ളത്. വരാപ്പുഴ ചെട്ടിഭാഗം ക്രിസ്തുരാജ പള്ളിയുടെ ഓഫീസ് സ്റ്റാഫായ ഭാര്യ ജോസ്നയും അമ്മ ബേബിയും അടങ്ങുന്നതാണ് മധുവിന്റെ കുടുംബം.

# അതിജീവനത്തിന്റെ കരുത്തുമായി ജൂൺ 23






Sr.Regeena Xavier ACI

**മഴമേഘങ്ങൾ ആകാശത്ത് വിരുന്നെത്തുന്ന ജൂൺ മാസം. പ്രകൃതി പുതുജീവൻ പ്രാപിക്കുമ്പോൾ, ജൂൺ 23-ന് ലോകം മറ്റൊരു പ്രധാനപ്പെട്ട ദിനത്തിന് സാക്ഷ്യം വഹിക്കുന്നു. ലോക വിധവാ ദിനം. ജീവിതത്തിന്റെ പാതിവഴിയിൽ പ്രിയപ്പെട്ടവർ യാത്രപറഞ്ഞു പോയപ്പോൾ, ശൂന്യമായ ഹൃദയവും പേറി തനിച്ചായിപ്പോയ സഹോദരിമാരെ ഓർക്കാനും അവർക്ക് കരുത്തു പകരാനും സഭയും സമൂഹവും ഒന്നിക്കുന്ന ദിനം. ഈ ദിനം കണ്ണീരിന്റെ കയ്പിനെക്കുറിച്ചുള്ള ഓർമ്മപ്പെടു ത്തലല്ല, മറിച്ച് ആ കയ്പിൽ നിന്ന് അതിജീവനത്തിന്റെ മധുരം കണ്ടെത്തിയ പോരാളികളെ ആദരിക്കേണ്ട നിമിഷമാണ്.**

കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം വിധവകളെ സംരക്ഷിക്കുക എന്നത് ഒരു പുണ്യകർമ്മം മാത്രമല്ല, അത് ക്രിസ്തു ഏൽപ്പിച്ച ദൈവീകമായ ദൗത്യം കൂടിയാണ്. പലപ്പോഴും നമ്മുടെ സമൂഹം വിധവകളെ സഹതാപത്തിന്റെ നിഴലിലോ, വിവേചനത്തിന്റെ മതിലുകൾക്കുള്ളിലോ മാറ്റിനിർത്താറുണ്ട്. എന്നാൽ ബൈബിൾ നമ്മോട് പറയുന്നത് മറ്റൊന്നാണ്. 'അനാഥരുടെയും വിധവകളുടെയും സംരക്ഷകൻ' എന്നാണ് ദൈവം വിശേഷിപ്പിക്കപ്പെടുന്നത്. സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നതുപോലെ, തകർന്നുപോയ ഹൃദയങ്ങളെ ചേർത്തുപിടിക്കുന്ന ദൈവത്തിന്റെ പ്രതിരൂപങ്ങളാകാൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്.

വേദനയിൽ നിന്ന് വിടരുന്ന കരുത്ത്

ഒരു സ്ത്രീയുടെ ജീവിതത്തിൽ പ്രിയപ്പെട്ടവന്റെ വിയോഗം ഉണ്ടാക്കുന്ന ശൂന്യത വാക്കുകൾക്ക് അപ്പുറമാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ, മക്കളുടെ ഭാവി, സമൂഹത്തിന്റെ കുത്തുവാക്കുകൾ ഇങ്ങനെ നീളുന്ന വെല്ലുവിളികൾക്കിടയിലും തളരാതെ നിൽക്കുന്ന അവരോട് ഈ താളുകളിലൂടെ നമുക്ക് പറയാനുള്ളത് ഒന്നേയുള്ളൂ: നിങ്ങൾ ഒറ്റയ്ക്കല്ല. വിശുദ്ധ മദർ തെരേസ ഒരിക്കൽ പറഞ്ഞു, 'ഏറ്റവും വലിയ ദാരിദ്ര്യം സ്നേഹിക്കപ്പെടാത്തതും ആരും ഇല്ലാത്തതുമാണ്.' നമ്മുടെ ഇടവകകളിലും അയൽപക്കങ്ങളിലും ഇത്തരത്തിൽ ഒറ്റപ്പെട്ടവരെ സ്നേഹംകൊണ്ട് നിറയ്ക്കാനും അവർക്ക് തുണയാകാനും നമുക്ക് കഴിയണം.

വിധവ എന്ന വാക്കിന് 'അവശയായവൾ' എന്നല്ല, 'അതിജീവിച്ചവൾ' എന്നാണ് പുതിയ കാലം അർത്ഥം നൽകേണ്ടത്. സ്വന്തം മക്കളെ വളർത്താൻ രാപ്പകൽ അധ്വാനിക്കുന്ന, വീടിന്റെ ഭാരം തനിച്ച് ചുമലിലേറ്റുന്ന ആ കരുത്തരായ സ്ത്രീകൾ നമ്മുടെ യഥാർത്ഥ നായകന്മാരാണ്. തളർന്നുപോകാൻ നൂറു

കാരണങ്ങൾ മുന്നിലുണ്ടായിട്ടും, ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം മുറുകെപ്പിടിച്ച് മുന്നോട്ട് പോകുന്ന അവർ വിശ്വാസസമൂഹ ത്തിന് വലിയൊരു മാതൃകയാണ്. 'ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്' എന്ന ദൈവവചനം അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ കൈത്താങ്ങായി മാറുന്നു.

നമ്മുടെ ഇടവക സമൂഹങ്ങളിൽ വിധവകൾക്കായി പ്രത്യേക കൂട്ടായ്മകളും അവർക്ക് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള വഴികളും നാം ഒരുക്കേണ്ടതുണ്ട്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ തിമോത്തിയോസിന് അയച്ച കത്തിൽ വിധവകളെ ആദരിക്കേണ്ടതിനെക്കുറിച്ച് പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്. അവരുടെ പ്രാർത്ഥനകൾക്കും അനുഭവങ്ങൾക്കും സഭയിൽ വലിയ സ്ഥാനമുണ്ട്. അനുഭവസമ്പന്നരായ ഈ സഹോദരിമാർക്ക് യുവതലമുറയെ വഴിനയിക്കാൻ വലിയ പങ്കുവഹിക്കാൻ കഴിയും.

**ലോകം ഈ ദിനം ആചരിക്കുമ്പോൾ, അത് അവർക്ക് വേണ്ടിയുള്ള വെറും സഹതാപ പ്രകടനമായി മാറരുത്. പകരം, അവർക്ക് അർഹമായ അവകാശങ്ങളും മാന്യമായ സ്ഥാനവും ഉറപ്പാക്കാനുള്ള പ്രതിജ്ഞയാകണം. മക്കൾക്കും കുടുംബത്തിനും വേണ്ടി സ്വന്തം ജീവിതം ഹോമിച്ച അവർക്ക് ശിഷ്ടകാലം സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കാൻ കഴിയണം. പ്രത്യാശ എന്നത് ഒരിക്കലും കെട്ടുപോകാത്ത ഒരു വിളക്കാണ്. ഓരോ ഇരുണ്ട രാത്രിക്ക് ശേഷവും ഒരു വെളിച്ചമുണ്ടെന്ന് അവർക്ക് നാം പകർന്നു നൽകണം.**

ജീവിതം അവിടെ അവസാനിക്കുന്നില്ല. ഓരോ തകർച്ചയും പുതിയൊരു തുടക്കത്തിന് വേണ്ടിയുള്ളതാണ്. ക്രിസ്തുവിന്റെ സ്നേഹം നൽകുന്ന പ്രത്യാശയിൽ നമുക്ക് ഈ സഹോദരിമാരെ ചേർത്തുപിടിക്കാം. സഭയുടെയും സമൂഹത്തിന്റെയും സ്നേഹോഷ്മളമായ സാന്നിധ്യം അവരോടൊപ്പം ഉണ്ടാവട്ടെ. നഷ്ടപ്പെട്ടതിനെ ഓർത്ത് വിലപിക്കാതെ, ബാക്കിയുള്ള ജീവിതത്തെ ധീരമായി നേരിടാൻ ഓരോ വിധവയ്ക്കും ദൈവത്തിന്റെ അനുഗ്രഹമുണ്ടാകട്ടെ. **ഈ ലോക വിധവാ ദിനത്തിൽ നമുക്ക് അവരോട് ആദരവോടെ പറയാം: 'നിങ്ങൾ പ്രിയപ്പെട്ടവരാണ്, നിങ്ങൾ വിലപ്പെട്ടവരാണ്, നിങ്ങൾ ഒരിക്കലും ഒറ്റയ്ക്കല്ല.'**

*പാചകം*

# *സ്വീഡിഷ് ഓട്സ് കുക്കീസ്*





**ടോണി ജോസഫ് ജോൺ**

ഓട്സ് – 100 ഗ്രാം
മൈദ – 90 ഗ്രാം
പഞ്ചസാര – 70 ഗ്രാം
ബേക്കിംഗ് പൗഡർ – അര ടീസ് പൂൺ
ഉപ്പ് – ഒരു നുള്ള്
ബട്ടർ – 70 ഗ്രാം
മുട്ട – 1 എണ്ണം
വാനില എസ്സെൻസ് – 1 ടീസ്പൂൺ

തയ്യാറാക്കുന്ന വിധം

ഒരു പാത്രത്തിൽ മുട്ടയും പഞ്ചസാരയും ചേർത്ത് നന്നായി യോജിപ്പിക്കുക. ഇതിലേക്ക്, ഉരുക്കിയ ബട്ടർ, വാനില എസ്സെൻസ് എന്നിവ ചേർത്ത് നന്നായി ഇളക്കുക. അടുത്തതായി മൈദ, ബേക്കിംഗ് പൗഡർ, ഓട്സ് എന്നിവ ഈ മിശ്രിതത്തിലേക്ക് ചേർത്ത് ഒരു മാവ് രൂപപ്പെടുന്നത് വരെ നന്നായി കുഴയ്ക്കുക. ഒരു ഐസ്ക്രീം സ്കൂപ്പോ സ്പൂണോ ഉപയോഗിച്ച് മാവ് ചെറിയ ഉരുളകളാക്കി ബേക്കിംഗ് ഷീറ്റിൽ വയ്ക്കുക. ഇവയെ ചെറുതായി ഒന്ന് അമർത്തുക. കുക്കീസുകൾക്കിടയിൽ ആവശ്യത്തിന് സ്ഥലം ഉണ്ടെന്ന് ഉറപ്പുവരുത്തുക. എന്നിട്ട് 180 സെന്റിഗ്രേഡ് ചൂടിൽ 10–12 മിനിറ്റ് അല്ലെങ്കിൽ കുക്കീസ് ഗോൾഡൻ നിറം ആകുന്നത് വരെ ബേക്ക് ചെയ്തെടുക്കുക.

# ജലമിളകും നേരം

**ഷാജി സി.എം.ഐ.**

വേനൽമഴ പെയ്ത് അന്തരീക്ഷം നന്നായി തണുത്തിരുന്നു. അതിന്റെ ഒരു സുഖത്തിൽ കുറച്ചുനേരം കൂടി ചുരുണ്ടുകൂടി കിടന്നു. ഉത്തരവാദിത്ത്വത്തിലേക്ക് എഴുന്നേൽക്കാൻ മടിയായി. എന്താ ഇത്ര തിടുക്കം? കട്ടിൽ എന്നോട് ചോദിച്ചു. എന്നാൽ അല്പനേരംകൂടി. ഞാൻ മനസ്സിൽ കുറിച്ചു. അന്നത്തെ ദിവ്യബലി മദ്ധ്യേ വായിക്കേണ്ട സുവിശേഷം ഓർത്തെടുക്കാൻ ശ്രമിച്ചു. തലേദിവസം വായിച്ച് മനസ്സിലുറപ്പിച്ചതാണ്. അതേ, ബേത്സഥാ കുളക്കരയും തളർവാതരോഗിയും. “നീ നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്ക് പോകൂ.” യേശു തളർവാത രോഗിയോട് പറഞ്ഞ വാക്കുകൾ കേട്ടു. പെട്ടെന്ന് ഞാനും ചാടിയെഴുന്നേറ്റു. മനസ്സിൽ സുവിശേഷ ദൃശ്യങ്ങൾ ഒന്നൊന്നായി തെളിഞ്ഞു വന്നു.

യേശു ജെറുസലേമിൽ പെരുന്നാളിന് പോയി. അവിടെയുള്ള ബേത്സഥാ കുളക്കരയിൽ യേശു എത്തി. വലിയ ആൾക്കൂട്ടം. തിരുനാൾ കൂടാൻ വന്ന ജനമഹാസമുദ്രം. വഴിവാണിഭക്കാരും, ബലിയർപ്പിക്കാനുള്ള ഉരുക്കളും, കൈനോട്ടക്കാരും, കരിമ്പ് വിൽപ്പനക്കാരും, മാജിക് ഷോ, മത്സ്യകന്യക, സർപ്പയജ്ഞക്കാർ, അത്തിപ്പഴം, ഈന്തപ്പഴം വില്പനക്കാർ ഇങ്ങനെ ഒരു പള്ളി പെരുന്നാൾ കളറാകാൻ എന്തൊക്കെ വേണോ അതൊക്കെ അവിടെ ഉണ്ട്. കൂടെ എല്ലാ തിരുനാൾ ദൃശ്യങ്ങളിലും വരച്ചു ചേർക്കപ്പെടുന്ന ഭിക്ഷക്കാരുടെ ഒരു നിരയും. അവർ തമ്പടിച്ചിരുന്നത് ബദ്സെയ്ഥാ കുളക്കരയിലാണ്. ഒരുപക്ഷേ അവിടം മാത്രമായിരിക്കും ഭിക്ഷാടന നിരോധന മേഖല അല്ലാതിരുന്നത്.



Art by: Fr. Lijo Joshi

ബേത്സഥാ എന്ന വാക്കിന് കരുണയുടെ ഭവനം എന്നാണർത്ഥം. തീർത്ഥാടകരുടെ കരുണ യാചിച്ചുകൊണ്ടായിരിക്കണം അവിടെ രോഗികളും മുടന്തരും കുരുടരും തമ്പടിച്ചിരുന്നത്.

യഥാർത്ഥത്തിൽ അവിടം കരുണ വറ്റിയ ഇടമാണ്. ക്രിസ്തുവിന്റെ ശ്രദ്ധ തിരുനാളിന്റെ ആരവങ്ങളിലേക്കും ആഹ്ലാദങ്ങളിലേക്കും പോകുന്നില്ല. ആരും കാണാത്ത കാഴ്ചകളിലേക്ക് അവന്റെ ശ്രദ്ധ പതിയുന്നു. മനുഷ്യജീവിതത്തിന്റെ സങ്കടങ്ങളുടെ കാഴ്ചകളിലേക്ക്.

ബേത്സഥാ കുളത്തിന് അഞ്ച് പടവുകൾ ഉണ്ടായിരുന്നു. പഞ്ചേന്ദ്രിയങ്ങൾ പോലെ. അഞ്ച് പടവുകളെക്കുറിച്ചുള്ള നല്ലൊരു വായന കിട്ടിയത് ഇങ്ങനെയായിരുന്നു. ആദ്യത്തെ പടവ് ഏകാന്തതയുടേതാണ്. ബേത്സഥാ കുളക്കരയിൽ കിടക്കുന്ന രോഗിയുടെ, അതും തളർവാതരോഗിയുടെ മനോവ്യാപാരത്തിലൂടെയാണ് ലേഖകൻ അഞ്ച് പടവുകളെ വിലയിരുത്തുന്നത്. കുളത്തിൽ കൂടെക്കൂടെ ഒരു മാലാഖ വന്ന് ജലമിളക്കും. അപ്പോൾ ആദ്യം വെള്ളത്തിലിറങ്ങുന്നവൻ, അവന്, എന്ത് രോഗമുണ്ടായാലും സുഖപ്പെടും. വെള്ളത്തിന്റെ ചലനം കാത്ത് ഒരുപാട് രോഗികൾ അവിടെ കിടപ്പുണ്ടായിരുന്നു. മുപ്പത്തിയെട്ട് വർഷമായി കാത്തു കെട്ടി അവിടെ കിടന്നിരുന്ന ഒരു മനുഷ്യൻ. ഏകാന്തതയുടെ മുപ്പത്തിയെട്ട് വർഷങ്ങൾ. ജലമിളകുമ്പോൾ എന്നെ കുളത്തിലിറക്കാൻ ആരുമില്ല എന്ന സങ്കടത്തിന്റെ ഒറ്റപ്പെടലിന്റെ തിരയിളക്കം. ഇതാണ് ആദ്യത്തെ പടവ്.

രണ്ടാമത്തെ പടവ് നിസ്സഹായതയുടേതാണ്. തളർവാതത്തിന്റെ സ്വയം ചലനരഹിതമായ അവസ്ഥ. എങ്കിലും ആരൊക്കെയോ അയാൾക്ക് തുണയായി എത്തിയിരുന്നു. ഒറ്റക്കാര്യത്തിനൊഴിച്ച്-കുളത്തിൽ തിരയിളക്കമുണ്ടാകുമ്പോൾ അതിലേക്ക് അയാളെ തള്ളിയിടുന്ന കാര്യത്തിനൊഴിച്ച്. മൂന്നാമത്തെ പടവ് മുമ്പന്മാർ പിമ്പന്മാരാകുന്ന വേദനയാണ്. എനിക്ക് ഒരിക്കലും മുമ്പനാകാൻ കഴിയുന്നില്ല എന്നതാണ് അയാളുടെ നൊമ്പരം. ഞാനെപ്പോഴും പിന്നിലേക്ക് മാറിനിൽക്കുന്ന അവസ്ഥ. എന്നാൽ കുളപ്പടവിലെ കാത്തുനിൽപ്പിന്റെ കാര്യത്തിൽ അയാൾ മുമ്പനായിരുന്നു. മുപ്പത്തിയെട്ട് വർഷങ്ങളുടെ കാത്തിരിപ്പ്. നാലാമത്തെ പടവ് ശീലങ്ങളുടേതാണ്. ദീർഘകാലമായി ഒരുവൻ കട്ടിലിന്റെ മന്ത്രിക്കലിന് കീഴ്പ്പെടുമ്പോൾ അവന് എഴുന്നേൽക്കാൻ കഴിയാതെയാകും. ശീലങ്ങൾ അവനെ തളർവാതരോഗിയാക്കും. അഞ്ചാമത്തെ പടവ് കണ്ണീരിന്റെയും വ്യഥയുടേതുമാണ്. തളർവാതരോഗി അവിടെ കിടന്നുകൊണ്ട് പലരുടേയും രോഗശാന്തിയും സൗഖ്യവും കണ്ടു. നീണ്ട കാലമായി ഇവിടെ കാത്തുകിടന്നിട്ടും തനിക്കെന്തേ രോഗ സൗഖ്യം കിട്ടാത്തത് എന്ന് കണ്ണീരോടെ അയാൾ വിലപിക്കുന്നു.

പൊരുത്തക്കേടുകളോട് പൊരുത്തപ്പെട്ട് ജീവിച്ചവനാണ് ആ തളർവാതരോഗി. മുപ്പത്തിയെട്ട് വർഷമായി തളർന്നു കിടക്കുന്നയൊരാൾ. ക്രിസ്തു അയാളുടെ പക്കലെത്തുമ്പോൾ ക്രിസ്തുവിന് ഏതാണ്ട് മുപ്പത്തിരണ്ട് വയസ്സായിരിക്കണം പ്രായം. അതിന്റെ അർത്ഥം, ക്രിസ്തു ജനിക്കുന്നതിനും ആറു വർഷം മുമ്പ് അയാൾ അവിടെ വന്ന് കിടപ്പ് തുടങ്ങിയിട്ടുണ്ടാകണം. ക്രിസ്തു അയാളോട് ചോദിക്കുന്നു. നിനക്ക് സുഖപ്പെടുവാൻ താല്പര്യമുണ്ടോ? പെട്ടെന്ന് കേൾക്കുമ്പോൾ ഈർപ്പമുളവാക്കുന്നു ഒരു ചോദ്യമായിട്ടേ തോന്നൂ. കാരണം നാല് പതിറ്റാണ്ടായി സൗഖ്യം കാത്ത് കിടന്നയാളോടാണ് ഇങ്ങനെയൊരു ചോദ്യം. അയാൾ വേറെയെന്താണ് താല്പര്യപ്പെടുക?

ഒത്തിരിക്കാലം ഒരേയവസ്ഥയോട് പൊരുത്തപ്പെട്ട് ജീവിക്കുന്ന ഒരാൾക്ക് അതേയവസ്ഥയിൽ തുടരാൻ താല്പര്യമുണ്ടാകുക സ്വാഭാവികമാണ്. ഇനി ഇങ്ങനെ തന്നെ മതിയെന്ന് മനസ്സ് നിശ്ചയിക്കുന്നു. അയാൾ കുളക്കരയിൽ കിടക്കാൻ ഇഷ്ടപ്പെട്ടു. അയാളുടെ കണ്ണിനു മുന്നിൽ അത്ഭുതമുണ്ട്, സൗഖ്യമുണ്ട്. പക്ഷേ അയാൾക്ക് സൗഖ്യത്തിലേക്ക് പ്രവേശിക്കുവാൻ ശ്രമമില്ല. നിന്റെ ആഗ്രഹവും, മനസ്സിന്റെ വ്യക്തതയുമാണ് അത്ഭുതങ്ങളുടെ വിത്ത്.

തനിക്ക് ഇല്ലാതെ പോകുന്ന സഹായഹസ്തങ്ങളെക്കുറിച്ചാണ്. ജലമിളകുമ്പോൾ അതിലേക്കിറങ്ങാൻ തന്നെ സഹായിക്കാൻ ആരുമില്ല. അതായിരുന്നു അയാളുടെ സങ്കടം. എന്നാൽ, തന്നെ അടിപടലം ശുദ്ധനും സൗഖ്യനുമാക്കാൻ കഴിയുന്നവനാണ്. മുമ്പിൽ നിൽക്കുന്ന തെന്ന വലിയ സത്യം അയാൾ തിരിച്ചറിയുന്നില്ല.

തളർവാതരോഗിയുടെ സങ്കടം പറച്ചിലിന് എല്ലാക്കാലത്തേക്കും നീളുന്ന ധ്വനികളുണ്ട്. നമ്മുടെ വീടുകളും, കൂട്ടായ്മകളും, തൊഴിലിടങ്ങളുമൊക്കെ സൗഖ്യം നൽകുന്ന തീർത്ഥപടവുകളാകണം എന്നൊരു ധ്വനിയുണ്ട്.

***നമ്മൾ ബെദ്സെയ്ഥായുടെ തിരയിളക്കങ്ങളിൽ ശാന്തിയും സൗഖ്യവും കണ്ടെത്തുമ്പോൾ, കുളപ്പടവിൽ നമ്മുടെ സഹായം ആഗ്രഹിച്ച്, പ്രതീക്ഷിച്ച് ആരെങ്കിലുമൊക്കെ കിടക്കുന്നുണ്ടെങ്കിൽ അവരെ സൗഖ്യത്തിന്റെ തിരയിളക്കത്തിലേക്ക് കൈപിടിച്ച് കൊണ്ടുവരേണ്ട വലിയ ഉത്തരവാദിത്തമുണ്ട്. ബേത്സഥാ നമ്മെ ഓർമ്മിപ്പിക്കുന്ന രണ്ടാമത്തെ തലം ഇതാണ്. പ്രായംചെന്ന മാതാപിതാക്കളുടെ ആവശ്യങ്ങൾ, ഒന്ന് കേട്ടിരുന്നെങ്കിൽ എന്ന് കൊതിക്കുന്ന ജീവിതസഖിയുടെ ഇഷ്ടങ്ങൾ, കൊഞ്ചിക്കപ്പെടാനും ഇത്തിരി നേരം കൂടെയിരിക്കാനും കൊതിക്കുന്ന കുഞ്ഞുങ്ങളുടെ ദാഹങ്ങൾ. ഇവരെ സൗഖ്യത്തിലേക്ക് ആനയിക്കുവാൻ നമുക്കാകുമോ?***

ലഭിക്കാതെ പോയ സൗഖ്യങ്ങളേക്കാൾ കൊടുക്കാതെ പോയ സൗഖ്യങ്ങൾ എന്റെ വ്യാകുലങ്ങളാകട്ടെ. ബെദ്സെയ്ഥാ കൈയെത്തും ദൂരത്തുണ്ട്. ആദ്യം സ്വയം മുങ്ങി നിവരുക, അതിനുശേഷം മറ്റുള്ളവരേയും സൗഖ്യതീർത്ഥപടവുകളിലേക്ക് കൊണ്ടുവരിക. വിമാനത്തിൽ നൽകുന്ന മുന്നറിയിപ്പുപോലെ എന്തെങ്കിലും ഒരു അത്യാഹിതം സംഭവിച്ചാൽ സീറ്റിനു മുകളിലുള്ള ഓക്സിജൻ മാസ്ക് ആദ്യം സ്വയം അണിയുക. അതിനുശേഷം അടുത്തിരിക്കുന്നയാളെ ആവശ്യമെങ്കിൽ സഹായിക്കുക-അത് സ്വന്തമാണെങ്കിൽ പോലും കാരണം സൗഖ്യം കിട്ടിയവനേ സൗഖ്യം നൽകാനാകൂ. വൈദ്യാ, ആദ്യം നീ നിന്നെത്തന്നെ സുഖപ്പെടുത്തൂ!

# സ്വർഗീയ മന്ന ജീവന്റെ അപ്പം

***ജൂൺ 07 ഞായറാഴ്ച്ച ദിവ്യകാരുണ്യതിരുനാൾ***



**ഡോ. മാർട്ടിൻ**
**ശങ്കൂരിക്കൽ**



അപ്പവും അത്ഭുതവും മാത്രം തേടുന്ന വിശ്വാസികൾ എല്ലാക്കാലത്തും സുവിശേഷം വായിച്ചിട്ട് പറയും: "ഈ വചനം കഠിനമാണ്." ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രബോധനത്തിന് ശേഷമാണ് കേൾവിക്കാരുടെ ഈ കഠിന പ്രതികരണം. സത്യത്തിൽ ദിവ്യകാരുണ്യ പ്രബോധനം ചിലർക്ക് കഠിനമായതെന്തുകൊണ്ടാണ്? ജീവന്റെ മന്നയെക്കുറിച്ചുള്ള വചനം കഠിനമാകുന്നത് മനസ്സിലാക്കാൻ മിദ്രാഷിക് ലിറ്ററേച്ചറിൽ യഹൂദ റബ്ബിമാർ നടത്തുന്ന ഒരു വിശദീകരണത്തിന്റെ ചരിത്ര പശ്ചാത്തലം അറിയേണ്ടതുണ്ട്.

ജോഷ്വായുടെ പുസ്തകം അഞ്ചാം അധ്യായം പന്ത്രണ്ടാം വാക്യത്തിൽ മരുഭൂമിയാത്രയുടെ പശ്ചാത്തലത്തിൽ നമ്മൾ ഇങ്ങനെ വായിക്കുന്നു: "പിറ്റേന്ന് മുതൽ മന്ന വർഷിക്കാതായി. ഇസ്രായേൽ ജനത്തിന് പിന്നീട് മന്ന ലഭിച്ചില്ല" (ജോഷ്വ 5:12). മന്ന ലഭിക്കാതിരുന്ന അന്നുമുതൽ ഇസ്രായേൽക്കാർ എല്ലാവരും ചോദിക്കുന്ന ഒരു ചോദ്യമായിരുന്നു: "ഇപ്പോൾ എന്തുകൊണ്ട് മന്ന നമുക്ക് കിട്ടുന്നില്ല? ഇനി എന്നുമുതലാണ് നമുക്ക് മന്ന ലഭിക്കാൻ പോകുന്നത്"? അതിനു മറുപടിയായി ഇസ്രായേലിലെ റബ്ബിമാർ ജനങ്ങളോട് പറഞ്ഞിരുന്ന ഒരു കാര്യമുണ്ട്. "മിശിഹാ അഥവാ രക്ഷകൻ വരുമ്പോൾ ഇനി അപ്പത്തിന്റെ സമൃദ്ധി ഉണ്ടാകും. അന്നുമുതൽ നമുക്ക് മന്ന ലഭിച്ചുതുടങ്ങും. അതുകൊണ്ട് അപ്പത്തിന്റെ സമൃദ്ധി കാണുമ്പോൾ മിശിഹാ വന്നു എന്ന് കരുതാം."

യേശുവിന്റെ അപ്പം വർദ്ധിപ്പിക്കൽ കാണുമ്പോൾ അത് മിശിഹായാണ്, രക്ഷകനാണ്, പുതിയ രാജാവാണ് എന്നൊക്കെ വിളിച്ച് പറയുന്ന ജനത്തോട് ക്രിസ്തു ആവശ്യപ്പെട്ടു: ഗോതമ്പിന്റെ സത്തയ്ക്കപ്പുറത്തേക്ക് സഞ്ചരിക്കാൻ. എന്നാൽ മുഖമില്ലാത്ത ആൾക്കൂട്ടങ്ങൾ അപ്പോഴും ആർത്തുവിളിക്കുന്നത് അപ്പത്തിനും അത്ഭുതത്തിനും വേണ്ടി മാത്രമാണ്. അപ്പത്തിന് അപ്പുറമുള്ള സ്വർഗ്ഗീയ അപ്പത്തെ കാണാൻ അവരുടെ ആന്തരിക നേത്രങ്ങൾ തുറന്നില്ല. അപ്പവും അത്ഭുതവും മാത്രം തേടുന്ന വിശ്വാസികളോട് ക്രിസ്തു എന്നും ചോദിക്കുന്ന ചോദ്യമാണിത്: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? എല്ലാക്കാലവും വിശ്വാസികൾ അഭിമുഖീകരിക്കുന്ന ചോദ്യമാണിത്.

മനസ്സിലാക്കാൻ എളുപ്പമുള്ളത് തേടിപ്പോകുന്ന മനസ്സ് എന്നും മനുഷ്യനുണ്ട്.

കേൾവിക്ക് ഇമ്പമുള്ള പ്രഭാഷകരെ വിളിച്ചുകൂട്ടുന്നവരെക്കുറിച്ച് വിശുദ്ധ പൗലോസ് പറയുന്നുണ്ടല്ലോ! കണക്ക് പരീക്ഷയിലെ ചോദ്യംപോലെ എളുപ്പവഴിയിൽ ക്രിയ ചെയ്യുന്ന പരിപാടിയാണത്. അവർ സ്വർണ്ണക്കാളകൾ ഉണ്ടാക്കാൻ അഹറോന്മാരെ നിർബന്ധിക്കും. ഏത് കല്ലിനെയും അപ്പമാക്കും. ദേവാലയത്തിന്റെ മുകളിൽ നിന്ന് താഴേക്ക് ചാടും. ആർക്കുമുമ്പിലും കുമ്പിടും. എളുപ്പവഴിയിലൂടെ ചെയ്യാൻ ആഗ്രഹിക്കുന്ന അവർ പറയും: ദിവ്യകാരുണ്യത്തിന്റെ ചൈതന്യം കഠിനമാണ്. കാരണം, ഒറ്റിക്കൊടുക്കലുകളുടെ സങ്കട രാത്രികളിലാണ് കാരുണ്യം ദിവ്യകാരുണ്യമാകുന്നത്. അതിന് രക്തം വിയർക്കുന്ന ഗത്സമനികളിലൂടെ സഞ്ചരിക്കേണ്ടതായിട്ടുണ്ട്.

അപ്പത്തെ വെറും ഒരു അപ്പമായി കണ്ടവർക്ക് ഗോതമ്പിന്റെ സത്തയ്ക്കപ്പുറത്തേക്ക് സഞ്ചരിക്കാൻ സാധിക്കാതെ വന്നപ്പോൾ അന്ന് ആ ജനക്കൂട്ടം പറഞ്ഞു: "ഈ വചനം കഠിനമാണ്." ശരിയാണ്, ഇന്നും സാധാരണ ബുദ്ധിക്ക് ദിവ്യകാരുണ്യം മനസ്സിലാക്കാൻ കഠിനമായ വിസ്മയമാണ്. നാരായണൻകുട്ടിക്കും ബഷീറിനും അത് വെറും ഗോതമ്പപ്പമാകുമ്പോൾ തോമസിനും അന്നംകുട്ടിക്കും അത് ജീവന്റെ അപ്പമാകുന്നത് ഈ വിസ്മയത്തിന്റെ ഉള്ളടരുകൾ മനസ്സിലായതുകൊണ്ടാണ്.

*അപ്പത്തിന് അപ്പുറമുള്ള സ്വർഗ്ഗീയ അപ്പത്തെ കാണാൻ അവരുടെ ആന്തരിക നേത്രങ്ങൾ തുറന്നില്ല. അപ്പവും അത്ഭുതവും മാത്രം തേടുന്ന വിശ്വാസികളോട് ക്രിസ്തു എന്നും ചോദിക്കുന്ന ചോദ്യമാണിത്: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? എല്ലാക്കാലവും വിശ്വാസികൾ അഭിമുഖീകരിക്കുന്ന ചോദ്യമാണിത്.*

യുക്തിയുടെ മുഴക്കോൽ ഉപയോഗിച്ച് ദിവ്യകാരുണ്യത്തെ നോക്കുന്നവർ പറയും; "ഈ വചനം കഠിനമാണ്." എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ പറയും: "ഒരു ചെറുകാറ്റിൽ പറക്കുമീ ഗോതമ്പപ്പത്തിൽ വൻ കൊടുങ്കാറ്റുകൾ ഒടുക്കിയോനുണ്ടെന്നുള്ള നേരിൽ നീ നനയുക." ഈ ദിവ്യകാരുണ്യ വിസ്മയത്തിലേക്ക് വളരാൻ പലർക്കും ബുദ്ധിമുട്ടാണ്, യേശുവിന്റെ കാലത്തും ഇന്നും!

**വിശുദ്ധ ജോൺ മരിയവിയാനി ആർസിൽ സേവനം ചെയ്യുമ്പോൾ മിക്ക ദിവസവും പള്ളിയിൽ ഒരു കർഷകൻ വന്ന് മണിക്കൂറുകളോളം പ്രാർത്ഥിക്കുന്നത് കാണാറുണ്ട്. അനേകം മണിക്കൂറുകൾ ആ പാവപ്പെട്ട കർഷകൻ സക്രാരിയിൽ നോക്കിയിരിക്കും. വിശുദ്ധ വിയാനി ഒരിക്കൽ കർഷകനോട് ചോദിച്ചു: ഇത്രയും നേരം എങ്ങനെയാണ് ഇവിടെ ചെലവഴിക്കുന്നത്? പാവപ്പെട്ട കർഷകൻ പറഞ്ഞു: "ഞാൻ ദൈവത്തെ നോക്കും. ദൈവം എന്നെ നോക്കും. എത്ര സിമ്പിളായാണ് അയാൾ ദിവ്യകാരുണ്യ വിസ്മയം വിശദീകരിച്ചത്. ദൈവത്തെ നോക്കുന്ന നമ്മളെ ദൈവം നോക്കും എന്നുള്ള വിശ്വാസവും തിരിച്ചറിവുമാണത്. വിശുദ്ധ അഗസ്റ്റിൻ ഇങ്ങനെ എഴുതി: മനസ്സിലാക്കാനായി വിശ്വസിക്കുക. അതേ, ദിവ്യകാരുണ്യം യുക്തിയുടെ വിഷയമല്ല, ഹൃദയത്തിന്റെ ഭാവമാണ്!**

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

| | |
|---|---|
| 1.ഫാത്തിമമാതാ ചർച്ച്, എളംകുളം | - 10,000 രൂപ |
| 2.ലൂർദ്ദ്മാതാ ചർച്ച്, തേവക്കൽ | - 10,000 രൂപ |
| 3.സെന്റ് പീറ്റേഴ്സ് ചർച്ച്, വടുതല | - 10,000 രൂപ |
| 4.സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, കലൂർ | - 10,000 രൂപ |
| 5.ലൂർദ്ദ് മാതാ ചർച്ച്, എളമക്കര | - 10,000 രൂപ |
| 6.സെന്റ് പീറ്റർ & പോൾ ചർച്ച്, വെണ്ടുരുത്തി | - 10,500 രൂപ |
| 7.വിന്നി വല്ലാർപാടം | - 2,000 രൂപ |
| ആകെ | - 62,500/- രൂപ |

# ഞാൻ ഏയ്ഞ്ചൽ മേരി



*ജോസഫ് മാനിഷാദ്*
*മട്ടയ്ക്കൽ*



**തദ്ദേശീയ വൈദികർക്ക് ഭരണം കൈമാറും മുന്നേ, അതിരൂപ തയ്ക്കു വേണ്ട എല്ലാം ഒരുക്കി വച്ച് സമയത്തിന്റെ തികവിൽ കൈമാറ്റം നടത്തി വരാപ്പുഴ യോട് യാത്ര പറഞ്ഞ അവസാന വിദേശി മെത്രാപ്പോലീത്ത അഭി വന്ദ്യ ഏയ്ഞ്ചൽമേരി പെരെസ് സിസീലിയയുടെ 81–ാം ചരമ വാർഷികം ഈ ജൂൺ 14–ന് ആചരിക്കുമ്പോൾ, 2024 ജൂൺലക്കം (ചരിത്രവിളക്ക്–21) എഴുതിയതിന്റെ തുടർച്ചയായി അദ്ദേഹംതന്നെ വിവരിക്കുന്ന വിധത്തിൽ നമ്മിൽ പലരും അറി യാത്ത ചരിത്രം തുടരുകയാണ് ഇത്തവണത്തെ ചരിത്രവിളക്കി ലൂടെ.**

എന്റെ പേര് ഏയ്ഞ്ചൽമേരി പെരെസ് സിസീലിയ. ഞാൻ നിങ്ങളുടെ വിദേശിയായ അവ സാന കർമ്മലീത്താ മെത്രാപ്പോ ലീത്ത. എന്റെ ജനനവും പഠ നവും സന്ന്യാസജീവിതവും ഇന്ത്യ യിലെ വരാപ്പുഴയിലേക്കുള്ള എന്റെ മിഷൻ യാത്രയും പുത്തൻപള്ളി സെമിനാരിയിലെ അധ്യാപനവും സഹായമെത്രാനായുള്ള നിയമ നവും മെത്രാപ്പോലീത്തയായുള്ള ഉത്തരവാദിത്തവും അതിരൂപതാ വൈദികരെ ചേർത്തുനിർത്തി വളർത്തി വലുതാക്കി ചുമതലകൾ കൈമാറലും കഴിവുള്ളവരെ റോമി ലയച്ച് പഠിപ്പിക്കലും എല്ലാം ഞാൻ മുന്നേ പറഞ്ഞിട്ടുള്ളതാണല്ലോ. ഇനി എന്നെക്കുറിച്ച് നിങ്ങളറി യാത്ത കുറച്ചു കാര്യങ്ങൾ മാത്രം പങ്കുവയ്ക്കട്ടെ.

ഭാവിയിൽ, അതിരൂപത തദ്ദേശീയ വൈദികരാൽ നയിക്കപ്പെടേണ്ടതാ ണെന്ന ചിന്ത കർമ്മലീത്തരിൽ നാമ്പിട്ടതും കാലത്തിന്റെ ആവശ്യ കത തിരിച്ചറിഞ്ഞതും അതിനനു സരിച്ചുള്ള നടപടികൾ കൈക്കൊള്ളേണ്ടതും എന്റെ നയ പരിപാടികളിൽ ഉൾപ്പെടുത്തേ ണ്ടതും അനിവാര്യമായിരുന്നു. അതിന്റെ ഭാഗമായി അനവധി പേരെ രൂപതാ വൈദികരാക്കി വളർത്തിയെടുത്തു. ഓച്ചന്തുരുത്ത് ഇടവകാംഗമായ ഫാ. ജോസഫ് അട്ടിപ്പേറ്റി അതിരൂപതയെ നയി ക്കാൻ പ്രാപ്തിയുള്ള വൈദികനാ ണെന്ന് എനിക്ക് മുന്നേ തോന്നിയി രുന്നതിനാലാണ് ഞാൻ റോമില യച്ചു പഠിപ്പിക്കാൻ തീരുമാനിച്ചത്. കൂടാതെ, മറ്റൊരു വൈദികനായ ജോർജ്ജ് കാട്ടാശ്ശേരി അച്ചനെയും

ഞാൻ ഉപരിപഠനത്തിനയച്ചു. വരാപ്പുഴ അതിരൂപാതാ കൂരിയായുടെ ചുമതല ഫാ. ജോർജ് കുർസ്നെയും ഞാൻ ഉപരിപഠനത്തിനയച്ചു. വരാപ്പുഴ അതിരൂപതാ വികാരിയുടെ ചുമതല ഫാ. ജോർജ് കുർസ് അറക്കലിനെ ഏല്പിച്ചതും എല്ലാം ഒരു തുടക്കമായിരുന്നു. മാത്രമല്ല, ഭരണസൗകര്യത്തിനായി അതിരൂപതയുടെ തെക്ക്-കിഴക്കൻ മേഖലയെ പുതിയൊരു രൂപതാ സംവിധാനത്തിലേക്ക് മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായി കോട്ടയം ഭാഗത്ത് പുതിയൊരു സംവിധാനമൊരുക്കിയപ്പോൾ, അവിടെയും വരാപ്പുഴയിലും പുതിയ വികാരി ജനറാൾമാരെ നിയമിച്ചു. വരാപ്പുഴയിൽ ഞാൻ ജോർജ് കുർസ് അറക്കലച്ചനെ വികാരി ജനറാളാക്കി.

എന്റെ മുൻഗാമി കൂടുതൽ മുൻഗണന നല്കി വളർത്തിയ കോട്ടയം മിഷനിൽ ഞാൻ തുടർന്ന സുവിശേഷവൽകരണ പ്രക്രിയവഴി 17,000 ആത്മാക്കളെ നേടാനായത് ആ മിഷനെ പുതിയൊരു രൂപതയാക്കി ഉയർത്താൻ സഹായിച്ചു. 26 ദൈവാലയങ്ങളും 12 കപ്പേളകളും ആൺകുട്ടികൾക്കായി 38 സ്കൂളുകളും പെൺകുട്ടികൾക്ക് രണ്ടെണ്ണവും ഒരു അനാഥാലയം ഉൾപ്പെടുന്ന കോൺവെന്റും ഈ പുതിയ രൂപതാ അതിർത്തിയിൽ 1927 കാലത്ത് സജ്ജമായി. അതുകൊണ്ട്, 1927 സെപ്തംബറിൽ കോട്ടയം മേഖലയെ പുതിയൊരു ഭരണപ്രദേശമായി ഞാൻ തിരിച്ചു. വരാപ്പുഴ അതിരൂപതാ കച്ചേരിയിൽ നടന്ന പ്രീസ്റ്റ് കൗൺസിലിൽ, പുതിയ രൂപത സ്ഥാപിതമാകുന്ന വേളയിൽ എന്റെ മുൻഗാമി ചെയ്തുവച്ച എല്ലാ നന്മകൾക്കും ഞാൻ നന്ദി നേരുകയുണ്ടായി.

എന്റെ വിശദമായ റിപ്പോർട്ട് പഠിച്ച റോം 1930 ജൂലൈ 14-ന് 'ആദ് ക്രിസ്തി നോമെൻ' എന്ന തിരുവെഴുത്ത് വഴി കോട്ടയത്തെ വിജയപുരം കേന്ദ്രീകരിച്ച് പുതിയ രൂപത വരാപ്പുഴയിൽ നിന്നും വിഭജിതമായി. വരാപ്പുഴയുടെ വിഭജിതമായ പ്രദേശങ്ങളിലെ ഭൂസ്വത്തുക്കളുടെ ഓഹരിയും നേർച്ചവരവും കോട്ടയം നല്ലിടയൻ പുതിയ കത്തീഡ്രലിൽ നിന്നുള്ള വരവും ചേർത്ത് പുതിയ രൂപതയുടെ എപ്പിസ്കോപ്പൽ ഫണ്ട് രൂപീകരണം നടത്തിയതും പുതിയ രൂപതയിലെ മുഴുവൻ സ്വത്തുക്കളെ സംബന്ധിച്ച ആധാരങ്ങൾ വിജയപുരം രൂപതാ ആർക്കൈവ്സിലേക്ക് മാറ്റിച്ചതും അത് വരാപ്പുഴയിലെയും വിജയപുരത്തെ മുഴുവൻ പള്ളികളിൽ വായിക്കാനായി പ്രസിദ്ധീകരിച്ചു.

1923-ൽ സുറിയാനിക്കാർക്ക് പുതിയ ഹയരാർക്കി സ്ഥാപിതമായപ്പോൾ അവർ മെത്രാന്മാരായി നിയമിച്ചത്, തദ്ദേശീയരായ വൈദികരെ ആയിരുന്നത് ഇക്കാര്യത്തിൽ കൂടുതൽ ചിന്തിക്കാനും ഉത്സാഹത്തോടെ പ്രവർത്തിക്കാനും എന്നെ സഹായിച്ചു. അങ്ങനെ, എന്റെ പ്രായം അറുപതിനോടടുത്തപ്പോൾ ശാരീരിക ബുദ്ധിമുട്ടുകളെ മുന്നിൽകണ്ട് പിന്തുടർച്ചയുള്ള ഒരു തദ്ദേശീയ സഹായമെത്രാനെ നിയമിക്കാൻ റോമിനോടഭ്യർത്ഥിക്കുകയും റോമിൽ പഠനം കഴിഞ്ഞ് തിരിച്ചെത്തി, അഞ്ചുവർഷം രൂപതയിൽ സേവനം ചെയ്ത, എന്റെ ചാൻസലറായ ഫാ. ജോസഫ് അട്ടിപ്പേറ്റിയെ നിർദ്ദേശിക്കുകയും ചെയ്തു. റോം എന്റെ അഭ്യർത്ഥന സ്വീകരിക്കുകയും അദ്ദേഹത്തെ എന്റെ പിന്തുടർച്ചയുള്ള സഹായമെത്രാനായി നിയമിക്കുകയും ചെയ്തു. എറണാകുളത്തുവച്ച് പട്ടാഭിഷേകത്തിനുള്ള നടപടികൾ പുരോഗമിക്കവെ, 1933-ൽ നമ്മുടെ കർത്താവിന്റെ മരണത്തിന്റെ ജൂബിലി വർഷം പ്രമാണിച്ച് റോമിൽവച്ച് പതിനൊന്നാം പീയൂസ് പാപ്പാ, മോൺ. ജോസഫ് അട്ടിപ്പേറ്റിയെ അഭിഷേകം ചെയ്യുകയുണ്ടായി.

മെത്രാനായി തിരിച്ച് എറണാകുളത്തെത്തിയ പുതിയ മെത്രാന് നല്കിയ സ്വീകരണവും തുടർന്ന് അദ്ദേഹത്തിന്റെ സ്ഥാനാരോഹണവും വളരെ ഊഷ്മളപൂർവ്വം നടന്നു. അധികം താമസിയാതെ, ശാരീരികമായി ബുദ്ധിമുട്ടിലായിരുന്ന ഞാൻ എന്റെ ശുശ്രൂഷ അദ്ദേഹത്തിന് കൈമാറുന്നതിനായി റോമിനോട് അപേക്ഷിക്കുകയും റോം എന്റെ രാജി സ്വീകരിച്ച് ഗ്രീസിലെ നോവെ പാത്രെ എന്ന സ്ഥാനികരൂപതയുടെ മെത്രാനായി എന്നെ നിയമിക്കുകയും ചെയ്തു. അങ്ങനെ, മലബാർ, വരാപ്പുഴ മിഷനിൽ സേവനം ചെയ്ത കർമ്മലീത്തനായ 17-ാമത്തെ മെത്രാനായ ഞാൻ, 1934-ന്റെ അവസാനത്തിൽ പുതിയ മെത്രാപ്പോലീത്ത ജോസഫ് അട്ടിപ്പേറ്റിക്ക് ചുമതലകൾ കൈമാറി. അതോടൊപ്പം, എന്റെ മുൻഗാമികളായ മെത്രാന്മാരുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഞാൻ റോമിലേക്ക് അയക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. അതിനുള്ള എളുപ്പമെന്നോണം ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ ഞാൻ നാട്ടിൽ പോകുന്നതിനു മുന്നുള്ള ശിഷ്ടകാലം കഴിഞ്ഞു.

അവിടെവച്ച് ആലുവ സെമിനാരിയുടെ അസിസ്റ്റന്റ് പ്രൊക്യുറേറ്ററും സെമിനാരി ശില്പിയുമായ ഫാ. വിക്ടർ സാൻ മിഗേലിനെ എന്റെ സ്വകാര്യ സെക്രട്ടറിയായി വിട്ടുതരാൻ റെക്ടറച്ചനോട് അഭ്യർത്ഥിച്ചു. ചെയ്യേണ്ട ജോലികളെല്ലാം പൂർത്തിയായപ്പോൾ, നാട്ടിലേക്ക് തിരികെ പോകാനുള്ള സമയം അടുത്തെത്തി. വരാപ്പുഴ അതിരൂപതയുടെ എറണാകുളത്തുള്ള ആർച്ച്ബിഷപ്പ് കൊട്ടാരത്തിൽവച്ച്, എനിക്ക് അവസാനത്തെ യാത്രയയപ്പ് തന്നു. എന്നെ സംബന്ധിച്ച് ഈ കൊട്ടാരത്തിനൊരു പ്രത്യേകതയുണ്ട്. ഇവിടെ ഭരണകാലം മുഴുവൻ താമസിക്കാൻ ഭാഗ്യമുണ്ടായ ഏക വിദേശി മെത്രാപ്പോലീത്ത ഞാനായിരുന്നു. ഞാൻ സഹായമെത്രാൻ ആയതുമുതൽ 19 വർഷം താമസിച്ച് ഇന്നത്തെ വിജയപുരം, വരാപ്പുഴ, കോട്ടപ്പുറം എന്നീ രൂപതകൾക്ക് (അവിഭക്ത വരാപ്പുഴ അതിരൂപത) ശുശ്രൂഷ ചെയ്യാൻ സാധിച്ചു.

നിശബ്ദതയും വിങ്ങുന്ന വികാരങ്ങളും അടങ്ങിയ ആ ചടങ്ങ് ലളിതമെങ്കിലും ഹൃദയസ്പർശിയായിരുന്നു. മൂന്ന് നൂറ്റാണ്ടോളം നീണ്ട വരാപ്പുഴയിലെ കർമ്മലീത്താ മിഷന്റെ അന്ത്യം കുറിക്കുന്ന ചരിത്രപരമായ ആ നിമിഷത്തിൽ, എന്റെ പിൻഗാമി ജോസഫ് അട്ടിപ്പേറ്റിയും കൂരിയയുടെ ചുമതലയുള്ളവരും അന്നത്തെ രൂപതാ വൈദികരും (അവരിൽ ബഹുഭൂരിപക്ഷത്തിനും ഞാൻതന്നെ വൈദികപട്ടം നല്കിയവരായിരുന്നു) വിവിധ സന്ന്യാസ സമൂഹങ്ങളിലെ അംഗങ്ങളും ഒട്ടേറെ വിശ്വാസികളും എനിക്ക് വിടചൊല്ലാൻ അവിടെ എത്തിയിരുന്നു. എന്റെ പിൻഗാമിക്ക്

ചെറിയ വാക്കിൽ നന്ദി പറഞ്ഞപ്പോൾ, അന്ന് കൂടിയിരുന്ന പലരും വിതുമ്പിക്കരഞ്ഞത് ആ നിശബ്ദതയെ ഭേദിച്ചുകൊണ്ടായിരുന്നു. തുടർന്ന്, ഞാൻ എല്ലാവരെയും ആശീർവദിച്ചതോടെ ആ ചടങ്ങ് പൂർണമായി. ഒരുകാര്യം കൂടി പറയട്ടെ, എന്റെ മെത്രാഭിഷേകത്തിന്റെ 25 വർഷം പൂർത്തിയായപ്പോൾ, എന്റെ പിൻഗാമി എന്റെ ഓർമ്മയ്ക്കായി 1940-ൽ സ്ഥാപിച്ചതാണ്, കൊട്ടാരത്തിന്റെ പടിഞ്ഞാറ് അങ്കണത്തിലുള്ള തിരുഹൃദയനാഥന്റെ പ്രതിമ.

അഞ്ചു നൂറ്റാണ്ടുകൾക്കു മന്നേ പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ കടന്നുവന്ന അതേ കൊച്ചി തുറമുഖത്ത്, 1935 -ലെ വസന്തകാലത്ത് എത്തിയ ബ്രിട്ടീഷ് കപ്പലിൽ ഞാനും എന്റെ സെക്രട്ടറിയും യാത്രയായി. എനിക്ക് കണ്ണീർ അടക്കാനായില്ല. 29 വർഷം ഞാൻ ജീവിച്ച മലയാള നാടും ഇവിടത്തെ സുവിശേഷപ്രവർത്തനവും പുത്തൻപള്ളി സെമിനാരിയിലെ അധ്യാപനവും കോട്ടയം വിജയപുരത്തെ നവവിശ്വാസികളും വരാപ്പുഴ ദ്വീപിലെ ഇടിഞ്ഞുവീണ കത്തീഡ്രലും പുതുക്കി പണിത കത്തീഡ്രലും... അങ്ങനെ അനവധി സ്മരണകൾ എന്റെ മുന്നിലൂടെ കടന്നുപോയി.

കപ്പലിലെ ചെറിയ ക്യാബിനിൽ ഇരുന്ന് ഞാൻ അതുവരെയുള്ള നിമിഷങ്ങൾ രേഖപ്പെടുത്തി. ഞങ്ങൾ ആദ്യം എത്തിയത് കുവൈറ്റിലായിരുന്നു. ഈ കുവൈറ്റ് നാട്ടിലെ മൂന്നാമത്തെ അപ്പസ്തോലിക് വികാർ ആയി ദൈവം പിന്നീട് തെരഞ്ഞെടുത്തത് ഈ വിക്ടറച്ചനെ ആണെന്നത് യാദൃച്ഛികം. കപ്പൽ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. ഞങ്ങൾ പോർട്ട് സെയ്ദിൽ ഇറങ്ങി അലക്സാണ്ട്രിയ വഴി കെയ്റോയിലെത്തി. അക്കാലത്ത് നിർമ്മാണം പൂർത്തിയാക്കിയ കെയ്റോയിലെ വിശുദ്ധ കൊച്ചുത്രേസ്യയുടെ ദൈവാലയത്തിന്റെ ഒരു ഭാഗം ആശീർവദിക്കാൻ എന്നെ ക്ഷണിച്ചിട്ടുണ്ടായിരുന്നു. മുസ്ലീങ്ങളുൾപ്പെടെ കോപ്റ്റിക് ക്രിസ്ത്യാനികളും നാനാജാതി മതസ്ഥരെയും സാക്ഷിനിർത്തി 1935 മെയ് ആദ്യവാരത്തിൽ പള്ളിയുടെ ആദ്യഭാഗം ഞാൻ ആശീർവദിച്ചു. ഇത് ഈജിപ്തിലെ പ്രശസ്തമായ ബസലിക്കയായി പിന്നീട് മാറി. 6 ദിവസം ഞങ്ങളവിടെ താമസിച്ചു.

അവിടെനിന്നും ഞങ്ങൾ പോയത് മൗണ്ട് കാർമ്മലിലേക്കാണ്. പോകുന്ന വഴി ജൂതന്മാർ തങ്ങളുടെ നാട്ടിൽ നടത്തുന്ന വികസന പദ്ധതികൾ കണ്ടാണ് ട്രെയിൻമാർഗ്ഗം ടെൽ അവീവിലൂടെ പോയത്. മെയ് 10-നാണ് ഞങ്ങൾ ടെൽ അവീവ് കടന്നത്. മൗണ്ട് കാർമ്മലിലെത്തിയപ്പോൾ എന്നെ സ്വീകരിക്കാൻ എത്തിയവരിൽ എന്നെ അത്ഭുതപ്പെടുത്തിയത്, പുത്തൻപള്ളി സെമിനാരിയിൽ എന്നോടൊപ്പം പഠിപ്പിച്ച് ഫാ. ബെരാർഡോ ഉണ്ടായതാണ്. മൗണ്ട് കാർമ്മലിൽ പുതുതായി പണിത മഠം ഞാൻ ആശീർവദിച്ചു. ഇവിടെ ഞങ്ങളുടെ കൊവേന്തയിൽ താമസിക്കുമ്പോൾ മലയാള നാടിനെക്കുറിച്ച് പിന്നീടും സന്തോഷം നല്കിയ ഒരു സംഭവം കൂടി ഉണ്ടായി. കോട്ടയം മിഷനിലെ മുണ്ടക്കയത്ത് പ്ലാന്റേഷൻ മാനേജറായി താമസിച്ചിരുന്ന ഐറിഷ് വംശജനായ മർഫി സായിപ്പ് എനിക്കുള്ള യാത്രാച്ചെലവിനുള്ള വലിയൊരു തുക ഒരാൾവശം കൊടുത്തയച്ചത്, ഇനിയൊരിക്കലും തിരിച്ചു ചെല്ലാത്ത കേരളത്തിൽ ഇന്നും എന്നെ സ്നേഹിക്കാൻ ആളുകളുണ്ടല്ലോ എന്നത് എനിക്ക് സന്തോഷമേകി. അദ്ദേഹം വിജയപുരം രൂപതയ്ക്കും വരാപ്പുഴയ്ക്കും നല്കിയ നന്മകൾ എന്നും വാഴ്ത്തപ്പെടും.

വിശുദ്ധമായ മൗണ്ട് കാർമ്മലിൽ പ്രവാചകനായ ഏലിയാസ് ബലിയർപ്പിച്ച ഇടത്തേക്ക് ഒരു ഔദ്യോഗിക സന്ദർശനം നടത്താൻ എനിക്കായി. അവിടെയാണ് എന്റെ മുൻഗാമി, ഇവിടത്തെ വിജനതയിൽ രണ്ടു വർഷത്തോളം ധ്യാനനിരതനായിരുന്നത്. തുടർന്ന് ലാസ് പാൽമസിലെ വിശുദ്ധ മരുഭൂമിയിൽ ജീവിച്ച് 1933 മെയ് 5-ന് അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഞാൻ പുത്തൻപള്ളിയിൽ എത്തിയ വർഷമാണ് അദ്ദേഹം വരാപ്പുഴയുടെ സഹായമെത്രാനാകുന്നത്. പിന്നീട് അദ്ദേഹം എന്നെ, അദ്ദേഹത്തിന്റെ പിന്തുടർച്ചയുള്ള സഹായ മെത്രാനാക്കുകയും അങ്ങനെ ഞാനും അദ്ദേഹത്തിന്റെ പിൻഗാമിയായി. കാലത്തിന്റെ പൂർണതയിൽ അദ്ദേഹത്തിന്റെ ഓർമ്മകളോടൊപ്പം വരാപ്പുഴ എന്ന മിഷൻദേശത്തെ ഓർമ്മകളും മനസ്സിൽ താലോലിച്ച് ഞാൻ അടുത്ത സ്ഥലമായ ഇറ്റലിയിലേക്കും എന്റെ ജന്മദേശമായ സ്പെയിനിലെ ബുർഗോസിലേക്കും മടങ്ങട്ടെ. അവിടെയാണ് ഞാൻ അന്ത്യവിശ്രമം കൊള്ളുന്നത്. ഈ ജൂൺ 14 -ന് എന്റെ 81-ാം ചരമവാർഷിക ദിനമാണ്. എന്നെ ഓർക്കുന്ന നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ ലഭ്യമാകട്ടെ.

*വരാപ്പുഴയുടെ വിഭജിതമായ പ്രദേശങ്ങളിലെ ഭൂസ്വത്തുക്കളുടെ ഓഹരിയും നേർച്ചവരവും കോട്ടയം നല്ലിടയൻ പുതിയ കത്തീഡ്രലിൽ നിന്നുള്ള വരവും ചേർത്ത് പുതിയ രൂപതയുടെ എപ്പിസ്കോപ്പൽ ഫണ്ട് രൂപീകരണം നടത്തിയതും പുതിയ രൂപതയിലെ മുഴുവൻ സ്വത്തുക്കളെ സംബന്ധിച്ച ആധാരങ്ങൾ വിജയപുരം രൂപതാ ആർക്കൈവ്സിലേക്ക് മാറ്റിച്ചതും അത് വരാപ്പുഴയിലെയും വിജയപുരത്തെ മുഴുവൻ പള്ളികളിൽ വായിക്കാനായി പ്രസിദ്ധീകരിച്ചു.*

## *ലത്തീൻ സമുദായത്തിന്റെ കാവൽ ഭടന്മാരാണ് കെഎൽസിഎ പ്രവർത്തകർ: അഡ്വ. ഷെറി ജെ. തോമസ്.*

ലത്തീൻ സമുദായത്തിന് അർഹമായ അവകാശങ്ങൾ യഥാസമയം ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ട കാവൽക്കാരാണ് കെഎൽസിഎ പ്രവർത്തകരെന്ന് സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ് പറഞ്ഞു. കെഎൽസിഎ വരാപ്പുഴ അതിരൂപത യൂണിറ്റ് ഭാരവാഹികളുടെ അർദ്ധവാർഷിക സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയാ യിരുന്നു അദ്ദേഹം. അധികാരത്തിൽ പങ്കാളിത്തത്തിന്റെ ഭാഗമായി ഒരു പൗരന് ലഭിക്കേണ്ട ചില അവകാശ ങ്ങളുണ്ട്. അത് നിഷേധി ക്കപ്പെടാനുള്ള സാഹചര്യം അനുവദിക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന സംഗമത്തിൽ അതിരൂപത പ്രസിഡൻറ് റോയ് ഡിക്കൂഞ്ഞ അധ്യക്ഷത വഹിച്ചു. ആധ്യാത്മിക ഉപദേഷ്ടാവ് ഫാ. മാർട്ടിൻ തൈപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. മാതൃദിനത്തോടനുബന്ധിച്ച് സംഗമത്തിൽ പങ്കെടുത്ത അമ്മമാരെ അതിരൂപതാ സമിതിക്ക് വേണ്ടി ഫാ. മാർട്ടിൻ തൈപ്പറമ്പിൽ ആദരിച്ചു. സംസ്ഥാന വൈസ് പ്രസിഡൻറ് സി.ജെ. പോൾ ആശംസകൾ അർപ്പിച്ചു. അതിരൂപത ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ പ്രവർത്തന അവലോകനവും തുടർ പദ്ധതികളുടെ അവതരണവും സംഘടനയുടെ ത്രൈമാസ പദ്ധതി ആസൂത്രണവും നടത്തി.

എറണാകുളം എം.എൽ.എ. യായി വീണ്ടും

# വാർത്തകൾ

NEWS

തിരഞ്ഞെടുക്കപ്പെട്ട ടി.ജെ. വിനോദിനെ അതിരൂപത പ്രസിഡൻറ് റോയ് ഡിക്കൂഞ്ഞ പൊന്നാടയണിയിച്ച് ആദരിച്ചു. സംസ്ഥാന സമിതിക്ക് വേണ്ടി അഡ്വ. ഷെറി ജെ. തോമസ്, വൈസ് പ്രസിഡന്റ് സി.ജെ. പോൾ എന്നിവരും പൊന്നാടയണിയിച്ചു. ൦

## *നാലാം ഫൊറോനാ സാമൂഹ്യ ശുശ്രൂഷ കോ-ഓഡിനേറ്റർമാരുടെ സംഗമം*

നാലാം ഫൊറോനാ സാമൂഹ്യ ശുശ്രൂഷ കോ-ഓഡിനേറ്റർമാരുടെ സംഗമവും പരിശീലനവും സംഘടിപ്പിച്ചു. തൃപ്പൂണിത്തുറ വടക്കേക്കോട്ട സെൻറ് ജോസഫ് പാരീഷ് ഹാളിൽ വച്ച് ചേർന്ന സംഗമത്തിൽ ഫൊറോന ഡയറക്ടർ ഫാ. സിനു ക്ലീറ്റസ് ചമ്മിണികോടത്ത് അധ്യക്ഷത വഹിച്ചു. വരാപ്പുഴ അതിരൂപത ബിസിസി ഡയറക്ടറും ജനറൽ മിനിസ്ട്രി കോ-ഓഡിനേറ്ററുമായ ഫാ. യേശുദാസ് പഴമ്പിള്ളി സംഗമം ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ബിസിസിയും ശുശ്രൂഷ സംവിധാനവും എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപത ബി.സി.സി കോ-ഓഡിനേറ്റർ റോയ് പാളയത്തിൽ സെമിനാർ നയിച്ചു.

അതിരൂപത ബിസിസി കോ-ഓഡിനേറ്റർ അന്റോണിനസ് മനയിൽ, ഫൊറോന ലീഡർ റോയ് മട്ടമ്മൽ, സെക്രട്ടറി സാജു സേവ്യർ, ഫൊറോന സാമൂഹ്യ ശുശ്രൂഷ കോ-ഓഡിനേറ്റർമാരായ അഡ്വ. അനൂപ് ആന്റണി, ബീന ആൻറണി, അൽമായ കോ-ഓഡിനേറ്റർ ജൂലിയൻ ജയിംസ് എന്നിവർ പ്രസംഗിച്ചു. നാലാം എക്സിക്യൂട്ടീവ് അംഗങ്ങൾ, തൃപ്പൂണിത്തുറ വടക്കേക്കോട്ട സെൻറ് ജോസഫ് പള്ളിയിലെ കേന്ദ്രസമിതി അംഗങ്ങൾ, സാമൂഹ്യ ശുശ്രൂഷ അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ജൂൺ മാസത്തെ പരിപാടികൾ:

**വിവാഹ ഒരുക്ക കോഴ്സ് : ജൂൺ 5, 6, 7 & ജൂൺ 19, 20, 21**

**രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.**

**മാതൃവേദി കൂട്ടായ്മ : ജൂൺ 13, ശനിയാഴ്ച രാവിലെ 10.00 ന്**

**വിധവ സംഗമം (അൽമാന) : ജൂൺ 13, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്**

**ഏകസ്ഥ കൂട്ടായ്മ : ജൂൺ 18, വ്യാഴാഴ്ച രാവിലെ 10.00 ന്**

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026 ജൂൺ 28 ഞായറാഴ്ച 3 മണിക്ക് ആശിർഭവനിൽ



ഏപ്രിൽ മാസത്തെ എക്സോഡസ് കളമശ്ശേരി ലിറ്റിൽ ഫ്ളവർ എഞ്ചിനീറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. ഡയറക്ടർ ഫാ. ആന്റണി ഡോമിനിക് ഫിഗരേദോ സംസാരിക്കുന്നു. നവീൻ വർഗ്ഗീസ്, ബിസിസി ഡയറക്ടർ ഫാ. യേശുദാസ് പഴമ്പിള്ളി, ജോസ് മുണ്ടഞ്ചേരി എന്നിവർ സമീപം.

## *പുതുതലമുറക്ക് വെളിച്ചം പകരാൻ മുതിർന്നവർക്ക് കടമയുണ്ട്: ബിഷപ് ഡോ. ജോസഫ് കാരിക്കശേരി*

സമൂഹത്തെ നന്മയിൽ വളർത്തുവാനുള്ള കടമയാണ് വിശ്വസപരിശീലകർ നിർവ്വഹിക്കേണ്ട തെന്ന് കോട്ടപ്പുറം രൂപത മുൻ മെത്രാൻ ബിഷപ് ഡോ. ജോസഫ് കാരിക്കശേരി അഭിപ്രായപ്പെട്ടു. വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ വിശ്വാസപരിശീലന അധ്യാപക സംഗമം ഡിഡാക്കെ 2026 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ തലമുറയ്ക്ക് വെളിച്ചം പകർന്നു കൊടുക്കാനുള്ള കടമയിൽ നിന്നും വിശ്വാസ പരിശീലകർക്ക് മാറിനിൽക്കാനാവില്ലെന്ന് ബിഷപ്പ് ചൂണ്ടിക്കാട്ടി.

വരാപ്പുഴ വിശ്വാസപരിശീലന കമ്മീഷൻ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ അധ്യക്ഷനായിരുന്നു. കളമശേരി ആശിഷ് കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ വിശ്വാസ പരിശീലന രംഗത്ത് 50 വർഷവും 25 വർഷവും പിന്നിട്ടവരെയും വിവിധ തലങ്ങളിൽ വിജയികളായ വരെയും പുരസ്കാരങ്ങൾ നൽകി ആദരിച്ചു. ഫാ. ജിസൻ പോൾ വേങ്ങാശേരി ക്ലാസ് നയിച്ചു. വരാപ്പുഴ അതിരൂപത പ്രൊക്യുറേറ്റർ ഫാ. സോജൻ മാളിയേക്കൽ, ഫാ. വിബിൻ സിഎംഐ, വിശ്വാസ പരിശീലന കമ്മീഷൻ സെക്രട്ടറി ജോസ് ഡിക്സൺ, മാനേജർ ജോസ് എൻ.വി., ജനറൽ കൺവീനർ പീറ്റർ കൊറയ എന്നിവർ പ്രസംഗിച്ചു. 2026-27 പ്രവർത്തന വർഷത്തെ ലോഗോ തദവസരത്തിൽ ബിഷപ് പ്രകാശനം ചെയ്തു. വരാപ്പുഴ അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി മൂവായിരത്തിലധികം അധ്യാപകർ സംഗമത്തിൽ പങ്കെടുത്തു.

## *വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ*

1. സെന്റ് അംബ്രോസ് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 10,000
2. ഗാർഡിയൻ ഏഞ്ചൽ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 10,500
3. സെന്റ് ആന്റണി യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 6,800
4. മരിയാംബിക യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 10,150
5. സെന്റ്. സെബാസ്റ്റ്യൻ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 8,100
6. ജപമാല റാണി യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 11,500
7. അമലോൽഭവമാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 10,000
8. ആരോഗ്യ മാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 10,210
9. ആവേ മരിയ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 9,600
10. ഹോളി ഏഞ്ചൽസ് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് -5,500
11. സെന്റ് ആൻ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 4,100
12. സെന്റ്. കൊച്ചുത്രേസ്യ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 4,710
13. സെന്റ് പീറ്റേഴ്സ് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 9,000
14. കർമല റാണി യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് -5,000
15. കാരുണ്യമാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 8,900
16. ഹോളി ഫാമിലി യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 7,800
17. സെന്റ് കാമിലൂസ് യൂണിറ്റ് - 11,000
18. സെന്റ് തെരേസ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 8,100
19. സദുപദേശമാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 2,000
20. വ്യാകുലമാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 11,100
21. സെന്റ് ഡൊമനിക് സാവിയോ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 8,000
22. ടെറൻസ് പാപ്പാളി - 75,076

...

# മാധ്യമങ്ങളിലെ സുവിശേഷവത്കരണം

**ബൈബിൾ വിചിന്തനം**

**വി. മത്തായി 28:19-20**



ഡോ. വിൻസെന്റ്
വാര്യത്ത്

മാധ്യമം ലോകത്തെ ഭരിക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. മാധ്യമങ്ങൾക്ക് കീഴിൽ മനുഷ്യർ മരിച്ചുകൊണ്ടിരിക്കുകയാണ് എന്നതും സത്യമാണ്. മാധ്യമങ്ങളുടെ നല്ല സംഭാവനകൾക്ക് നന്ദി പറഞ്ഞുകൊണ്ടു തന്നെ അതിന്റെ നിഷേധാത്മകമായ സ്വാധീനങ്ങളെക്കുറിച്ചും നമ്മൾ ചിന്തിക്കണം.

1.കുട്ടികൾക്കും യുവജനങ്ങൾക്കും ഇടയിൽ കടുത്ത ആസക്തി, ഉറക്കമില്ലായ്മ, ചിട്ടയായ വ്യായാമമില്ലാത്തതിനാലുള്ള ശാരീരികപ്രശ്നങ്ങൾ, ഏകാഗ്രതയില്ലായ്മ, ഉത്കണ്ഠ, വിഷാദരോഗം, ശ്രദ്ധയില്ലായ്മ, പഠനത്തിൽ താല്പര്യമില്ലായ്മ, അലസത, ഉത്തരവാദിത്വമില്ലായ്മ, പൊതുപരിപാടികളിലെ താല്പര്യമില്ലായ്മ, മുതിർന്നവരോടുള്ള അനാദവ് ഇവയൊക്കെ സോഷ്യൽ മീഡിയ സമ്മാനമായി നൽകുന്നതാണ്. ഇത് ശരിയല്ലേ എന്ന് നിങ്ങൾതന്നെ ചർച്ച ചെയ്തു നോക്കുക.

2. നമ്മുടെ കുടുംബങ്ങളെ ഇപ്പോൾ അടക്കി വാഴുന്നത് മെഗാസീരിയലുകൾ ആണ്. 69.6% മുതൽ 84% വീട്ടമ്മമാർ ഈ സീരിയലുകൾക്ക് അടിമകളാണ് എന്ന് കണക്കുകൾ പറയുന്നു. ഇതിൽ 28.73% ആളുകൾ കടുത്ത അഡിക്ഷനിൽ ആണ്. സാധാരണ ഗതിയിൽ ഇതിനോടു താല്പര്യക്കുറവ് കാണിച്ചിരുന്ന പുരുഷന്മാരും ഇപ്പോൾ സീരിയലുകളുടെ സ്ഥിരം പ്രേക്ഷകരായി മാറിക്കഴിഞ്ഞു. 20% മുതൽ 25% വരെ പുരുഷന്മാരും സീരിയലുകൾക്ക് അടിമകളാണ്. കടുത്ത അഡിക്ട് ആയിട്ടുള്ള വീട്ടമ്മമാർ 6 മുതൽ 7 മണിക്കൂർ വരെ സീരിയലുകൾക്ക് വേണ്ടി ചെലവഴിക്കുന്നു എന്നാണ് കണക്കുകൾ പറയുന്നത്. ഈ സീരിയലുകളിൽ വലിയ നാടകീയതയാണ് യാഥാർത്ഥ്യമാണ് ചിത്രീകരിക്കപ്പെടുന്നത്. അതുകൊണ്ട് ജീവിതത്തിലും നാടകീയത വല്ലാതെ വരുന്നുണ്ട്. അടുക്കളയിൽപോലും സർവാഭരണവിഭൂഷിതരായി നിൽക്കുന്ന കഥാപാത്രങ്ങളെ കണ്ടുകണ്ട് ആഡംബര ഭ്രമവും വസ്ത്രഭ്രമവും കൂടിയിട്ടുണ്ടെന്ന് പഠനങ്ങൾ പറയുന്നു. അവിഹിത ബന്ധങ്ങളും മറ്റും ശരിയാണെന്ന തെറ്റിദ്ധാരണകളും ഉണ്ടാകുന്നുണ്ട്. കുടുംബകലഹങ്ങളിലേക്ക് നയിക്കുന്ന അനാവശ്യ തർക്കങ്ങളും വഴക്കുകളും ചേരിതിരിഞ്ഞുള്ള പോരുകളും ഈ സീരിയലുകൾ സമ്മാനിക്കുന്ന ദുരന്തങ്ങൾ ആണെന്ന് മനഃശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നുണ്ട്. നിങ്ങൾ സ്ഥിരമായി കാണുന്നതും കേൾക്കുന്നതും ആയി നിങ്ങൾ മാറുന്നു എന്നാണ് മനഃശാസ്ത്രതത്വം. ഇത് അക്ഷരാർത്ഥത്തിൽ ശരിയായി വരികയാണ് മെഗാസീരിയലുകളുടെ കാര്യത്തിൽ.

3. എറണാകുളത്തു മാത്രം 15-19 പ്രായപരിധിയിൽപ്പെട്ട കുട്ടികളിൽ 7.1% കുട്ടികൾ ഓൺലൈൻ ഗാംബ്ലിങ്ങിന് അടിമകളാണ്. കോളേജ് തലത്തിൽ 7.4% കുട്ടികൾ ഗാംബ്ലിങ്ങ് നടത്തിക്കൊണ്ടിരിക്കുന്നു. 2022-ൽ കേരളമുഖ്യമന്ത്രി അറിയിച്ചതനുസരിച്ച് ഓൺലൈൻ ഗാംബ്ലിങ്ങിന് ഇരകളായി 25 കുഞ്ഞുങ്ങളും 20 മുതിർന്നവരും ആത്മഹത്യ ചെയ്തു. അതുകൊണ്ടുതന്നെ സംസ്ഥാനത്ത് ആറ് ഡിജിറ്റൽ ഡിഅഡിക്ഷൻ സെന്ററുകൾ തുടങ്ങിയിരിക്കുകയാണ്. കൊച്ചിയിലുമുണ്ട് ഒരു ഡിജിറ്റൽ ഡിഅഡിക്ഷൻ സെന്റർ. എം.സി.ബി.യുടെ കണക്കനുസരിച്ച് ഡാർക്ക് വെബ്സൈറ്റിലൂടെ ഡ്രഗ്ഡീലിംഗ് നടത്തുന്ന 25 മേജർ സെന്ററുകൾ സംസ്ഥാനത്ത് കണ്ടെത്തിക്കഴിഞ്ഞു. 2025 ൽ 35262 നാർക്കോട്ടിക് കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. എറണാകുളത്ത് മാത്രം 3921. അതുപോലെ തന്നെ കുഞ്ഞുങ്ങളെ അബ്യൂസ് ചെയ്തുകൊണ്ടുള്ള ഓൺലൈൻ പ്രവർത്തനങ്ങൾക്കുള്ള 703 സെന്ററുകളാണ് ഈ വർഷങ്ങളിൽ കേരള പോലീസ് സംസ്ഥാനത്ത് കണ്ടെത്തിയത്.

ഇന്നത്തെ പല സിനിമകളിലും മാരകമായ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും, വിദ്യാലയങ്ങൾ ബഹിഷ്കരിക്കുന്നതും പണം ഉണ്ടാക്കാൻ വേണ്ടി ഏത് അക്രമവഴികളിലൂടെ പോകുന്നതും എതിർക്കുന്നവരെ ഏത് ക്രിമിനൽ മാർഗത്തിലൂടെയും തച്ചുതകർക്കുന്നതുമൊക്കെ മഹത്വവൽക്കരിക്കുന്നതുകൊണ്ട്



ടനുബന്ധിച്ച് മാധ്യമങ്ങളിലൂടെ സുവിശേഷവൽക്കരണം നടത്തുവാനുള്ള നമ്മുടെ കടമയെക്കുറിച്ചും ചിന്തിക്കണം. മലീമസമാക്കപ്പെടുന്ന മാധ്യമരംഗത്ത് സുവിശേഷസാക്ഷികളായി മാറാൻ നമുക്കും പങ്കുണ്ട് കടമയുണ്ട് എന്ന് ഓർക്കുക. വായിച്ചുകേട്ട സുവിശേഷഭാഗം ഈ ഓർമ്മപ്പെടുത്തലാണ് നൽകുക! തങ്ങളുടേതായ രീതിയിൽ മാധ്യമങ്ങളിലൂടെ സുവിശേഷദൗത്യം നിർവഹിക്കുന്ന ആരെങ്കിലും നിങ്ങൾക്കിടയിൽ ഉണ്ടെങ്കിൽ അവരെ അഭിനന്ദിക്കാനും സമയം കണ്ടെത്തുക. നമ്മുടെ അതിരൂപതയിൽ നല്ല മാധ്യമപ്രവർത്തനം നടത്തുന്ന കേരളവാണി ടീമിനെയും ജീവദീപ്തി ടീമിനെയും അകമഴിഞ്ഞ് സപ്പോർട്ട് ചെയ്യണം എന്നുള്ള അഭ്യർത്ഥന കൂടി പരസ്പരം നടത്താവുന്നതാണ്. കേരളവാണി, ജീവദീപ്തി, ജീവനാദം എന്നിവയ്ക്ക് സമ്പൂർണ്ണ പിന്തുണയും സഹകരണവും ഉറപ്പാക്കേണ്ടത് നമ്മുടെ സുവിശേഷവത്കരണ ശുശ്രൂഷയുടെ ഭാഗമാണെന്ന് നമ്മൾ തിരിച്ചറിയണം.

കുഞ്ഞുങ്ങൾ പലരും അങ്ങനെയുള്ള അക്രമാസക്തമായ വഴികളിലൂടെയാണ് ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.
നിങ്ങളുടെ കുഞ്ഞുങ്ങൾ ഏറെ ഇഷ്ടപ്പെടുന്ന പാട്ടുകൾ എടുത്തുനോക്കുക. ആ പാട്ടുകളിൽ നിറഞ്ഞുനില്ക്കുന്നത് സാമൂഹ്യവിരുദ്ധതയും സദാചാര വിരുദ്ധതയും, അക്രമവും, സമൂഹത്തോടുള്ള വെല്ലുവിളികളും മറ്റുമാണ്. അറിയാതെ പാട്ടുകളിലൂടെയും സിനിമാരംഗങ്ങളിലൂടെയും ഡയലോഗുകളിലൂടെയും കുഞ്ഞുങ്ങൾ അങ്ങേയറ്റം നിഷേധാത്മകമായി സ്വാധീനിക്കപ്പെടുന്നുണ്ട്.
ഇക്കാര്യം നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് ആലോചിച്ചു നോക്കുക. ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട്, ഓൺലൈനിലൂടെ പരിചയം വളർത്തി, പിന്നീട് തട്ടിക്കൂട്ടിയ വിവാഹത്തിൽവരെ എത്തിച്ചേരുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. നിങ്ങളുടെ കുഞ്ഞ് നിങ്ങളുടെ ശ്രദ്ധയിൽ പെടാതെ രഹസ്യമായി മൊബൈലുകൾ സൂക്ഷിക്കുന്നു എന്നും അതിൽ രഹസ്യമായി പലരുമായി ബന്ധമുണ്ടെന്നും നിങ്ങൾ മനസ്സിലാക്കുന്നത് വളരെ വൈകിയായിരിക്കും. നമ്മൾ അങ്ങേയറ്റം ശ്രദ്ധയോടുകൂടി കുഞ്ഞുങ്ങളുടെ കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. മൊത്തം കൈവിട്ടുപോകുന്നതിനു മുമ്പ് കരുതലും കരുണാർദ്രമായ ഇടപെടലും ധൈര്യപൂർവ്വമായ തിരുത്തലുകളുമാണ് നമുക്ക് വേണ്ടത്.

മാധ്യമസമ്പർക്ക ദിനാചരണത്തോ

***ചോദ്യങ്ങൾ***

**1. മെഗാസീരിയലുകളുടെ പ്രൈം ടൈം വൈകിട്ട് 6 മണി മുതൽ 9 വരെയുള്ള സമയം ആണ്. ഈ സീരിയലുകൾ മൂലം കുടുംബ പ്രാർത്ഥനയുടെ താളം തെറ്റിപോകുന്നുണ്ടോ?**

**2.നമ്മുടെ കുഞ്ഞുങ്ങളെ നിയന്ത്രിക്കാൻ പോലും പറ്റാത്ത വിധത്തിൽ ചെറുപ്രായത്തിലേ അവർ മൊബൈലിന്റെയും കംപ്യൂട്ടറുകളുടെയും അടിമകളായി മാറുന്നുണ്ടോ?**

**3. കൂടുതൽ ദുരന്തത്തിലേക്ക് നമ്മുടെ സമൂഹം വീണുപോകാതിരിക്കാൻ മാധ്യമരംഗത്ത് എന്തൊക്കെ ചെയ്യാനാവും?**

പിൻമൊഴി

# നിലപാടുകളുടെ ജനകീയ മുഖ്യന് സ്നേഹപൂർവ്വം



**ലൂയിസ് തണ്ണിക്കോട്ട്**

*ആരും തന്നെ പ്രതീക്ഷിച്ചതല്ല കേരളത്തിലെ യു.ഡി.എഫ്-ന്റെ 102 സീറ്റിലെ മാന്ത്രിക വിജയം. ഈ വിജയപരാജയങ്ങളും വോട്ടുനിലകളും വർത്തമാന ചരിത്രത്തിന്റെ ചുവരിൽ പതിച്ചിരിക്കുന്ന ചിത്രങ്ങൾ സുവ്യക്തങ്ങളാണ്.*

*കഴിഞ്ഞ 10 വർഷം കേരളം ഭരിച്ച പിണറായി സർക്കാരിന്റെ 'ഞങ്ങളല്ലാതെ പിന്നെ ആരുണ്ട്' എന്ന അഹന്തയും, വിലകുറഞ്ഞ പദാവലികളും അംഗീകരിക്കാൻ ജനം തയ്യാറായില്ല. മാത്രവുമല്ല, സ്വജനപക്ഷപാതവും, ഒപ്പം വെറുപ്പ് വിതച്ച് കൊയ്യുന്ന, വിളവിന്റെ തുടർ അധികാരവും. ആയതിനാൽ തുടർഭരണത്തിന്റെ ആ കതിരും കറ്റയും കേരള ജനത തങ്ങളുടെ ചൂണ്ടുവിരലാൽ അറുത്തുമാറ്റി. ജനവിധിയുടെ ആത്മാവ് പരിശോധിച്ചാൽ ലത്തീൻ കത്തോലിക്കന്റെ വിരൽത്തുമ്പിലെ വജ്രായുധം വിവേകത്തോടെ അമർത്തിപ്പിടിച്ചതിന്റെ തെളിവാണ്, തീരദേശം ഉൾപ്പെടെയുള്ള പല മണ്ഡലങ്ങളിലെയും യുഡിഎഫിന്റെ വിജയം.*

*മുഖ്യമന്ത്രിയായി വി.ഡി. സതീശൻ നേതൃത്വം കൊടുക്കുന്ന സർക്കാർ, ഭരണത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. സത്യപ്രതിജ്ഞാ ചടങ്ങിൽ, രാഹുൽഗാന്ധി ഉൾപ്പെടെയുള്ള നേതാക്കളുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു.*

*ഭരണത്തേര് മുന്നോട്ട് നീങ്ങുമ്പോൾ, രാഹുൽ ഗാന്ധിയുടെ ഈ വാചകങ്ങൾ മറക്കാതിരിക്കണം. 'പിന്നോക്ക വിഭാഗങ്ങളെ അവഗണിച്ചതാണ് കോൺഗ്രസിനെ കേന്ദ്രഭരണത്തിൽ നിന്നും തുടച്ചുമാറ്റിയതെന്ന' തുറന്നുപറച്ചിൽ.*

*അധികാരത്തിലേക്ക് കൈപിടിച്ചുയർത്തിയ ജനങ്ങളോടുള്ള പ്രതിബദ്ധതയും ആത്മാർത്ഥതയും യുഡിഎഫ് സർക്കാർ ഏത് സാഹചര്യത്തിലും മറക്കരുതെന്നും കേരളം ആഗ്രഹിക്കുന്നുണ്ട്. ആയതിനാൽ പിന്നോക്ക സമുദായങ്ങളുടെ പ്രത്യേകമായി, ലത്തീൻ സമുദായത്തിന് നാലു എം.എൽ.എ.മാരുണ്ടായിട്ടും മന്ത്രിസഭയിൽ അർഹമായ പരിഗണന കിട്ടിയില്ല എന്നത് ഖേദകരം തന്നെ. എങ്കിലും, വിവിധ കോർപ്പറേഷൻ-ബോർഡുകളിലും മറ്റിടങ്ങളിലും മതിയായ ഭരണ പങ്കാളിത്തം ഉണ്ടാക്കാനുള്ള ശ്രദ്ധയുണ്ടാവണം. ജെ.ബി. കോശി കമ്മീഷൻ ശുപാർശകൾ മുതൽ വിദ്യാഭ്യാസ- ഉദ്യോഗ സംവരണത്തിന്റെ തുല്യത, തീരദേശ ഹൈവേയിലെ ആശങ്കകൾ, മത്സ്യത്തൊഴിലാളി സംരക്ഷണം, അസംഘടിത തൊഴിലാളി ക്ഷേമനിധി.... ഉൾപ്പെടെ നടപ്പാക്കുന്നതിൽ കൂടുതൽ സംരക്ഷണവും പരിഗണനയും വേണം. ലത്തീൻ സമുദായത്തിന് അർഹതപ്പെട്ടത് യുഡിഎഫ് ഭരണം തരുമെന്ന് തന്നെയാണ് പ്രതീക്ഷയും പ്രത്യാശയും.*

*'നിതാന്ത ജാഗ്രതയാണ് ജനാധിപത്യത്തിന്റെ മറുവില' എന്നതുകൊണ്ട് ആ ജാഗ്രത ലത്തീൻ സമുദായത്തിന് ഉണ്ടായിരിക്കുകയും ചെയ്യും.*

*എന്നാൽ, കാലം കണക്കു പറയുമ്പോൾ മുൻ സർക്കാരിൽ നിന്നെന്ന പോലെ അവഗണനയുടെ തീക്കാറ്റുകളാണ് വീശിയതെങ്കിൽ, കേവലം ഒരു വേനൽ മഴയിൽ അത് എന്നെന്നേക്കുമായി അണഞ്ഞു പോകും എന്ന് കരുതുകയും അരുത്. ടീം യുഡിഎഫിന് അഭിനന്ദനങ്ങൾ.... വി.ഡി സതീശൻ സർക്കാരിന് വിജയാശംസകൾ.*

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും
വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം
ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004



## വല്ലാർപാടം പള്ളിയിലെ അനുദിന തിരുക്കർമ്മങ്ങൾ

### ഞായറാഴ്ച

ദിവ്യബലി: 6.00 a.m., 7.00 a.m., 8.00 a.m., 9.30 a.m., 11.30 a.m., 4.00 p.m. (തമിഴ് ) 5.30 p.m

### ഇടദിവസങ്ങൾ

ദിവ്യബലി: 6.00 a.m, 6.30 a.m., 5.30 p.m

### ശനിയാഴ്ച

6.00 a.m, 6.30 a.m., 10.30 a.m. :
ദിവ്യബലി, നൊവേന, ആരാധന,
4.00 pm. : നൊവേന
4.30 pm. : ദിവ്യബലി, നൊവേന
6.00 p.m. : ദിവ്യബലി, നൊവേന (ഇംഗ്ലീഷ്)

### മാസാദ്യ ഞായറാഴ്ച

5.30 pm. : ദിവ്യബലി, ജപമാല,
ആഘോഷമായ തിരി പ്രദക്ഷിണം

### രണ്ടാം ശനിയാഴ്ച

7.00 p.m, : അഖണ്ഡ ജപമാല,
നിത്യാരാധന ചാപ്പലിൽ


**NATIONAL SHRINE BASILICA OF OUR LADY OF RANSOM**
**VALLARPADAM**

Cochin - 682504, Kerala, India | Ph. 0484 2363952, 9497091070
Website: www.vallarpadambasilica.com Email: vallarpadambasilicaoffice@gmail.com





## കലൂർ സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ

# വിശുദ്ധ അന്തോണീസിന്റെ തിരുനാൾ

**അനുഗ്രഹ നവനാൾ നൊവേന**

**2026 ജൂൺ 04 മുതൽ 12 വരെ**

**തിരുനാൾ ദിനം** | **2026 ജൂൺ 13, ശനി**

| | |
|---|---|
| രാവിലെ 06:15 | : തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | : റൈറ്റ് റവ. ഡോ. പീറ്റർ പറപ്പിള്ളി |
| വചനപ്രഘോഷണം | : റവ. ഫാ. വിബിൻ ചൂതംപറമ്പിൽ |
| രാവിലെ 10:45 | : തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | : മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ |
| വൈകിട്ട് 04:30 | : തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | : മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ |
| വൈകിട്ട് 7:00 | : തിരുനാൾ ദിവ്യബലി, നൊവേന (ഇംഗ്ലീഷ്) |
| മുഖ്യകാർമ്മികൻ | : റവ. ഫാ. ബ്രിഗേൽ വിക്ടർ OCD |

FOR DONATIONS

തത്സമയം തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ

Youtube Channel: Kaloor St Antony
Facebook: Kaloor St Antony's Shrine
website: st-antonykaloor.org

**Kaloor St. Antony's Shrine**
Phone:0484-2530592, 9400111287
email: kaloorstantony@gmail.com